MALAYALAM
HISTORY OF INDIA
PART I *for* FORM II

BY
T. NARAYANA MENON, B. A., L. T.,
Assistant Master, High School, Trichur.

മലയാള
ഭാരതചരിത്രം.
ഒന്നാം ഭാഗം.

ഗ്രന്ഥകർത്താ:
ടി. നാരായണമേനോൻ, ബി.എ, എൽ.ടി.

(Advance Copies.)

TRICHUR
V. SUNDRA IYER & SONS.
1938 - 1114.

Price As 8.] Copy-right to Publishers [വില 8 ണ

So 5041

No. 36
2.814

MALAYALAM
HISTORY OF INDIA

PART I *for* FORM II

BY

T. NARAYANA MENON, B. A., L. T.,

Assistant Master, High School, Trichur.

മലയാള

ഇന്ത്യാചരിത്രം.

ഒന്നാം ഭാഗം.

ഗ്രന്ഥകർത്താ:

ടി. നാരായണമേനോൻ, ബി.എ, എൽ.ടി.

1167

(Advance Copies.)

TRICHUR

V. SUNDRA IYER & SONS.

1938 – 1114.

Price As 8.] Copy-right to Publishers [വില 8 ണ.

3113

284

വിഷയവിവരം.

അദ്ധ്യായം.	വിവരം.			ഭാഗം.
1.	ബാബർ	—	—	1
2.	ഹുമയൂൺ-ഷേർഷായും	—	—	6
3.	മഹാനായ അക്ബർ	—	—	12
4.	ഷാജഹാൻ	—	—	21
5.	ഔരംഗസിബ്	—	—	27
6.	ഗുരുനാനക്കും ശിഖന്മാരും	—	—	33
7.	ശ്രീ ചൈതന്യസ്വാമികൾ	—	—	39
8.	രാമദാസനും തുക്കാറാമും	—	—	42
9.	ശിവാജി	—	—	45
10.	പേശ്വമാർ	—	—	54
11.	ഡ്യൂപ്ലേയും ക്ലൈവും	—	—	59
12.	വാറൻ ഹേസ്റ്റിങ്ങ്സ്	—	—	68
13.	ഹൈദരാലിയും ടിപ്പു സുൽത്താനും		—	74
14.	നാനാഫർനാവിസ്	—	—	82
15.	ബലഭദ്ര സിംഹൻ — നേപാളത്തെ സേനാനി			86
16.	രാജാരാമമോഹൻ റായിയും ബ്രഹ്മസമാജവും			91
17.	ഹേമരാജൻ അഥവാ ഖമ്മ പിടിച്ചടക്കൽ		—	94
18.	മരണത്തിന്റെ നൃത്തരംഗമായിരുന്ന സാന്ഡ്രഭാഗം			95
19.	രണജിത്സിംഹൻ	—	—	100
20.	ജാൻസിയിലെ റാണി	—	—	101
21.	ഹൂണരും ഭാരതമഹാസഭയും	—	—	103
22.	ഭാരതവർഷത്തിലെ പ്രബുദ്ധത i. (ആര്യ്യസമാജം)			107
	ii. രാമകൃഷ്ണമിഷ്യൻ	—	—	110
	iii. ബ്രഹ്മവിദ്യാസംഘം	—	—	114
23.	കേർസൺ പ്രഭു	—	—	115
24.	ജോർജ് പഞ്ചമനും ദൽഹി ദർബാറും		—	117
25.	ഇന്ത്യയും ലോകമഹായുദ്ധവും		—	119
26.	ഭാരതീയ മഹാന്മാർ	—	—	120

ലോവർ സെക്കണ്ടറി

ഇന്ത്യാചരിത്രം.

(ഏഴാം ഭാഗം—രണ്ടാം ഫാഠത്തിനു്.)

൧. ബാബർ.

മുഹമ്മദ് തോക്കലക്കിനു ശേഷം കുറേക്കാലത്തേക്കു ഇന്ത്യയിൽ ഒരു രാഷ്ട്രീയകേന്ദ്രം ഉണ്ടായിരുന്നില്ല എന്നു പറയാം. പതിനഞ്ചാം നൂറാണ്ടിൽ തോക്കലക്ക് വംശം ശിഥിലമായി. ക്രിസ്താബ്ദം പതിനാറാം ശതകത്തിന്റെ ആദിഘട്ടത്തിൽ ഇന്ത്യാരാജ്യത്തു് സ്വതന്ത്രന്മാരായ പല രാജാക്കന്മാരുമുണ്ടായിരുന്നു. ലോഡിവംശരാജാവായ സിക്കന്തർ ദൽഹിയും പരിസരങ്ങളും ഭരിച്ചിരുന്നു. അദ്ദേഹത്തെ പിൻതുടർന്നു ഇബ്രാഹിം ലോഡി 1517-ൽ രാജ്യഭാരം തുടങ്ങി. അതോടുകൂടി രാജ്യത്തു് കലാപങ്ങൾ വർദ്ധിച്ചു. അപ്പോൾ പഞ്ചാബ് ഗവർണരായിരുന്ന ദൌലത്ത് ഖാൻ ലോഡി ഇന്ത്യയെ



ബാബർ.

ആക്രമിക്കുവാനായി, അന്നു കാബൂൾ കരസ്ഥമാക്കി വാണിരുന്ന ബാബറെ ക്ഷണിച്ചു. ഈ ക്ഷണനം സ്വീകരിച്ചുവന്ന ബാബരുടെ ചരിത്രമാണു നമുക്കിപ്പോൾ പഠിക്കേണ്ടതു്.

മുഗൾവംശത്തിൽപ്പെട്ട ഈ ദ്വേഹത്തിന്റെ പിതാവു് തിമൂറിന്റെ വംശത്തിലെ ഒരാളായിരുന്നു; അദ്ദേഹത്തിന്റെ അമ്മയാകട്ടെ ചരിത്രപ്രസിദ്ധനായ ചികിസ്ഖാന്റെ വംശത്തിൽ ജനിച്ചവരുമായിരുന്നു. എ. ഡി. 1483 ഫെബ്രുവരി മാസം 14-ാംനു വെള്ളിയാഴ്ച ബാബർ ജാതനായി. റഷ്യയിലെ തുക്കിസ്ഥാനത്തിൽപെട്ട ഫർഘാന എന്ന ഒരു ചെറുരാജ്യത്തിന്റെ അധിപനായിരുന്നു ബാബരുടെ പിതാവു്. പുത്രനു പന്ത്രണ്ടു വയസ്സു തികഞ്ഞതോടുകൂടി പിതാവു് മരിച്ചുപോയി.

പന്ത്രണ്ടാം വയസ്സിൽ രാജാവായി എങ്കിലും ബാബർക്കു ബാല്യത്തിൽ തന്നെ അനേകം ശത്രുക്കളോടെതിരിടേണ്ടിവന്നു. രാജ്യത്തിൽ കുറെ ഭാഗങ്ങൾ ശത്രുക്കൾ പിടിച്ചെടുത്തു എങ്കിലും അവരുടെ ആക്രമണം നിമിത്തം ബാബർക്കു് അയോധനത്തിൽ നല്ല പരിചയം സിദ്ധിച്ചു. സമരഖണ്ഡത്തിലെ രാജാവാകണമെന്നായിരുന്നു ബാബരുടെ വലിയ മോഹം. ഇതു് ആദ്യം പേരിന്നുമാത്രം സാധിച്ചുവെങ്കിലും അതിവേഗത്തിൽ ആ സ്ഥാനം നഷ്ടമായിപ്പോയി. അതു് വീണ്ടെടുക്കുവാൻ അസാദ്ധ്യമെന്നു കണ്ടു ബാബർ കാബൂളിന്റെ നേരെ തിരിച്ചു. കാബൂൾ കരസ്ഥമാക്കിയ ശേഷം കാണ്ടഹാർ, ഹീരാത്ത് എന്നീ പ്രദേശങ്ങളും പിടിച്ചടക്കി തന്റെ സ്ഥിതിക്കു കുറെക്കൂടി ബലം കൂട്ടി. ഇന്ത്യയിലേയ്ക്കു

തിരിക്കേണമെന്നാഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തി
ലാണു പഞ്ചാബു് ഗവർണരായ ദൌലത്ത്ഖാന്റെ ക്ഷ
ണനം ബാബറിക്കു കിട്ടിയതു്. തന്റെ അഭ്യർത്ഥനയിന്മേ
ലുള്ള നടപടിക്കു് ഇതുതന്നെ തരമെന്നുവെച്ചു് ബാബർ സന്തോഷ
ത്തോടുകൂടി ഈ ക്ഷണനം സ്വീകരിച്ചു.

അധികം താമസിയാതെതന്നെ ബാബർ സിന്ധു
നദി കടന്നു ലാഹോറിലേക്കു തിരിച്ചു. പക്ഷെ തന്നെ
ഇന്ത്യയിലേക്കു് ക്ഷണിച്ചിട്ടുണ്ടായിരുന്ന ദൌലത്ത്ഖാ
ന്റെ "മട്ടുമാറി"യതായിക്കാണുകയാൽ ബാബർ ഉടനെ
കാബൂളിലേക്കു മടങ്ങി. 1524-ൽ ആയിരുന്നു ഈ സം
ഭവം നടന്നതു്.

കാബൂളിൽ ചെന്നതിയ ഉടനെതന്നെ ബാബർ
ഇന്ത്യയെ ആക്രമിക്കുന്നതിനുള്ള ഒരുക്കങ്ങൾ തുടങ്ങി.
1525-ൽ അഫ്ഗാനിസ്ഥാനത്തിൽനിന്നും പഞ്ചാബു
ആക്രമിക്കുന്നതിന്നായി പുറപ്പെട്ടു. വലിയ പ്രയാസം
കൂടാതെ അദ്ദേഹം ദൌലത്ത്ഖാനേയും കൂട്ടുകാരേയും
തോല്പിച്ചു.

ദൽഹിക്കു് പുറപ്പെടാതാണു പിന്നെ ബാബർ
നിശ്ചയിച്ചിരുന്നതു്. ദൽഹി സുൽത്താനായ ഇബ്രാ
ഹിം ലോധിയുടെ ചില സേവകന്മാർ ബാബരെ കണ്ടു
കൊണ്ടുപോകുവാൻ വളരെ ഉത്സാഹിപ്പിച്ചു. അതുപോലെതന്നെ
ചിറ്റൂർ അധിപനായ റാണാസംഗയും അദ്ദേഹത്തിനു
പ്രോത്സാഹനം നൽകി. താമസിയാതെ ബാബർ ദൽ
ഹിക്കു പുറപ്പെട്ടു. അവിടെ അദ്ദേഹം എത്തുന്നതിനു
മുമ്പായിത്തന്നെ വിവരം മനസ്സിലാക്കിയിരുന്ന സുൽ
ത്താൻ യുദ്ധത്തിന്നൊരുങ്ങി ബാബരുടെ നേരെ പുറ

പ്പെട്ടു. ഇരുസൈന്യങ്ങളും പ്രസിദ്ധമായ പാനിപ്പറ്റ് പോർക്കളത്തിൽ വെച്ച് യുദ്ധംചെയ്തു. സംഖ്യയിൽ കുറവായിരുന്നുവെങ്കിലും ബാബരുടെ സൈന്യം അച്ചടക്കത്തിലും യുദ്ധസാമർത്ഥ്യത്തിലും മെച്ചം കൊണ്ടുപോയിരുന്നതിനാൽ ഇബ്രാഹിമിന്റെ സൈന്യം വമ്പിച്ചതായിരുന്നെങ്കിലും അന്ത്യേ തോറ്റുപോയി. ഇബ്രാഹിം രണാങ്കണത്തിൽവെച്ചുതന്നെ മൃതനായി. ഡൽഹിയും ആഗ്രയും ബാബരുടെ കൈവശം വരികയുംചെയ്തു. 1526-ൽ ആകുന്നു ഈ പ്രധാനസംഭവം നടന്നതു്. ഈ വിജയത്തോടുകൂടി മുഗൾരാജ്യവംശം ഇന്ത്യയിൽ സ്ഥാപിതമായാനിടയായി.

രണ്ടു ശത്രുക്കളെക്കൂടി അമർത്തേണ്ടതുണ്ടായിരുന്നു ബാബർക്കു്. പൂർവ്വദിക്കിലെ അഫ്ഗൻ രാജാക്കന്മാരും റാണാസംഗയുടെ നേതൃത്വത്തിലുണ്ടായിരുന്ന രാജപുത്രന്മാരുമായിരുന്നു ഇവർ. കാലതാമസം കൂടാതെ ബാബർ റാണയെ ഒതുക്കുവാൻ പുറപ്പെട്ടു. ലോഡി വംശത്തിലെ ചില പ്രഭുക്കന്മാരുടെയും മറ്റും സഹായത്തോടുകൂടി റാണ ബാബരെ എതിർത്തു. ആഗ്രയുടെ പരിസരങ്ങളിൽ കിടക്കുന്ന കണ്ണുവ (കൺവാഹ്) എന്ന സ്ഥലത്തുവെച്ചാണു യുദ്ധം നടന്നതു്. ഇതു 1527-ൽ ആയിരുന്നു. യുദ്ധാരംഭത്തിൽ ബാബർ പരാജിതനാകുമോ എന്നു തോന്നുമാറു ചില ചില്ലറ വിജയങ്ങൾ റാണനേടി; പക്ഷെ ബാബർക്കു് അല്പം സമയം കിട്ടുക നിമിത്തം അദ്ദേഹം കൂടുതൽ ജാഗ്രതയോടും അച്ചടക്കത്തോടുംകൂടി യുദ്ധം ചെയ്തു റാണയെ തോല്പിച്ചു. ഒരു കൊല്ലത്തിനു മുമ്പായി റാണ മരിക്കുകയും ചെയ്തു. ഹിന്തു

സ്ഥാനത്തിൽ രാജപുത്രന്മാരുടെ പ്രതാപം പുനഃസ്ഥാപിക്കുവാനുണ്ടായിരുന്ന അവസരങ്ങളെല്ലാം റാണയുടെ ഈ പരാജയത്തോടുകൂടി അവസാനിച്ചു.

ഡീഹാറിലെ അഫ്ഗാൻ രാജാക്കന്മാരുടെ നേരെയാണെ പിന്നീട ബാബർ തിരിഞ്ഞതു്. 1529-ൽ ഗോഗ്രയും ഗംഗയും കൂടിച്ചേരുന്ന സ്ഥലത്തു് ഇരുകക്ഷികളും യുദ്ധസന്നദ്ധരായി എത്തിച്ചേർന്നു. ഇവിടെ നടന്ന യുദ്ധത്തിൽ ഈ രാജാക്കന്മാർ തീരെ തോറ്റുപോയി. ഇതിനുശേഷം ഹിന്ദുക്കുഷ് മുതൽ ബങ്കാൾവരെ നീണ്ടുകിടക്കുന്ന രാജ്യങ്ങൾ മുഴുവൻ ബാബരുടെ അധീനത്തിലായി. പക്ഷെ തന്റെ മനോരഥം മുഴുവനും സാധിക്കുവാൻ ബാബർക്കു കഴിഞ്ഞില്ല. അദ്ദേഹം ഇന്ത്യയിൽതന്നെ സ്ഥിരവാസമാക്കുവാൻ നിശ്ചയിച്ചു. കോവിലകങ്ങളും കോട്ടകളും തോട്ടങ്ങളും പണിയുവാനുള്ള പ്ലാനിട്ടുവെങ്കിലും അദ്ദേഹം 1530-ൽ കാലഗതി പ്രാപിച്ചു. "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ."

ബാബരുടെ സ്വഭാവം വളരെ പ്രത്യേകതയോടുകൂടിയതായിരുന്നു. എത്രതന്നെ പരാജയങ്ങൾ നേരിട്ടാലും ബുദ്ധിക്ഷയം അദ്ദേഹത്തെ സ്പർശിക്കപോലും ചെയ്യില്ല. ഉത്സാഹവും ഉന്മേഷവും അദ്ദേഹത്തെ കൈക്കൊണ്ടുവിട്ടുപിരിഞ്ഞില്ല. ധീരോദാത്തനായ അദ്ദേഹം സമർത്ഥനായ ഒരു സേനാനായകനും നയജ്ഞനായ ഒരു ഭരണകർത്താവുമായിരുന്നു. സാഹിത്യത്തിലും മറ്റു കലാവിദ്യകളിലും അദ്ദേഹം അഭിരുചിയും വാസനയും പ്രദർശിപ്പിച്ചു. ഗദ്യവും പദ്യവും അദ്ദേഹം ലളിതഭാഷയിൽ എഴുതീട്ടുണ്ടു്.

൨. ഹുമയൂണും ഖ്വർഷായും.

ബാബരുടെ പുത്രനായ ഹുമയൂൺ പിതാവിനെ തുടർന്നു സിംഹാസനാരോഹണം ചെയ്തു. പക്ഷേ അവിടെ അദ്ദേഹത്തിന്റെ സ്ഥാനത്തെ ഉറപ്പിക്കുന്നതിനു് ആദ്യംമുതൽതന്നെ വളരെ പ്രതിബന്ധങ്ങളുണ്ടായിരുന്നു. തന്റെ പിതാവു് പിടിച്ചടക്കിയിരുന്ന രാജ്യങ്ങളൊന്നും മുഗളാധിപത്യം ശരിയായി സ്വീകരിച്ചിരുന്നില്ല. ഭരണക്രമം വേണ്ടംവിധം ക്രമീകരിക്കപ്പെട്ടിരുന്നതുമില്ല. ഇതിനുംപുറമേ ഹുമയൂണിന്റെ സഹോദരന്മാർ അസൂയാലുക്കളും സ്വതന്ത്രമായ രാജ്യങ്ങൾ സ്ഥാപിച്ചു ഭരിക്കുവാൻ ശ്രമിച്ചിരുന്നവരുമായിരുന്നു. ചില പ്രവിശ്യകളുടെ അധിപന്മാരായി ഹുമയൂൺ അവരെ നിയമിച്ചു. കാബൂളും കാന്ദഹാറും ആകുന്ന കാംറാൻ എന്നു പേരായ സഹോദരനു ലഭിച്ചതു്. ഇതിനുംപുറമെ കാംറാൻ പഞ്ചാബു പിടിച്ചടക്കി സ്വതന്ത്രഭരണം സ്ഥാപിച്ചു. മറ്റു ബന്ധുക്കളും ഹുമയൂണിന്റെ നേരെ ശത്രുക്കളായിത്തന്നെ വർത്തിച്ചു.

സാമ്രാജ്യത്തിൽതന്നെ ചേൽപറഞ്ഞ ശത്രുക്കളെ ജയിക്കേണ്ടതുണ്ടായിരുന്നതുപോലെതന്നെ അതിനു പുറത്തും പല ശത്രുക്കളും ചക്രവർത്തിയായ ഹുമയൂണിനുണ്ടായിരുന്നു. ഒന്നാമതായി ഗുജറാത്തും മാൾവയും അടക്കി ഭരിച്ചിരുന്ന ബഹദൂർഷാ സിംഹാസനത്തിന്മേൽ കണ്ണുവെച്ചിരുന്നു. ഹുമയൂണിന്റെ ശത്രുക്കളായവരെ ബഹദൂർഷാ തന്റെ ബന്ധുക്കളായി സ്വീകരിച്ചു. രാജപുത്രസ്ഥാനം പിടിച്ചടക്കുവാനും ചിറ്റൂർ കോട്ട

തകക്കുവാനും അദ്ദേഹം പ്രയത്നം തുടങ്ങിയിരുന്നു. ചിറ്റൂർ രണ്ടാമതും മുഹമ്മദീയരാൽ പിടിക്കപ്പെട്ടു. എങ്കിലും ഹുമയൂൺ ബഹദൂർഷായെ മാൾവയിൽനിന്നും കൊടിച്ചു തന്റെ സഹോദരനായ അസ്കരിയെ അവിടെ നിയമിച്ചു. ഹുമയൂൺ സ്ഥലം വിട്ട ഉടനെതന്നെ ബഹദൂർഷാ ഗുജറാത്തും മാൾവയും വീണ്ടെടുത്തു. പക്ഷേ വേഗത്തിൽ ബഹദൂർഷാ മരിച്ചുപോയി. തന്റെ ഒരു ഉദ്യോഗസ്ഥൻ രാജാവായി.

ലോഡിവംശക്കാരും മറ്റു അഫ്ഗൻ രാജാക്കന്മാരും മുഗളാധിപത്യം അംഗീകരിച്ചില്ല. കിഴക്കു ബീഹാറിൽനിന്നും അയോദ്ധ്യയിൽനിന്നും മുഗളരെ കൊടിച്ച് അവിടെ സ്വാതന്ത്ര്യം സ്ഥാപിക്കുവാൻ അവർ ലാക്കു നോക്കിയിരുന്നു. ഷേർഖാൻ സൂർ എന്നു പേരായി അതിസമർത്ഥനായ ഒരു അഫ്ഗൻ നേതാവുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ശക്തി ക്രമേണ വർദ്ധിച്ചുവന്നിരുന്നു. തന്റെ പിതൃസ്വത്തായ ജാഗീർ ഭരിച്ചു ഭരണപാടവം അദ്ദേഹം ആദ്യംതന്നെ നേടി. പിന്നീട ബീഹാർ രാജാവിന്റെ മന്ത്രിയായി; കടുവിൽ അവിടത്തെ രാജാവായി. ഒരു വിധവയെ വിവാഹം ചെയ്തതിൽ പ്രസിദ്ധമായ ചുനാർ കോട്ട തന്നിക്കു ലഭ്യമായി. ഷെർഖാൻ ഒരു വമ്പിച്ച സൈന്യം ശേഖരിച്ചു ബംഗാളും മറ്റും പിടിച്ചടക്കുവാൻ ഒരുങ്ങി. ഈ ഘട്ടത്തിലാണ ഹുമയൂൺ അദ്ദേഹത്തിന്റെ നേരെ തിരിഞ്ഞതു്.

ആദ്യമായി ചുനാർ കോട്ട പിടിക്കുവാൻ ഹുമയൂൺ ഭ്രമിച്ചു. പക്ഷേ അവിടെയുണ്ടായിരുന്ന സകല സ്വത്തും ഷെർഖാൻ ഉടനെ മാറ്റിക്കളഞ്ഞു. ബംഗാള

ത്തിൽ എത്തിയ ഹുമയൂൺ കുറെക്കഴിഞ്ഞു് മടങ്ങി. മടങ്ങുംവഴിക്കു് ബക്സാറിനടുത്തുള്ള ചൌസാ എന്ന സ്ഥലത്തുവെച്ചു് അദ്ദേഹത്തെ ഷെർഖാൻ 1539-ൽ തോല്പിച്ചു. കുറെവിധത്തിൽ ആഗ്രയിൽ എത്തി വേറെ കുറെ സൈന്യം ശേഖരിച്ച ഹുമയൂൺ വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു. 1540-ൽ ഗംഗാതീരത്തുവെച്ചുണ്ടായ ഈ യുദ്ധത്തിൽ ഷെർഖാൻ വളരെ എളുപ്പത്തിൽ ജയിച്ചു. പരാജിതരായ ഹുമയൂണും കൂട്ടുകാരും പരിഭ്രമിച്ചോടിപ്പോയി. സിന്ധിലെ രാജപുത്രരാജാക്കന്മാരുടേയും മുഹമ്മദീയ പ്രഭുക്കന്മാരുടേയും അടുക്കൽ അഭയം അർത്ഥിച്ചുകൊണ്ടും ചിലപ്പോൾ അല്പം ലഭിച്ചും ലഭിക്കാതേയും ഹുമയൂൺ വല്ലാതെ വലഞ്ഞും അലഞ്ഞും നടന്നു. ഈ ഗ്രഹപ്പിഴകാലത്താണു് പിന്നീടു വിശ്വവിശ്രുതനായ അക്ബർ ചക്രവർത്തി ഹുമയൂണിന്റെ പുത്രനായി അമരകോട്ടയിൽവെച്ചു് 1542-ൽ ജനിച്ചതു്. പുത്രന്റെ ജനനം കഴിഞ്ഞ സമയത്തു് കുറെ ചെറ്റ കസ്തൂരി മാത്രമേ ഹുമയൂണിന്റെ പക്കൽ ഉണ്ടായിരുന്നുള്ളു. അതു് ഒരു മുറിയിൽവെച്ചു് തുറന്നു തന്റെ കൂടെയുണ്ടായിരുന്നവക്കു് വീതിച്ചു കൊടുത്തു. "ഈ കസ്തൂരിയുടെ വാസന ഈ മുറി മുഴുവനും വ്യാപിച്ചിരിക്കുന്നതുപോലെ എന്റെ പുത്രന്റെ കീർത്തി ലോകമൊട്ടുക്കു വ്യാപിക്കുന്നതാണു്" എന്നു പറഞ്ഞുംകൊണ്ടാണു് ഹുമയൂൺ കസ്തൂരി കൊടുത്തതു്. കാണ്ഡഹാരത്തിൽ ഗവർണരായിരുന്ന തന്റെ സഹോദരന്റെ അടുക്കൽ ചക്രവർത്തി എത്തിയെങ്കിലും അവിടെ സ്വീകരണം ലഭിച്ചില്ല. അതിനാൽ അദ്ദേഹം പേർഷ്യാരാജാവിന്റെ അടുക്കൽ അഭ

യംപ്രാപിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി കണ്ടഹാറും കാബൂളും പിടിച്ചെടുക്കുവാൻ ഹുമയൂണിനു സാധിച്ചു.

ഷെർഖാൻ.

"ഫരീദുദ്ദീൻ അബ്ദുൽ മുസഫർ ഷെർഷാ" എന്ന സ്ഥാനപ്പേരോടുകൂടി ഷെർഖാൻ സിംഹാസനാരോഹണം ചെയ്തു. പഞ്ചാബു കംറാനുമായുണ്ടായ സഖ്യത്തിൽ കിട്ടിയിരുന്നു. 1542-ൽ മാൾവയിൽ ലഹളയുണ്ടാവാൻ ഭാവിച്ചതു ഉടനെ നിറുത്തി. രാജപുത്രന്മാർ ഹുമയൂണിനെ സഹായിക്കുവാൻ ഒരുക്കമുണ്ടെന്നു കേട്ട ഷെർഷാ അവരുടെ നേരെ തിരിഞ്ഞു. റേയിസിൽ കോട്ട വേഗത്തിൽ കീഴടങ്ങി, പക്ഷെ അനേകം രാജപുത്തർ ഹതരായി. 1544-ൽ വലിയ പ്രയാസം കൂടാതെ ചിറ്റൂർ കോട്ട പിടിച്ചടക്കി. 1545-ൽ കലഞ്ചാർ കോട്ട നിരോധിക്കുന്ന അവസരത്തിൽ വെടിമരുന്നിനു തീപ്പിടിക്കുകയും ഷെർഷാ മൃതനാവുകയും ചെയ്തു.

ഷെർഷാ കുറച്ചുകാലമേ രാജ്യം ഭരിച്ചുള്ളു എങ്കിലും അദ്ദേഹം ഈ മുഴുങ്ങിയ കാലത്തിൽ വളരെ വിലപിടിച്ച പരിഷ്കാരങ്ങൾ പല വകുപ്പുകളിലും വരുത്തി. ഭരണസംബന്ധമായ എല്ലാ കാര്യങ്ങളിലും രാജാവു നേരിട്ടതന്നെ ശ്രദ്ധ പതിച്ചിരുന്നു.

രാജ്യരക്ഷക്കായുള്ള സൈനികവകുപ്പ് പല ഭാഗങ്ങളായി തിരിച്ചു കാരോന്നു കാരോ നായകന്മാരുടെ അധീനത്തിൽ ഏല്പിച്ചിരുന്നു. ചക്രവർത്തിയുടെ നേതൃത്വ

ത്തിൽ എന്നും യുദ്ധസന്നദ്ധരായി ഒരു സ്ഥിരസൈന്യം ഉണ്ടായിരുന്നു. സൈന്യത്തിലെ ഉയർന്ന ഉദ്യോഗങ്ങൾ മതഭേദമെന്യേ ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും കൊടുത്തിരുന്നു.

നീതിന്യായപരിപാലനവും വളരെ ജാഗ്രതയോടെയാണു ഷെർഷാ നടത്തിയിരുന്നതു്. സിവിൽ, ക്രിമിനൽ എന്നീ വകുപ്പുകളിലെ നിയമാവലി പ്രത്യേകിച്ചു ക്രോഡീകരിക്കുകയുണ്ടായി. ഗ്രാമങ്ങളിലെ കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. സകല ശിക്ഷകളും ഷെർഷായുടെ മുമ്പാകെവെച്ചാണു് നൽകപ്പെട്ടിരുന്നതു്. 'മുഖം നോക്കാതെ' ന്യായപ്രകാരമുള്ള നടപടികൾ അദ്ദേഹം നടത്തിപ്പോന്നു.

നിലനികുതി സാധാരണ വിളവിൽ പാതിയിലൊരു ഭാഗമായിരുന്നു. ഒരു രാഷ്ട്രത്തിന്റെ ശക്തി അതിലെ കർഷകന്മാരിലാണു സ്ഥിതിചെയ്യുന്നതു് എന്ന തത്വം അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിരുന്നു. നിലം അളന്നു, സർവ്വെ ചെയ്തു ശേഷമാണു നികുതി നിശ്ചയിച്ചിരുന്നതു്. അദ്ദേഹം ധാന്യവകുപ്പിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ അങ്കുശം പിന്നീടു സ്ഥിരീകരിച്ചു. മുഗൾ ധാന്യ പത്തായങ്ങളിൽ ചിലതെല്ലാം ബ്രിട്ടീഷ് ഇന്ത്യയിൽ ഇന്നും നിലവിലുണ്ടു്. നികുതി പണമായോ വിളഞ്ഞപദാർത്ഥങ്ങളായോ സ്വീകരിച്ചിരുന്നു.

കൃഷിയിൽ എന്നപോലെ വാണിജ്യാഭിവൃദ്ധിയിലും രാജാവു് ഉത്സുകനായിരുന്നു. ഗതാഗതസൌകര്യം വർദ്ധിപ്പിച്ചും വെള്ളിനാണ്യങ്ങൾ അടിച്ചു വിതരണം

മെയ്യും റോഡുകളിൽ കച്ചവടക്കാരേയും യാത്രക്കാരേയും സംരക്ഷിക്കുന്നതിനു പ്രത്യേകം പോലീസുദ്യോഗസ്ഥന്മാരെ നിയമിച്ചുമാണ് അദ്ദേഹം കച്ചവടത്തെ പോഷിപ്പിച്ചത്.

യാത്രക്കാരുടെ സൌകര്യത്തിന്നായി ഇടക്കിടെ സത്രങ്ങളും പണിയിച്ചിരുന്നു. ഈ സത്രങ്ങളിൽ ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും അവരുടെ ജാതിക്രമമനുസരിച്ചു ഭക്ഷണത്തിനുള്ള ഏർപ്പാടുകളും ഉണ്ടായിരുന്നു. നടക്കാവൃക്ഷങ്ങളും യാത്രക്കാർക്കു സുഖമേകുന്നതിന്നായിക്കൊണ്ടു റോഡുകളുടെ ഇരുഭാഗത്തും വളർത്തിയിരുന്നു. ഇടക്കിടെ കിണറുകളും ഉണ്ടായിരുന്നു.

ഷെർഷായുടെ മരാമത്തിലുള്ള താല്പര്യത്തിന്നു് അദ്ദേഹം നിർമ്മിച്ച പാതകളും, പള്ളികളും, പാലങ്ങളും പള്ളിച്ചുടങ്ങളും മുതലായവ സാക്ഷ്യം വഹിക്കുന്നു.

കത്തെടവാടുകൾക്കായി അദ്ദേഹം തപാൽകുതിരകളും മാഗ്ഗമായി ഉരുപ്പടികളും കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിന്നും ഒരു പുതിയ രീതി സ്ഥാപിച്ചു. അന്നു് ഈ സമ്പ്രദായം പേർഷ്യാരാജ്യത്തിൽ നടപ്പുള്ളതായിരുന്നു.

സാഹിത്യത്തിലും ഷെർഷ അല്പം അഭിരുചി കാണിച്ചിരുന്നു. പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം വലിയ താല്പര്യം പ്രദർശിപ്പിച്ചു. പൊതുവിൽ പറയുന്നതായാൽ അന്ധകാരവും അക്രമങ്ങളും നിറഞ്ഞ ആ കാലഘട്ടത്തിൽ പ്രഭയുള്ള ഒരു ദീപമായിട്ടാണ് ന്യായസ്ഥനായ ഷെർഷായുടെ ഭരണകാലം പ്രശോഭിച്ചിരുന്നതു്.

ഷെർഷ മരിച്ചപ്പോൾ രാജ്യമെങ്ങും ലഹളയും കലഹങ്ങളും യുദ്ധവുമായി. ഏകദേശം പത്തു കൊല്ലത്തേയ്ക്കു രാജ്യത്തു സമാധാനമുണ്ടായിരുന്നില്ല. രാജാക്കന്മാർ അശക്തരായിരുന്നതിനാൽ അധികാരം മുഴുവനും ഹെമു എന്നു പേരായ ഒരു ഹിന്ദുവിന്റെ കൈവശമായി. ഇങ്ങിനെ നേരിട്ട കുഴപ്പങ്ങൾക്കിടയിലാണു ഹുമയൂൺ യുദ്ധസന്നദ്ധനായി ഇന്ത്യയിലെത്തിയതു്. അദ്ദേഹം ഇതിനും മുമ്പുതന്നെ തന്റെ സഹോദരനായ കാംറാനെ തോല്പിക്കുകയും അഫ്ഗാനിസ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഹുമയൂൺ സിന്ധുനദി കടന്നു തന്റെ ശത്രുക്കളെ തോല്പിച്ചു ദൽഹിയും ആഗ്രയും കൈവശമാക്കി. 1555-ലാണു് ഈ കാര്യങ്ങൾ അദ്ദേഹം നിവ്വഹിച്ചതു്. അധികം കാലം വിജയാഹ്ലാദം അനുഭവിക്കുവാൻ ഇടവരാതെ അദ്ദേഹം 1556 ജനുവരിമാസത്തിൽ കാലഗതി പ്രാപിച്ചു.


---

൧൨. മഹാനായ അക്ബർ.

1556—1605.

ഹുമയൂൺ അന്തരിച്ചശേഷം അദ്ദേഹത്തിന്റെ പുത്രനായ അക്ബർ സിംഹാസനാരോഹണം ചെയ്തു. അന്നു് അദ്ദേഹത്തിന്നു പതിമൂന്നു വയസ്സേ പ്രായമായിരുന്നുള്ളൂ. അക്ബറിനു ഭരണാധികാരം കൈവന്ന സമയത്തു സാമ്രാജ്യം വലിയ കഷ്ടസ്ഥിതിയിലായിരുന്നു. പഞ്ചാബിൽ സിക്കന്തർഷാ എന്നു പേരായ ആഫ്ഗൻ നേതാവു യുദ്ധസന്നദ്ധനായി നിലകൊണ്ടിരുന്നു. ഗുജറാ

ത്തിലെ രാജാവായ ബഹദൂർഷാ ദൽഹിയിൽ കണ്ണുവെച്ചുകൊണ്ടിരുന്നു. ഹെമു ആഗ്രയിലും ദൽഹിയിലും തന്റെ ശക്തി മിക്കവാറും സ്ഥാപിച്ചിരുന്നു. രാജപുത്രന്മാരാണെങ്കിൽ എന്തിനും സന്നദ്ധർ. ഇങ്ങിനെയുള്ള വലിയ വിഷമഘട്ടത്തിലാണ് അക്ബരുടെ ഭരണാരംഭം. അദ്ദേഹത്തിന്റെ ഗുരുവും രക്ഷിതാവും ഹുമയൂണിന്റെ ഒരു ആത്മമിത്രവുമായിരുന്ന ബൈറാംഖാൻ എന്നപേരായ വീരയോദ്ധാവായിരുന്നു അന്ന് അക്ബരുടെ ഏകാവലംബം.



മഹാനായ അക്ബർ.

ഹെമുവിന്റെ ശക്തി 1556-ൽ പാനിപ്പറ്റിൽ വെച്ചുണ്ടായ യുദ്ധത്തിൽ അക്ബർ നശിപ്പിച്ചു. ബന്ധുസ്ഥനായ ഹെമു അധികം താമസിയാതെ കൊല്ലപ്പെടുകയും ചെയ്തു. പടിഞ്ഞാറും കിഴക്കുമുണ്ടായിരുന്ന അഫ്ഘാൻ നേതാക്കന്മാരും പരാജിതരായി. അക്ബർ സിംഹാസനത്തിൽ ഇരിപ്പുറപ്പിക്കുകയുംചെയ്തു. ഇതിനെല്ലാം "മുമ്പും കൈയു"മായി നിന്നിരുന്നതു ബൈറാംഖാൻതന്നെയായിരുന്നു.

അക്ബർ കൃതഘ്നനായിരുന്നില്ല എങ്കിലും ഭരണകാര്യങ്ങളിൽ ബൈറാം കുറച്ചധികം കൈകടത്തുന്നുണ്ടെന്നു് അദ്ദേഹത്തിനു തോന്നിയിരുന്നു. സ്വാതന്ത്ര്യേച്ഛ

വായ യുവചക്രവർത്തി തനിക്കു പ്രായപൂർത്തി വന്നയുടനെ ബൈറാമിനെ അകറ്റുവാനാരംഭിച്ചു. നല്ലവാക്കു പറഞ്ഞു വൃദ്ധനായ അദ്ദേഹത്തെ ചക്രവർത്തി മക്കത്തേയ്ക്കു് ഒരു തീർത്ഥയാത്രക്കായി പുറപ്പെടുവിച്ചയച്ചു. ആദ്യം വഴി പ്പെട്ടുവെങ്കിലും പിന്നീടു ലഹളകൊണ്ടുണ്ടായ ബൈറാം വീണ്ടും അയക്കപ്പെട്ടു; പക്ഷേ യാത്രാമദ്ധ്യേ അദ്ദേഹത്തിന്റെ ഒരു ശത്രു അദ്ദേഹത്തെ കുത്തിക്കൊന്നു.

അടുത്ത ശത്രുവിനെ അകറ്റിയശേഷം അക്ബർ അകന്നവരെ അമർത്തുവാൻ തുനിഞ്ഞു. ആദ്യമായി 1561-ൽ മാൾവരാജ്യം പിടിച്ചടക്കി. പിന്നീടു് ഗോണ്ടുവാന റാണിയുടെ രാജ്യം കരസ്ഥമാക്കി. ചിറ്റൂർ കോട്ടയുടെ നേരെയാണു് അതിനുശേഷം തിരിച്ചതു്. അത്യദ്ധ്വാനം വേണ്ടിവന്നുവെങ്കിലും ഒടുവിൽ ഈ കോട്ടയും കരസ്ഥമായി. കലഞ്ചാർ, രതാംഭോർ എന്നീ പ്രസിദ്ധ കോട്ടകളും പിടിച്ചടക്കിയതോടുകൂടി രാജപുത്രസ്ഥാനം കൈവശമായി എന്നു പറയാം. ആദ്യം ശത്രുക്കളായിരുന്നുവെങ്കിലും ഒടുവിൽ രാജപുത്രന്മാർ അക്ബരുടെ ഉറ്റബന്ധുക്കളായിത്തീർന്നു.


ഗുജറാത്തു് പിടിച്ചടക്കുന്നതിനാണു പിന്നീടു് അക്ബർ തുനിഞ്ഞതു്. ഈ ശ്രമം ഏകദേശം കാൽ ശതാബ്ദത്തിനുശേഷമേ ഫലപ്രദമായുള്ളൂ. ഇതുപോലെ ബങ്കാളും കീഴടക്കുവാൻ പത്തുകൊല്ലം വേണ്ടിവന്നു. ഒടുവിൽ ബങ്കാളവും ചക്രവർത്തിക്കധീനമായി.

പടിഞ്ഞാറും കിഴക്കും സമാധാനമായപ്പോൾ തെക്കും ഉത്തരദേശമായ കാബൂളിൽ അതില്ലാതായി. ഉടനെ ചക്രവർത്തി കാബൂൾ കീഴടക്കി. അക്ബർ ചുരം നല്ല

കോട്ടകളാൽ സുരക്ഷിതമാക്കി. അധികം താമസിയാതെ പ്രകൃതിരമണീയതയുടെ വിലാസഭൂവായ കാശ്മീരവും ചക്രവർത്തി പിടിച്ചടക്കി. സിൻധും കാന്ദഹാരവുമാണ് ഇതിനുശേഷം സാമ്രാജ്യത്തോടു ചേർക്കപ്പെട്ടവ. മറ്റു മൂന്നു ദിക്കുകളും ജയിച്ചശേഷം ചക്രവർത്തിയുടെ ദൃഷ്ടി തെക്കോട്ടു തിരിഞ്ഞു. ദക്ഷിണഖണ്ഡം ഉത്തരേന്ത്യയിലെ ലഹളകളിൽ പെടാതെ അവിടെത്തന്നെയുണ്ടായിരുന്ന ആഭ്യന്തരകലഹങ്ങളിൽ നിമഗ്നമായിരുന്നു. ബാമിനീരാജ്യങ്ങളിലൊന്നായ അഹമ്മദ്നഗരം പിടിച്ചടക്കുവാനായി അക്ബർക്ക് അതിയായാഗ്രഹമുണ്ടായിരുന്നു. പല പ്രാവശ്യം ശ്രമിച്ചുവെങ്കിലും പരാജയം മാത്രമേ ഫലമായിരുന്നുള്ളൂ. ഈ പരാജയത്തിനു ചാന്ദ്ബീബി എന്ന ധീരവനിത കാരണഭൂതയായിരുന്നുവെന്നതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്. 1596-ൽ ബീറാർ രാജ്യം കൈവന്നപ്പോൾ ചക്രവർത്തി അഹമ്മദുനഗരത്തിന്റെ നേരെയുള്ള ആക്രമണം വീണ്ടും തുടർന്നു. ഒരു ഭയങ്കരയുദ്ധത്തിനുശേഷം അഹമ്മദുനഗരവും കരസ്ഥമായി. കൈവന്ന രാജ്യങ്ങളെല്ലാം സുസ്ഥിരമാക്കുന്നതിനും സാമ്രാജ്യശക്തി നല്ലവണ്ണം ഉറപ്പിക്കുന്നതിനുമാണ് പിന്നീടു് അക്ബർ ഒരുങ്ങിയതു്.

അദ്ദേഹത്തിന്റെ സാമ്രാജ്യം വടക്കു ഹിന്ദുകുഷ് മുതൽ തെക്കു് ബീറാർ വരേയും കിഴക്കു ബംഗാൾ മുതൽ പടിഞ്ഞാറു് ഗുജറാത്ത് വരേയും നീണ്ടുകിടന്നിരുന്നു. സാമ്രാജ്യം മുഴുവനും പതിനഞ്ചു സുബകളായി — ഇന്നത്തെ പ്രവിശ്യകൾപോലെ — വിഭജിക്കപ്പെട്ടിരുന്നു.

സുഖകരമായ സുഖദാരന്മാരുടെ കീഴിലായിരുന്നു. ഇന്ന



ത്തെ ഗവർണർമാരുടെ സ്ഥാനം ഏറ്റാണ്ടു് അന്നത്തെ

സുബദാർമാരുടേതിനു തുല്യമാണു്. രാജകുടുംബത്തിലെ അംഗങ്ങളോ വലിയ സ്ഥിതിയിലുള്ള മറ്റു പ്രഭുക്കന്മാരൊ മാത്രമേ സാധാരണയായി സുബദാർമാരായി നിയമിക്കപ്പെട്ടിരുന്നുള്ളു. ഇവരുടെ കീഴിൽ പല ഗ്രെയ്ഡുകളിലായി അനേകം കീഴുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.

നികുതി നിശ്ചയിക്കുന്നതിനായി നിലം മുഴുവനും സർവ്വെ ചെയ്തു മൂന്നുതരങ്ങളായി തിരിച്ചു. വിളവിൽ മൂന്നിൽ ഒരു ഭാഗമാണു നികുതി വസൂലാക്കിയിരുന്നതു്. നിലനികുതി തിട്ടപ്പെടുത്തുന്നതിൽ തോഡർമൽ എന്ന മഹാന്മാണു ചക്രവർത്തിയെ സഹായിച്ചിരുന്നതു്. ഷെർഷായേയും ഇദ്ദേഹമായിരുന്നു റവന്യു കാര്യങ്ങളിൽ ഉപദേശിച്ചിരുന്നതു്. അക്ബർ ഷെർഷായുടെ രീതി ഒന്നുകൂടി പരിഷ്കരിച്ചതേയുള്ളു. അക്ബർ മൂന്നിലൊരുഭാഗം നികുതി പിരിച്ചിരുന്നതു് ഇന്നത്തെ ബ്രിട്ടീഷിന്ത്യയിലെ തോതനുസരിച്ചു് കുറെ അധികമായിരുന്നു എന്നു് ഒരാക്ഷേപമുണ്ടു്. പക്ഷെ പിരിവു് മുഴുവനും നാട്ടുകാരുടെ ഉപയോഗത്തിനായി നാട്ടിൽതന്നെ വ്യയം ചെയ്തിരുന്നു എന്നതോർക്കുമ്പോൾ ഈ ആക്ഷേപം നിരർത്ഥകമായിത്തീരുന്നു.

കച്ചവടകാര്യങ്ങളിലും ചക്രവർത്തിക്കു കണ്ണുണ്ടായിരുന്നു. വ്യാപാരങ്ങൾക്കു തടസ്ഥമായിരുന്ന അനേകം നികുതികൾ അദ്ദേഹം ഇല്ലായ്മചെയ്തു. പുതിയതായ നാണ്യങ്ങൾ അടിച്ചു വിതരണം ചെയ്യും പഴയവയെ തിരിച്ചു വാങ്ങിയും ജനങ്ങളെ സഹായിച്ചു.

അക്ബരുടെ സൈനികവകുപ്പും ക്രമീകൃതമായി

രുന്നു. പ്രജകൾക്കെന്നാരെല്ലാം വേണ്ടിവന്നാൽ ഇതുയിത്ര നല്ല യോദ്ധാക്കളെ അയക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇതിന്നായി അവർക്ക് ചക്രവർത്തി നിലങ്ങൾ കരമൊഴിവായി ഏല്പിച്ചുകൊടുത്തിരുന്നു. കാലാൾ, കുതിര, ആന ഇങ്ങിനെ പ്രധാനമായി മൂന്നംഗങ്ങളായിരുന്നു ഈ വകുപ്പിൽ ഉണ്ടായിരുന്നതു്.

മതപരമായി അകൽബർ ചെയ്ത പ്രവൃത്തികൾ മാത്രം അദ്ദേഹത്തെ 'മഹാൻ' എന്ന സ്ഥാനത്തിന്നു് അർഹനാക്കുന്നുണ്ടു്. അദ്ദേഹം മതവിഷയത്തിൽ വലിയ സഹിഷ്ണുത പ്രദർശിപ്പിച്ചു. പ്രജകളുടെ ഇഷ്ടമനുസരിച്ചുള്ള വിധത്തിൽ ഈശ്വരഭജനം ചെയ്യുവാൻ അദ്ദേഹം അവരെ അനുവദിച്ചു. മുഹമ്മദീയരാജാക്കന്മാർ ഹിന്തുക്കളിൽനിന്നും പിരിച്ചിരുന്ന ജസിയ എന്ന നികുതി അദ്ദേഹം നിറുത്തൽ ചെയ്തു. രാജപുത്രസ്ത്രീകളെ അദ്ദേഹം വിവാഹംചെയ്തിരുന്നുവെങ്കിലും അവർക്ക് അവരുടെ മതാനുഷ്ഠാനങ്ങൾക്കു വേണ്ടതായ സകല സൌകര്യങ്ങളും ചെയ്തുകൊടുത്തിരുന്നു. കോവിലകത്തുതന്നെ അവരുടെ ആവശ്യത്തിന്നു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ നല്ല ഒരു മുസൽമാൻ മാത്രമായിരുന്ന ചക്രവർത്തി അബുൽ ഫസൽ എന്ന പ്രസിദ്ധപണ്ഡിതനുമായുണ്ടായ ചിരപരിചയത്താലും സഹവാസത്താലും എല്ലാ മതങ്ങളേയും ബഹുമാനിക്കത്തക്ക മനഃസ്ഥിതിയുള്ള മഹാനായിത്തീർന്നു. അദ്ദേഹത്തിന്റെ ഈ സഹിഷ്ണുത ജാതിമതഭേദമെന്യേ സകല പ്രജകളുടേയും ഭക്തിബഹുമാനങ്ങൾക്കു് അദ്ദേഹത്തെ പാത്രമാക്കി. അദ്ദേഹത്തിന്റെ സമകാലീനനായ ഇംഗ്ലാണ്ടിലെ എ

ലിസബത്ത് റാണിയുടെ കാലത്ത് അവിടെ നടന്നതായ മതമത്സരങ്ങളും ഹിംസകളും അക്ബരുടെ മാഹാത്മ്യത്തെ എത്രയോ അധികം വർദ്ധിപ്പിച്ചുകാണിക്കുന്നു.

സാമുദായികപരിഷ്കാരങ്ങളിലും അക്ബർക്കു വലിയ ഒരു നിലയാണുള്ളത്. 'സതി' അല്ലെങ്കിൽ ഉടന്തടി ചാടൽ എന്ന ഭയങ്കരകൃത്യം നിവർത്തൽചെയ്യുവാൻ അദ്ദേഹം ശ്രമിച്ചു. പൂർണ്ണസമ്മതമില്ലാത്ത യാതൊരു ഹിന്ദു വിധവയും തന്റെ ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കരുതെന്നു് അദ്ദേഹം പ്രത്യേകം ആജ്ഞാപിച്ചിരുന്നു. ശൈശവവിവാഹം നിരോധിച്ചിരുന്നതോടുകൂടി വിധവാവിവാഹം അനുവദിക്കുകയും ചെയ്തിരുന്നു. മനുഷ്യരുടെ നേരെയുള്ള ദയ അദ്ദേഹത്തിനു മൃഗങ്ങളിലുമുണ്ടായിരുന്നു. ജന്തുഹിംസയെ നിവർത്തൽ ചെയ്യുന്നതിനു് അദ്ദേഹം യത്നിച്ചു; പ്രത്യേകിച്ചു് പശുക്കളെ കൊല്ലാതിരിക്കുന്നതിനു കൾനടമായ കല്പനകൾ പുറപ്പെടുവിച്ചു. ഇന്നത്തെ ഭാരതത്തിൽ ഹിന്ദുമുസ്ലീം ലഹളകൾക്കുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്നു ഗോഹത്യയാണെന്നും ഈ സംഗതിയെയാണു മുഹമ്മദീയ ചക്രവർത്തിയായ അക്ബർ ബലമായി തടഞ്ഞിരുന്നതെന്നും ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ മഹാമനസ്കതയുടേയും ദീർഘദർശിത്വത്തിന്റെയും എത്രയൊരു ജ്ഞാനം നമുക്കുണ്ടാകുന്നു. മറ്റു മുഗൾചക്രവർത്തിമാരെപ്പോലെ അക്ബറും മരാമത്തിൽ തൽപരനായിരുന്നു. ആഗ്രയിലെ മനോഹരമായ കോട്ട, ഫത്തേപുരം സിക്രിയിലെ പ്രസിദ്ധമായ കോവിലകം, ദൽഹിക്കടുത്തു സ്ഥിതിചെയ്യുന്ന

ഹുമയൂണിന്റെ ശവകുടീരം എന്നിവയാണ അദ്ദേഹം പണിചെയ്യിച്ച പ്രധാനകെട്ടിടങ്ങൾ.

സാഹിത്യകാര്യങ്ങളിലും ചക്രവർത്തി താൽപര്യം പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ആരമണ്ഡയിൽ എന്നും അനേകം കവികളും ചിത്രമെഴുത്തുകാരും ഭാഗവതർമാരും ഉണ്ടായിരിക്കും. സംസ്കൃതത്തിലെ ചില വിശിഷ്ടഗ്രന്ഥങ്ങൾ അദ്ദേഹം പേർസ്യൻ ഭാഷയിലേക്ക് തർജ്ജമചെയ്യിച്ചു. അരമനവാസികളിൽ അബുൾഫാസൽ എന്ന ചരിത്രകാരനും, ഖർബാൻ എന്ന കവിയും പ്രത്യേകം പ്രസ്താവയോഗ്യരാണ്.

അക്ബരുടെ അവസാനകാലം വളരെ ക്ലേശങ്ങളോടുകൂടിയതായിരുന്നു. അദ്ദേഹത്തിന്റെ വാത്സല്യഭാജനമായ പ്രഥമപുത്രൻ സലീം ശരിയായ പിതൃഭക്തി പ്രദർശിപ്പിച്ചില്ല. എന്നുമാത്രമല്ല അക്രമത്തിനൊരുങ്ങി താനാണ ചക്രവർത്തിയെന്ന സലീം അലഹബാദിൽ വെച്ച് പ്രഖ്യാപനം ചെയ്കയും ചെയ്തു. ഇതിനും പുറമെ അക്ബരുടെ ആത്മമിത്രമായ അബുൾഫാസലിന്റെ ദുർമ്മരണത്തിനു സലീം കാരണഭൂതനായിരുന്നുവെന്നറിഞ്ഞ ഉടനെ ചക്രവർത്തിക്കു പിന്നെന്നില്ലാത്ത ഒരു മനോവേദനയുണ്ടായി. ഇതിൽ നിന്നും ഒരിക്കലും അദ്ദേഹം മോചിക്കുകയുണ്ടായില്ല. മരണശയ്യയിൽ കിടക്കുമ്പോൾകൂടി പുത്രവാത്സല്യം പ്രദർശിപ്പിക്കുമാറ് അദ്ദേഹം സലീമിനെത്തന്നെ തന്റെ പിൻഗാമിയായി നിശ്ചയിച്ചു. തന്റെ പ്രധാനപ്പെട്ടവന്മാരെ വിളിച്ചുവരുത്തി വല്ല തെറ്റുകളും താൻ ചെയ്തിട്ടുണ്ടെങ്കിൽ അതിനായി അവരോട് ക്ഷമായാചന

നം ചെയ്യുശേഷം മുഹമ്മദീയരുടെ "അവസാനപ്രാർത്ഥന" ചൊല്ലിക്കൊണ്ടു മഹാശയനായ അക്ബർ ചക്രവർത്തി 1605-ൽ ദിവംഗതനായി.

മുഗളചക്രവർത്തിമാരിൽവെച്ചു് ഒന്നാം സ്ഥാനം അക്ബർക്കായിരുന്നു എന്നതിനു യാതൊരു സംശയവുമില്ല. അദ്ദേഹം സകല രാജാക്കന്മാർക്കും എന്നതന്നെയല്ല മനുഷ്യലോകത്തിനുതന്നെ കരലകാരമായിരുന്നു എന്നുകൂടി ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളതു് എത്രയും വാസ്തവമാകുന്നു.

---

൫. ഷാജഹാൻ.

1627—1658.

അക്ബർചക്രവർത്തി 1605-ൽ തീപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ സലീം രാജകുമാരൻ ജഹാംഗീർ—അഥവാ "ലോകവിജയി" എന്ന സ്ഥാനപ്പേരോടുകൂടി സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം തന്റെ പിതാവിന്റെ ചിട്ടകളനുസരിച്ചു രാജ്യഭരണം നടത്തി. നൂർജഹാനെ വിവാഹം ചെയ്തു മുതൽ രാജ്യകാര്യങ്ങളിൽ അവർക്കായിരുന്നു പ്രധാന കയ്യു്. സുഖഭോഗങ്ങളിൽ മുഴുകിയിരുന്ന ഈ ചക്രവർത്തിയുടെ കാലത്താണു് ഇംഗ്ലീഷുകാരായ ഹാക്കിൻസും സർ തോമസ് റോയും ഇന്ത്യയിൽ വന്നതും കച്ചവടത്തിനായി ചക്രവർത്തിയുടെ അനുമതി സമ്പാദിച്ചതും. ജഹാംഗീർ 1627-ൽ ചരമഗതി പ്രാപിച്ചു.

പിതാവു മരിച്ച സമയത്തു പുറം രാജകുമാരൻ

ക്കേിണഖണ്ഡത്തിലായിരുന്നു. തന്റെ മകളുടെ ഭർത്താവായ ഷാരിയർ രാജകുമാരനെ വാഴിക്കുവാൻ നൂർജഹാൻ ശ്രമിച്ചു. പക്ഷേ ഖുറമിന്റെ സാമർത്ഥ്യത്താൽ ആ ശ്രമം ഫലിച്ചില്ല. ഷാജഹാൻ, അഥവാ "ലോകരാജാവു" എന്ന സ്ഥാനപ്പേരോടുകൂടി ഖുറം രാജകുമാരൻ സിംഹാസനാരോഹണം ചെയ്തു.



ഷാജഹാൻ.

ശത്രുക്കൾ ഉണ്ടെന്നറിഞ്ഞ ചക്രവർത്തിയുടെ ആദ്യത്തെ കൃത്യം അവരെ ഹനിക്കുകയായിരുന്നു. സിംഹാസനത്തിന്മേൽ കണ്ണുവെക്കുവാൻ ശ്രമിച്ചിരുന്നവരെ എന്നു മാത്രമല്ല താനും തന്റെ പുത്രന്മാരുമൊഴികെ രാജകുടുംബത്തിലെ മറ്റുള്ള പുരുഷപ്രജകളേയും അദ്ദേഹം കാലതാമസംകൂടാതെ കാലനുക്കയച്ചു.


പിതാവിനെപ്പോലെ ഷാജഹാനും ഒരു രാജപുത്രരാജകുമാരിയുടെ പുത്രനായിരുന്നു. അദ്ദേഹത്തിനു ഹിന്തുക്കളുടെ നേരെ മതപരമായ യാതൊരു വിരോധവുമുണ്ടായിരുന്നില്ല. മുഹമ്മദീയമതം ആത്മാർത്ഥമായി അനുഷ്ഠിച്ചുപോന്നിരുന്ന അദ്ദേഹം ഹിന്തുക്കളെ ഉയർന്ന ഉദ്യോഗസ്ഥന്മാരായി നിയമിച്ചിരുന്നു.

പറയത്തക്ക യുദ്ധങ്ങൾ ഒന്നും ഇദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്നില്ല. എങ്കിലും ദക്ഷിണഖണ്ഡവുമായി

ചില കലാപങ്ങൾ ഉണ്ടായി. ആദ്യമായി വിജയപുരം രാജാവ് കരു ഉടമ്പടി ചെയ്തു. ഇതുപ്രകാരം കൊല്ലത്തിൽ രണ്ടുലക്ഷം പവൻ കപ്പമായി ചക്രവർത്തിക്കു സിദ്ധിച്ചു. അഹമ്മദുനഗരം പിടിച്ചടക്കി സാമ്രാജ്യത്തോടു ചേർക്കുകയാണു പിന്നീടുണ്ടായതു്. ഗോൽഖണ്ഡത്തിലെ സുൽത്താനുംകൂടി കീഴടങ്ങിയതോടുകൂടി ദക്ഷിണഖണ്ഡത്തിൽ സമാധാനമുണ്ടായി. ഖുരംഗസീബു രാജകുമാരൻ ദക്ഷിണഖണ്ഡത്തിലെ ഭരണാധികാരിയായി നിയമിതനായി. ഇദ്ദേഹവും ദക്ഷിണഖണ്ഡത്തിലേ സുൽത്താന്മാരുമായി വലിയ സൌഹാർദ്ദമുണ്ടായിരുന്നില്ല.

ഷാജഹാൻ പണിചെയ്യിച്ച മനോഹരമായ കെട്ടിടങ്ങൾ ഇന്നും ലോകത്തെ അത്ഭുതപരതന്ത്രമാക്കിക്കൊണ്ടുതന്നേയിരിക്കുന്നു. ആഗ്രയിലെ കോട്ടക്കകത്തുള്ള ജമമസ്ജിത്ത് — മുഹമ്മദീയദേവാലയം — അദ്ദേഹമാണു പണിയിച്ചതു്. ലോകത്തിലെ അത്ഭുതങ്ങളിലൊന്നായി ഇന്നും വിളങ്ങിക്കൊണ്ടിരിക്കുന്ന "താജ്മഹാ"ലും ഷാജഹാൻ ചക്രവർത്തിയുടെ നിർമ്മാണചാതുരിയെ മൂർത്തിമത്താക്കി ലോകർക്കു കാട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നു. തന്റെ പട്ടമഹിഷിയായ മുംതസ് മഹൽ 1631 ജൂൺ 7-ാം തിയതി പ്രസവത്തിൽ മരിച്ചുപോയി. പതിനാലു കുട്ടികളുടെ അമ്മയായ ഈ പത്നിയുടെ മരണത്തിൽ ഷാജഹാന്റെ "പകുതി"യിലധികം ശക്തിയും പ്രതാപവും നശിച്ചു. ഈ സ്ത്രീരത്നത്തിന്റെ സ്മാരകമായിട്ടാണു "താജ്മഹൽ" നിർമ്മിതമായതു്. അതു പണിചെയ്യുവാൻ ഇരുപത്തിരണ്ടു കൊല്ലംകൊണ്ടാണത്രേ. അമ്പതുലക്ഷം ഉറുപ്പികയാണു് ഏകദേശം അതിനു ചിലവായിട്ടുള്ളതു്.

കരിക്കൽ ഇരുപതിനായിരം വേലക്കാർ അതിൽ ജോലി ചെയ്തിരുന്നതായി പറയപ്പെടുന്നു. ലോകത്തിൽവെച്ചു



ഏറ്റവും മനോഹരമായ ഒരു കെട്ടിടമായി താജ് ഇന്നും നിലകൊള്ളുന്നു.

ഷാജഹാൻ 1657-ൽ രോഗബാധിതനായ അവസരത്തിൽ അദ്ദേഹത്തിന്റെ പുത്രന്മാർതമ്മിൽ വലിയ കലഹമായി. മൂത്തപുത്രൻ ദാര പിതാവിന്റെ കൂടെത്തന്നെയായിരുന്നു. ദ്വിതീയപുത്രനായ ഷൂജ ബങ്കാൾ ഗവർണരായിരുന്നു ഔരംഗസീബ് ദക്ഷിണഖണ്ഡത്തെ വൈസറോയിയായിരുന്നു. അതിസൂക്ഷ്മശാലിയായ ഇദ്ദേഹം ഇസ്ലാംമതത്തിൽ നല്ലപോലെ വിശ്വസിച്ചിരുന്നു. നാലാമത്തെ പുത്രനായ മുറാദ് ഗുജറാത്തിലെ ഗവർണരായിരുന്നു. ഇവരെല്ലാവരും അവരുടെ കീഴിൽ യുദ്ധസന്നദ്ധമായ ഓരോ സൈന്യം നിർത്തിയിരുന്നു.

പിതാവിന്റെ രോഗവൃത്താന്തം ശ്രവിച്ച ഉടനെതന്നെ അവർ യുദ്ധസന്നദ്ധരായി. ഷൂജയും മുറാദും സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തു. പക്ഷെ ദാരയുടെ സൈന്യം ഷൂജയെ പരാജയപ്പെടുത്തി. ഔരംഗസീബ് നല്ലവാക്കു പറഞ്ഞു മുറാദിനെ സ്വാധീനപ്പെടുത്തി. രണ്ടുപേരുംകൂടി നർമ്മദാനദീതീരത്തുവെച്ച് കൂടിച്ചേർന്നു ദാരയുടെ സേനാധിപനായ ജസ്വാന്ത്സിംഹനെ തോല്പിച്ചോടിച്ചു. ഈ വിവരമറിഞ്ഞു ദാരതന്നെ സൈന്യസമേതം അവരുടെ നേരെ തിരിച്ചു. ഇരുസൈന്യങ്ങളും ആഗ്രക്കടുത്തു് സാമുഗാർ എന്ന സ്ഥലത്തുവെച്ച് അതിഗംഭീരമായ ഒരു യുദ്ധം ചെയ്തു. ദാരക്കു തോറ്റ് ഓടിപ്പോകേണ്ടിവന്നു.

വിജയികളം ആഗ്രയിൽ എത്തിയ ഉടനെതന്നെ ഔരംഗസീബ് പിതാവിനെ ബന്ധനസ്ഥനാക്കി. തന്റെ സഹായിയായിരുന്ന സഹോദരൻ മുറാദിനെ കുറിനമായി മദ്യപാനം ചെയ്യിപ്പിച്ചശേഷം തടവുകാ

രനാക്കി ദൽഹിക്കയച്ചു. അവിടെവെച്ച് കുറച്ചുകാലം കഴിഞ്ഞശേഷം മുറാദ് ഹതനായി.

ദാര ഒരു പഴയ "സ്നേഹിത"ന്റെ അടുക്കൽ അഭയംപ്രാപിച്ചിരുന്നു. ദാര പണ്ടു രക്ഷിച്ചിട്ടുണ്ടായിരുന്ന ഈ കൃതഘ്നൻ അഭയാർത്ഥിയെ ഔരംഗസീബിനു വിട്ടുകൊടുത്തു. വിജയലഹരിപിടിച്ചിരുന്ന ഔരംഗസീബുചക്രവർത്തി തന്റെ ജ്യേഷ്ഠനെ വികൃതവേഷങ്ങളിൽ ആനപ്പുറത്തുകയറ്റി ദൽഹിയിലെ തെരുവിൽകൂടി കൊണ്ടുപോയി അദ്ദേഹത്തെ അപമാനിച്ചു എന്നുതന്നെയല്ല അധികം താമസിയാതെ ഒരു "തൊട്ട്"ന്യായത്തിന്മേൽ അദ്ദേഹത്തെ വധിച്ചുകളയുകയും ചെയ്തു.


ഷൂജയാണ് ഇനി ബാക്കിയുള്ളത്. ഇദ്ദേഹം രണ്ടുകൊല്ലത്തോളം അത്യുദ്യോഗം ചെയ്തിട്ടും വിജയം കൈവന്നില്ല. ഒടുവിൽ ബർമ്മയിൽ "അരാക്കൻ" മലകളിൽ സകുടുംബം കയറി രക്ഷപ്രാപിച്ചു. ഔരംഗസീബു ചക്രവർത്തിയുമായി.

ഷാജഹാൻ ഏഴുകൊല്ലത്തോളം കാരാഗൃഹവാസിയായിരുന്നു. ഇക്കാലത്തു് അദ്ദേഹത്തിന്റെ പുത്രി അദ്ദേഹത്തെ നല്ലപോലെ ശുശ്രൂഷിച്ചിരുന്നു. മരണശയ്യയിൽ കിടന്നിരുന്ന അവസരത്തിൽക്കൂടി അദ്ദേഹത്തെ ഒന്നു ദർശിക്കുകപോലും ഔരംഗസീബു് ചെയ്തില്ലത്രെ! 1666 ജനവരി 22-ാംതിയ്യതി ഷാജഹാന്റെ ഇഹലോകവാസം അവസാനിച്ചു.

൪. ഔരംഗസിബ്ബ്.

1658—1707

"അലംഗീർ" അഥവാ "ലോകശാസകൻ" എന്ന സ്ഥാനപ്പേരോടുകൂടി ഔരംഗസിബ്ബ് 1658-ൽ ചക്രവത്തിയായി. മഹാന്മാരായ ആറു മുഗൾചക്രവത്തിമാരിൽ കടുവിലത്തേ ആളായിരുന്നു അദ്ദേഹം. ജാഗ്രതയും ആത്മാത്ഥതയുമുള്ള ഒരു ഭരണാധികാരിയായിരുന്ന അദ്ദേഹം എങ്കിലും ബാബരുടെ ധീരതയൊ, ഹുമയൂണിന്റെ കരുണയൊ, അക്ബരുടെ വിശാലഹൃദയതപമോ, ജഹാംഗീരിന്റെ സുഖലോലുപതപമോ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. സഹിഷ്ണതക്കുപകരം മതകായ്യങ്ങളിൽ അല്പമൊരു ഭ്രാന്തിയാണ് അദ്ദേഹത്തിന്നുണ്ടായിരുന്നതു്. മറെറാരാളെ പൂണ്ണമായി വിശ്വസിക്കുക എന്നതു് അദ്ദേഹത്തിന്നു സാദ്ധ്യമായിരുന്നില്ല. ഇതുനിമിത്തം അദ്ദേഹത്തിന്നു ശരിയായ സ്നേഹിതന്മാർ ഉണ്ടായിരുന്നില്ല. രാജകീയഭണ്ഡാഗാരം തന്നിക്കുറവായിരുന്നുവെങ്കിലും അദ്ദേഹം ദ്രവ്യയത്തിൽ വലിയ വിരക്തനായിരുന്നു. തന്റെ സ്വന്തം ചിലവിലേക്കായി



ഔരംഗസിബ്ബ്.

കഴിവുള്ള സമയങ്ങളിൽ അദ്ദേഹം തൊപ്പി തുന്നി പണം സമ്പാദിച്ചിരുന്നു. ജോലിയെടുക്കാൻ മടിയുള്ള സുഖഭോഗികൾക്കു് ചക്രവർത്തിയുടെ ദിനചര്യ ഒരു പാഠമായിരുന്നു എന്നു പറയാം.

സിംഹാസനാരോഹണം കഴിഞ്ഞു് വളരെ താമസംകൂടാതെതന്നെ ഔരംഗസീബു് ഹിന്ദുക്കളുടെ നേരെ തിരിഞ്ഞു. അവക്കു് പരമവിരോധമായ കാര്യങ്ങൾ അദ്ദേഹം നിർവ്വഹിക്കുവാൻ തുടങ്ങി. എന്നുതന്നെയല്ല ഒരു മുസൽമാനായ തന്നെ കുടമയായിരുന്ന ഹിന്ദുക്കളെ ദ്രോഹിക്കുന്നതു് എന്നുകൂടി അദ്ദേഹം വിശ്വസിച്ചിരുന്നുവത്രെ. ഹിന്ദുക്ഷേത്രങ്ങൾ നശിപ്പിക്കുന്നതിനും ഹിന്ദുവിദ്യാലയങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും അദ്ദേഹം ഉത്തരവു നൽകി. ഹിന്ദുക്കളുടെ പുണ്യക്ഷേത്രമായ കാശിനഗരത്തിലെ അനേകം ക്ഷേത്രങ്ങൾ നശിപ്പിച്ചു് അവയിലെ ശിലകൾ മുഹമ്മദീയദേവാലയം നിർമ്മിക്കുന്നതിനു് അദ്ദേഹം ഉപയോഗപ്പെടുത്തി. ഇതിനുംമുമേ അദ്ദേഹം അക്ബർ മുതലായവർ നിരുത്സാഹപ്പെടുത്തിയിരുന്ന ജെസിയ എന്ന നികുതി ഹിന്ദുക്കളിൽ വീണ്ടും ചുമത്തി. പോരെങ്കിൽ ഹിന്ദുക്കൾ കുതിരപ്പുറത്തു കയറിയോ മറ്റോ സവാരിചെയ്യുകൂടാ എന്നും ചക്രവർത്തി ആജ്ഞാപിച്ചു. ഈ പ്രവൃത്തികൾ നിമിത്തം ഹിന്ദുക്കളുടെ സഹായസഹകരണങ്ങൾ അദ്ദേഹത്തിനു നഷ്ടമായിപ്പോയി.

ജസ്വാൻസിംഹന്റെ പത്നിയേയും കുട്ടികളേയും തന്റെ കീഴിൽ ബലം പ്രയോഗിച്ചു വരുത്തുവാൻ ചെയ്ത ശ്രമം സഫലമായില്ല. പക്ഷേ രാജപുത്രന്മാരുടെ രാജഭ

ക്തിയേയും രാജ്യസേവനത്തിന്നായി അവക്കുണ്ടായിരുന്ന ഉത്സാഹത്തേയും തീരെ നശിപ്പിച്ചു. അവരുടെ ശത്രുത സമ്പാദിക്കുന്നതിന്നു് ഈ ശ്രമം ചക്രവർത്തിയെ പ്രാപ്തനാക്കി. രാജപുത്രസ്ഥാനത്തുണ്ടായ ലഹളകൾ വളരെ ക്രൂരതയോടുകൂടി മുഗൾസൈന്യം നിവർത്തിയ്ക്കിലും പൊയ്പോയ രാജപുത്രരുടെ സഹായം വീണ്ടെടുക്കുവാൻ അതിന്നു സാധ്യമായില്ല. ഔരംഗസിബ്ബിന്റെ പുത്രനായ അക്ബർ രാജകുമാരൻ രാജപുത്രരുടെ സഹായത്തോടുകൂടി ലഹളയുണ്ടാക്കിയെങ്കിലും അദ്ദേഹത്തെ വേഗത്തിൽ അമർച്ചചെയ്തു.

ഔരംഗസിബ്ബ് ദക്ഷിണഖണ്ഡത്തിലെ വൈസ്രോയിയായിരുന്നു എന്നു മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അവിടെ വിജയപുരവും ഗോൽഖണ്ഡവും മാത്രമേ സ്വാതന്ത്ര്യവും ധനപുഷ്ടിയുമുള്ളതായി ഉണ്ടായിരുന്നുള്ളൂ. ഈ രണ്ടു രാജ്യങ്ങളും കീഴടക്കണമെന്നു് ഔരംഗസിബ്ബിനു് അത്യാഗ്രഹമുണ്ടായിരുന്നു. ഈ ആഗ്രഹനിവൃത്തിക്കു രാജപുത്രരുടെ സഹായം അത്യന്തം ഉപകരിക്കുമായിരുന്നു. പക്ഷേ അവർ ശത്രുക്കളായി മാറുകനിമിത്തം അവരുടെ സഹായം ലഭിച്ചില്ല. പോരെങ്കിൽ ദക്ഷിണഖണ്ഡത്തിൽ മഹാരാഷ്ട്രശക്തി ഉദിച്ചുയരുക നിമിത്തം ഔരംഗസിബ്ബിന്റെ ശത്രുക്കളുടെ എണ്ണം ഒന്നുകൂടി വർദ്ധിച്ചു.

മഹാരാഷ്ട്രനായകനായ ശിവാജിയെ തന്റെ അരമനയിൽ വരുത്തുവാൻ ഔരംഗസിബ്ബിനു സാധിച്ചു; പക്ഷേ അദ്ദേഹത്തിന്റെ സ്നേഹമോ സൌഹാർദ്ദമോ സമ്പാദിക്കുന്നതിനു പകരം ചക്രവർത്തി അദ്ദേഹത്തെ

ഖണ്ഡനസ്ഥനാക്കി 'തീത്താലും തീരാത്ത' വൈരത്തിനു കാരണമുണ്ടാക്കി. ശിവാജിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഇനിയൊരദ്ധ്യായത്തിൽ പറയപ്പെടുന്നതാണ്.

ഖണ്ഡനത്തിൽനിന്നും വിമുക്തനായ ശിവാജി വിജയപുരത്തുനിന്നും ഗോൽഖണ്ഡത്തിൽനിന്നും 'ചൌത്തു' അല്ലെങ്കിൽ ചതുർഭാഗം എന്ന നികുതി പിരിക്കുവാൻ തുടങ്ങി. എന്നുതന്നെയല്ല അദ്ദേഹം മുഗൾസൈന്യത്തെ ഒരു യുദ്ധത്തിൽ തീരെ തോല്പിക്കുകയും ചെയ്തു.

1681-ൽ ഔരംഗസീബ് തന്നെ ദക്ഷിണഖണ്ഡം പിടിച്ചടക്കുവാൻ പുറപ്പെട്ടു. വിജയപുരത്തിനു നേരേയാണ് അദ്ദേഹം ആദ്യമായി തിരിഞ്ഞതു്. വിജയപുരത്തുകാർ വളരെ ധീരതയോടെ പൊരുതിയെങ്കിലും ഒടുവിൽ അവർ കീഴടങ്ങി. ഇതോടുകൂടി ഏകദേശം ഒരു ശതാബ്ദകാലം ദക്ഷിണേന്ത്യയിൽ പ്രശോഭിച്ചിരുന്ന വിജയപുരത്തിന്റെ മേന്മ നശിച്ചുപോയി. ഇന്നും അവിടെ സ്ഥിതിചെയ്യുന്ന ഔതിന്റെ അവശിഷ്ടങ്ങൾ പണ്ടത്തെ പ്രതാപത്തെ വെളിവാക്കുന്നുണ്ട്.

ഗോൽഖണ്ഡത്തിന്റെ നേരെയാണു പിന്നീടു ചക്രവർത്തി തിരിഞ്ഞതു്. ഇവിടത്തെ സൈന്യവും നല്ലവണ്ണം പൊരുതി. ആദ്യം മുഗൾസൈന്യം അല്പം പിന്നോക്കം വെച്ചുവെങ്കിലും പുതിയ യോദ്ധാക്കളുടെ വരവോടുകൂടി എതിർപ്പിനും ശക്തികൂടി. ഗത്യന്തരമില്ലെന്നു മനസ്സിലായ ഗോൽഖണ്ഡത്തിലെ രാജാവു് മുഗളർക്കു കീഴടങ്ങി. ഇതോടുകൂടി ദക്ഷിണഖണ്ഡത്തിലെ പ്രധാന രാജ്യങ്ങളെല്ലാം ഔരംഗസീബിനധീനമായി.

മഹാരാഷ്ട്രനായകനായ ശിവാജി മരിച്ചിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പുത്രൻ സാംഭാജിയുടെ കീഴിലും മഹാരാഷ്ട്രന്മാർ യുദ്ധപ്രിയരായ്ത്തന്നെ കഴിഞ്ഞു പോന്നു. അവരെല്ലാം ഒത്തുചേർന്നു യുദ്ധം ചെയ്തിരുന്നുവെങ്കിൽ ദക്ഷിണഖണ്ഡം മുഗിളർക്കധീനമാക്കുകയില്ലായിരുന്നു. സാംഭാജി ഒരു സുഖലോലുപനാകയാൽ ഇതു സാദ്ധ്യമായില്ല; എന്നുതന്നെയല്ല അദ്ദേഹത്തെ മുഗിളർ ബന്ധനസ്ഥനാക്കുകയും അധികം താമസിയാതെ വധിക്കുകയും ചെയ്തു.

സാംഭാജിയുടെ പുത്രനായ സാഹുവിനു് ആറു വയസ്സു് മാത്രമേ പ്രായമായിരുന്നുള്ളു. എങ്കിലും അദ്ദേഹം മഹാരാഷ്ട്രരാജാവായി. തന്റെ മാതുലനായ രാജാറാം ആയിരുന്നു പ്രതിനിധിയായി കാര്യങ്ങൾ നടത്തിയിരുന്നതു്. ഇങ്ങിനെയിരിക്കെ സാഹുവിനേയും മാതാവിനേയും മുഗിളർ ബന്ധനസ്ഥരാക്കി. രാജാറാം രക്ഷപ്പെട്ടു ജിഞ്ചിനഗരത്തിൽ പ്രവേശിച്ചു് അവിടെ വലിയ ഒരു കോട്ടകെട്ടി വാസമുറപ്പിച്ചു. മുഗിളർ ജിഞ്ചിയും കരസ്ഥമാക്കി. അതിനുശേഷം രാജാറാം മരിച്ചുപോയി. അദ്ദേഹത്തിന്റെ വിധവയായ താരാബായി എന്നു പേരായ ധീരവനിത മഹാരാഷ്ട്രർക്കു് സ്വതവേയുണ്ടായിരുന്ന ധീരതയോടെ യുദ്ധംചെയ്യുംകൊണ്ടു സഞ്ചരിച്ചുനടന്നു. മുഗിളർക്കു് വളരെ ശല്യങ്ങൾ മഹാരാഷ്ട്രരിൽനിന്നും ഉണ്ടായി.

കൗരംഗസിബ്ബിന്റെ അവസാനകാലം ദുഃഖഭൂയിഷ്ഠമായിരുന്നു. അപ്പോൾ മാത്രമാണു അദ്ദേഹം തുടർന്നയത്നത്തിന്റെ ഫലങ്ങൾ അദ്ദേഹം അനുഭവിക്കുവാൻ

തുടങ്ങിയതു്. രാജപുത്രന്മാർ അവരുടെ 'പകരം' ചോദിക്കുവാൻ നോക്കിനിന്നിരുന്നു. അഗ്നികുണ്ഡത്തു് 'ജാത്' വർഗ്ഗക്കാർ ലഹളയുണ്ടാക്കി. മുഹത്താൽ നഗരത്തിൽ ശിഖന്മാർ ആയുധപാണികളായി നിന്നു. മഹാരാഷ്ട്രയോദ്ധാക്കളും സാമ്രാജ്യശക്തി നശിപ്പിക്കുന്നതിന്നു ചാക്കുനോക്കിയിരുന്നു. മുഗൾ സൈന്യമാകട്ടെ വളരെ ബലഹീനവും മുഗൾ ഉദ്യോഗസ്ഥന്മാർ സുഖാഭ്യുക്കളുമായിത്തീർന്നിരുന്നു. 1706-ൽ ക്ഷീണമാനസനായി ഔരംഗസീബ് അഹമ്മദുനഗരത്തിലേക്കു പോയി. മേൽപ്രസ്താവിച്ചിട്ടുള്ള സംഗതികളും ഏതൊരു ചക്രവർത്തിയേയും വ്യസനിപ്പിക്കത്തക്കവയാണു്. പോരെങ്കിൽ തന്റെ അവസാനകാലമായപ്പോൾ പുത്രന്മാർ പിതാവിന്റെ നേരെ തിരിഞ്ഞു. വാർദ്ധക്യത്തിൽ ഒരു പിതാവിന്നു തന്റെ പുത്രന്മാരിൽനിന്നും കിട്ടേണ്ടതായ സഹായമോ സമാധാനമോ അദ്ദേഹത്തിന്നു സ്വപുത്രരിൽനിന്നും ലഭിച്ചില്ല. തന്റെ പിതാവിന്റെ നേരെ യുദ്ധംചെയ്തു ജയിച്ചു് പിതാവിനെ കാരാഗൃഹത്തിലാക്കിയും, സഹോദരന്മാരെ ചതിച്ചും നിർദ്ദയമായി നിഗ്രഹിച്ചും സിംഹാസനത്തിന്മേൽ കയറി ഭരണം തുടങ്ങിയ ഔരംഗസീബ് തന്റെ പുത്രന്മാരുടെ അലക്ഷ്യമായ പെരുമാറ്റത്തിന്നു് അഹനായിരുന്നു എന്നു് അദ്ദേഹത്തിന്നുതന്നെ തോന്നിയിരുന്നു. അവരെ വിശ്വസിച്ചില്ല എന്നുതന്നേയല്ല അവരെപ്പറ്റിയുള്ള സകല വിവരവും അറിയുന്നതിന്നു ചാരന്മാരേയും ചക്രവർത്തി നിയമിച്ചിരുന്നു.

ഒടുവിൽ പശ്ചാത്താപവും ഇച്ഛാഭംഗവും ഏകദേശം രൊണ്ണൂറുവയസ്സു് പ്രായമായ ഔരംഗസീബിനെ

വിട്ടുപിരിയാതെയായി. തന്റെ പ്രായക്കാരെല്ലാം രാഷ്ട്രീയരംഭോമണ്ഡലത്തിൽനിന്നും പോയിക്കഴിഞ്ഞു. ചെറുപ്പക്കാർ അവരുടെ സ്ഥാനങ്ങളിലായി. താൻ പാപിയാണെന്ന ബോധ്യത്തോടും ദൈവത്തിന്റെ അപാരമായ കരുണയിൽ വിശ്വസിച്ചുകൊണ്ടും അഹമ്മദ്നഗരത്തിൽ വെച്ച് ഔരംഗസിബ് 1707-ൽ തന്റെ തൊണ്ണൂറാമത്തെ വയസ്സിൽ അന്തരിച്ചു.

ശേഷിയും ശേമുഷിയുമുള്ള ഒരു ചക്രവർത്തിയായിരുന്നു ഔരംഗസിബ്. പക്ഷെ ഒരു രാജാവിനു വേണ്ടതായ പ്രധാനഗുണം പ്രജകളെ രഞ്ജിപ്പിച്ച് ഭരിക്കുവാനുള്ള പ്രാപ്തിയാണ്. ഇത് അദ്ദേഹത്തിനുണ്ടായിരുന്നില്ല എന്നുമാത്രമല്ല അവരെ ഭിന്നിപ്പിക്കത്തക്ക നയവും അദ്ദേഹം അനുഷ്ഠിച്ചു. അതിനാൽ അദ്ദേഹത്തിന്റെ കാലശേഷം സാമ്രാജ്യം ശിഥിലമായി. ഔരംഗസിബ്വായിരുന്നു ഇന്ത്യയിൽ യോഗ്യനായ ഒടുവിലത്തെ മുഹമ്മദീയചക്രവർത്തി.

ന്യ. ഗുരുനാനക്കും ശിഖന്മാരും.

പതിനഞ്ചും പതിനാറും ശതാബ്ദങ്ങളിൽ ഇന്ത്യയിൽ മതപരമായ ഒരു പ്രബുദ്ധതയുണ്ടായി. പല ഭാഗങ്ങളിലായി പല മതപ്രചാരകന്മാരും തത്വാന്വേഷികളും പുതിയ മതസ്ഥാപകന്മാരും ചെയ്ത പ്രവൃത്തികളുടെ ഫലമായിരുന്നു ഈ പ്രബുദ്ധത. ഇതിൽ ശിഖഗുരുവായ നാനക്കും ഒരു ഭാഗഭാക്കായിരുന്നു.

നാനക്ക് 1469-ൽ പഞ്ചാബിൽ തൽവണ്ടി എന്ന

സ്ഥലത്തു ജനിച്ചു. ഇന്നു് ആ ഗ്രാമത്തിന്റെ പേർ "നങ്കാനാസാഹിബ്" എന്നാണു്. ബാല്യത്തിൽതന്നെ അദ്ദേഹം ആലോചനയിൽ പല സമയത്തും മുഴുകിയിരിക്കുക പതിവായിരുന്നു. പ്രായം കൂടിയതോടുകൂടി ഈ ചിന്താശീലവും വളർന്നുവന്നു. വിദ്യാലയത്തിൽ ചേർന്ന അദ്ദേഹം തന്റെ ഗുരുനാഥനോടു് പറഞ്ഞതു് ഇതായിരുന്നു: എനിക്കു പുസ്തകങ്ങളും വായിക്കേണ്ട. എങ്ങിനെ ദൈവത്തെ അറിയാമെന്നു് എന്നോടു് പറഞ്ഞാൽ കൊള്ളാം.

വിദ്യാലയം വിട്ടശേഷം കുറെക്കാലം നാനക്കു് കാലികളെ മേച്ചുനടന്നു. അവയ്ക്കു് അലഞ്ഞുനടക്കുവാൻ പൂർണ്ണസ്വാതന്ത്ര്യം അദ്ദേഹം കൊടുത്തു. അതു നിമിത്തം പഞ്ചായത്തുപ്പെട്ടവരുടെ ശകാരവർഷത്തിനു് അദ്ദേഹം പലപ്പോഴും പാത്രമായി. സുൽത്താൻപുരത്തു് ഒരു "സ്റ്റോർ കീപ്പർ" എന്ന നിലയിൽ കുറെക്കാലം ഉദ്യോഗം ഭരിച്ചു് തനിക്കു കിട്ടിയ ശമ്പളത്തിൽ അധികഭാഗവും ദരിദ്രന്മാക്കു് ദാനംചെയ്തു. ഇവിടെവച്ചാണു് മർദ്ദനൻ എന്ന പാട്ടുകാരൻമായി അദ്ദേഹം പരിചയപ്പെട്ടതു്.

ദേശാടനത്തിൽ തൽപരനായിരുന്ന ഗുരുനാനക്കു് അഥവാ ബാബാനാനക്കു്. ഭാരതഖണ്ഡം മുഴുവനും ചുറ്റിസ്സഞ്ചരിച്ചശേഷം അദ്ദേഹം വിദേശരാജ്യങ്ങളും സന്ദർശിച്ചു. പേർഷ്യയും അറേബ്യയും ഇവയിൽ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണു്. അറേബ്യയായിൽ പോയ അവസരത്തിൽ പുണ്യസ്ഥലങ്ങളായ മക്കയും മെദിനായും അദ്ദേഹം സന്ദർശിച്ചു.

ദേശാടനങ്ങൾ, അഥവാ തീർത്ഥയാത്രകൾ കഴിഞ്ഞു

മടങ്ങിയശേഷം അദ്ദേഹം ജല്ലന്ധർ ജില്ലകളിൽ ഉള്ള കർത്താർ പുരത്തിൽ സ്ഥിരമായി താമസിച്ചു. ഇവിടെ അദ്ദേഹം ശിഷ്യന്മാക്കു് അല്ലെങ്കിൽ ശിഖന്മാക്കായി ഒരു ദേവാലയവും ധർമ്മശാലയും പണികഴിപ്പിച്ചു. 1539-ൽ അദ്ദേഹം പരമഗതി പ്രാപിച്ചതുവരെ ജനങ്ങൾക്കു് മതപരമായ ഉപദേശങ്ങൾ നൽകിക്കൊണ്ടു നാൾ കഴിച്ചുകൂട്ടി.

നാനക്കു് സ്ഥാപിച്ച മോക്ഷമാർഗ്ഗത്തിന്നാണു് 'ശീഖമതം' എന്നു പറഞ്ഞുവരുന്നതു്. അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ചുരുക്കം ഇവിടെ പ്രസ്താവിക്കാം. മതം ഒരു തൊഴിലാക്കി വെച്ചു് ജനങ്ങളുടെ മാർഗ്ഗദർശികളെന്നു നടിച്ചുനടന്നിരുന്ന ബ്രാഹ്മണരും മുഹമ്മദീയപുരോഹിതരായ "മുല്ല"മാരും ജനസഞ്ചയത്തിന്നു് യഥാർത്ഥമായ മാർഗ്ഗദർശികൾ ആയിരുന്നില്ല. അന്ധന്മാർ അന്ധന്മാക്കു വഴികാണിക്കുന്നതുപോലെയായിരുന്നു പോൽ അവരുടെ പ്രവൃത്തി. ആയതിനാൽ അവരുടെ മാർഗ്ഗത്തിൽക്കൂടി ചരിക്കുന്നവർക്കു് സത്യപ്രാപ്തിക്കു്, അഥവാ മോക്ഷസിദ്ധിക്കു്, എളുപ്പമായിരുന്നില്ല. ശരിയായ ഈശ്വരസേവനത്തിലാണു് മോക്ഷമാർഗ്ഗം സ്ഥിതിചെയ്യുന്നതു്. തീർത്ഥയാത്രകൾ, ക്ഷേത്രസന്ദർശനങ്ങൾ, താന്ത്രികമായ പ്രവൃത്തികൾ ഇവയെല്ലാം മതപരമായി മനുഷ്യനെ അധികമൊന്നും ഉയർത്തുന്നില്ല. നേരെമറിച്ചു് യഥാർത്ഥമായ ഭക്തി, ആത്മാർത്ഥമായ ഈശ്വരപ്രാർത്ഥന, ധാർമ്മികമായ കർമ്മങ്ങൾ എന്നിവ മനുഷ്യരെ പ്രാപ്യസ്ഥാനങ്ങളിൽ എത്തിക്കുവാൻ പര്യാപ്തങ്ങളുമാണു്.

ഹിന്ദു എന്നും മുസ്ലിം എന്നും മറ്റുമുള്ള വ്യത്യാസങ്ങളും അദ്ദേഹം തീരെ വകവെച്ചില്ല. താൻ ഏതു മതത്തിൽനിന്നു വന്നാലും എപ്പോഴും സ്വീകാര്യം തന്നെയായിരുന്നു. ലോകജീവിതത്തിൽ ഇഹത്തിലേക്കും പരത്തിലേക്കും പറ്റിയ കാര്യങ്ങളും ഒരു മനുഷ്യനു ചെയ്യാമെന്നാണു ശിഖഗുരുവിന്റെ അഭിപ്രായം. ഭൌതികോൽക്കർഷം ആത്മാഭിവൃദ്ധിക്കോ മോക്ഷപ്രാപ്തിക്കോ ഒരിക്കലും തടസ്ഥമായി നില്ക്കുന്നതല്ല എന്നു സാരം. ഇക്കാര്യത്തിൽ ശിഖന്മാർ "കർമ്മയോഗി"കളാണെന്നു പറയാവുന്നതാണു്. ശിഖമതം ജനാവലിയെ സാന്മാർഗ്ഗികമായും ആത്മീയമായും കനുണത്തി വിട്ടു എന്നു പറയാം.

ബാബനാനക്കിന്റെ തുടനു വേറെ ഒമ്പതു ഗുരുക്കന്മാരുണ്ടായി. ഈ പത്തു ഗുരുക്കന്മാരുടേയും ശിഷ്യപരമ്പരകളും അവരുടെ ഉപദേശമനുസരിച്ചു് ജീവിതം നയിച്ചവരുമായ ജനവർഗ്ഗത്തിനാണു ശിഖന്മാർ എന്നു പേർ സിദ്ധമായതു്. നാനക്കു് ഇവരുടെ വർഗ്ഗം തുടങ്ങിവെച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളും അവരുടെ നടപടികളിൽ ചില മാറ്റങ്ങളും വരുത്തുകയുണ്ടായി.

രണ്ടാമത്തെ ശിഖഗുരുവായ അംഗദനാണു "ഗുരുമുഖി" എന്ന അക്ഷരമാല കണ്ടുപിടിച്ചതു്. ഇതിലാണു ശിഖരുടെ മതഗ്രന്ഥങ്ങളും എഴുതപ്പെട്ടിട്ടുള്ളതു്. മൂന്നാമത്തെ ഗുരുവായ അമരദാസൻ ശിഖന്മാർ വാണിരുന്ന രാജ്യം പലഭാഗങ്ങളായി തിരിച്ചു് ഓരോന്നും ഓരോ ശിഖപ്രമാണിയുടെ അധീനത്തിലാക്കി. നാലാമത്തെ ഗുരുവായ രാമദാസൻ അക്ബർ ചക്രവർത്തിയുടെ

ആനുകൂല്യം സമ്പാദിച്ചതോടുകൂടി അദ്ദേഹം അമൃതസരസ്സ് എന്ന പട്ടണവും ശിഖന്മാക്കായി അനുവദിച്ചുകൊടുത്തു. ഈ പട്ടണത്തിൽ ജീർണ്ണമായിക്കിടന്നിരുന്ന "അമൃതസരസ്സ്" എന്ന കരു 'തീർത്ഥക്കുളം' അദ്ദേഹം വീണ്ടെടുത്തു നന്നാക്കി. അതിന്റെ മദ്ധ്യത്തിലായി കരു "പൊന്നമ്പലം" പണിചെയ്യിച്ചു.

അഞ്ചാമത്തെ ഗുരുവായിരുന്ന അർജ്ജുനദേവൻ. ഇദ്ദേഹം അമൃതസരസ്സ് എന്ന പട്ടണത്തിലെ "ഹരിമന്ദിരം" എന്ന മഹാക്ഷേത്രത്തിന്റെ പണി മുഴുവനാക്കി. ഇദ്ദേഹത്തിന്റെ കാലംവരെ, അതായതു് ഏകദേശം പതിനേഴാംനൂറാണ്ടിന്റെ ആദിഘട്ടം (1606)വരെ ശിഖന്മാക്കു മുഹമ്മദീയരോടു യാതൊരു വൈരവുമുണ്ടായിരുന്നില്ല. മതഭേദമോ ജാതിഭേദമോ അവർ വകവെച്ചിരുന്നില്ല. പക്ഷേ അർജ്ജുനദേവന്റെ പേരിൽ, കുസ്രൂരാജകുമാരൻ ലഹളകൊരുങ്ങിയപ്പോൾ സഹായിച്ചു എന്ന കുറാം ചുമത്തി ജഹാംഗീർചക്രവർത്തി അദ്ദേഹത്തെ കാരാഗൃഹത്തിൽവെച്ചു വല്ലാത്ത ദ്രോഹമനുഭവിപ്പിച്ചു കൊലപ്പെടുത്തിയതു മുതൽ ശിഖർ മുഗിളന്മാരുടെ ബദ്ധവൈരികളായിത്തീർന്നു.

ഹരിഗോവിന്ദനായിരുന്ന ആറാമത്തെ ഗുരു. ഇദ്ദേഹം 1606 മുതൽ 1645വരെ ഗുരുപദം അലങ്കരിച്ചു. കരു പന്തീരാണ്ടുകാലം ജഹാംഗീറിന്റെ തടവുകാരനായിരുന്നുവെങ്കിലും കേവലം സമാധാനപാലകന്മാരായ ശിഖന്മാരെ "യുദ്ധസന്നദ്ധരായ കരു സഹോദരസംഘ"മാക്കിത്തീർക്കുവാൻ ഹരിഗോവിന്ദനു സാധിച്ചു. കമ്പതാമത്തെ ഗുരുവായ തെഗ്ബഹദൂർ, ഔറംഗസീബു് ചക്രവ

ത്തിയുടെ ആജ്ഞപ്രകാരം ഇസ്ലാംമതം സ്വീകരിക്കായ്കയാൽ ഹനിക്കപ്പെട്ടു. പത്താമത്തെ ഗുരുവായിരുന്ന ഗോവിന്ദസിംഹൻ." ഇദ്ദേഹത്തിന്നുശേഷം ഗുരുപരമ്പരയുണ്ടായിരുന്നില്ല. ശിഖന്മാരെ ഒന്നുകൂടി സംഘടിപ്പിച്ചു് അവരുടെയിടയിൽ കൂടുതൽ സാഹോദര്യം ഉണ്ടാക്കിത്തീർത്തതായിരുന്നു ഇദ്ദേഹത്തിന്റെ ശ്രേഷ്ടം.

ഗോവിന്ദസിംഹന്റെ പ്രവൃത്തികളുടെ പുരുക്കം ഇതായിരുന്നു. ശിഖരാകുവാൻ ആഗ്രഹിച്ചവക്കു രണ്ടു പരിപാവനകർമ്മങ്ങൾ ചെയ്യണ്ടതുണ്ടു്. ഒന്നാമതായി "പാഹുൽ" എന്നതാണു്. ഒരു ഖഡ്ഗംകൊണ്ടോ കുഠാരികൊണ്ടോ ഇളക്കി പാവനമാക്കപ്പെട്ട തീർത്ഥം സേവിക്കുക എന്നതായിരുന്നു പാഹുൽ. രണ്ടാമത്തേതു പഞ്ചസാര, വെണ്ണ, ധാന്യപ്പൊടി എന്നിവകൂട്ടിക്കലർത്തിയുണ്ടാക്കപ്പെട്ടതും പാവനമാക്കപ്പെട്ടതുമായ ഒരു പദാർത്ഥം എല്ലാവരും വട്ടമിട്ടിരുന്നു കഴിക്കുക എന്നതായിരുന്നു. ജാതിക്കോട്ടയെ ഇതു തകർത്തുകളഞ്ഞു എന്നതാണു് ഇതിന്റെ വിശേഷത. അതോടുകൂടി അതിൽ പങ്കുകൊണ്ടവർ തമ്മിൽ തമ്മിലുള്ള സൌഹാർദ്ദത്തേയും അതുറപ്പിച്ചു. ഈ സൌഹാർദ്ദസംഘത്തിന്നു "ഖാൽസാ" അഥവാ "പരിശുദ്ധർ" എന്നായിരുന്നു പേർ.

ഗോവിന്ദസിംഹൻ പുകയിലയോ മദ്യമോ ഉപയോഗിക്കുവാൻ ശിഖന്മാരെ അനുവദിച്ചില്ല. എന്നുതന്നേയല്ല ഓരോ ശിഖനും "പഞ്ചപദാർത്ഥങ്ങൾ" ധരിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. ഈ അഞ്ചു പദാർത്ഥങ്ങൾ, 1. കേശം-തലമുടി, 2. കച്ച-നീളംകുറഞ്ഞ കാല്ചുറ, 3. കാരിരുമ്പുകൊണ്ടുള്ള ഒരു വളയം.

4. കൃപാണം-ചെറിയ ഇരിമ്പുകഠാരം. 5. ചീപ്പ്-തല മുടി വൃത്തിയായി സൂക്ഷിക്കുന്നതിന്നു്—എന്നിവയായിരുന്നു.

കാലക്രമേണ ശിഖന്മാർ വലിയ രണശൂരന്മാരായിത്തീർന്നു. പഞ്ചാബായിരുന്നു അവരുടെ രാജ്യം. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ ശക്തി വർദ്ധിച്ചുവന്നപ്പോഠം അവരും ശിഖന്മാരുമായി പല യുദ്ധങ്ങളും ഉണ്ടായി. ഒടുവിൽ ശിഖന്മാർ തോറ്റു പോകയും ബ്രിട്ടീഷുകാർ പഞ്ചാബു ബ്രിട്ടീഷിന്ത്യയോടു ചേർക്കുകയും ചെയ്തു.

---

൭. ശ്രീ ചൈതന്യസ്വാമികഥ.

പതിനാറാംനൂറ്റാണ്ടിൽ മതപരമായി ഇന്ത്യയിൽ ഉണ്ടായ ഉണർച്ചയിൽ ശ്രീചൈതന്യസ്വാമികളും ഭാഗഭാക്കായിരുന്നു. ഇക്കാലത്താണു് ഉത്തരേന്ത്യയിൽ തുളസീദാസന്റെ ഹിന്തിരാമായണം പ്രചാരമായതും പശ്ചിമദേശത്തു ശ്രീകൃഷ്ണന്റെ ഭക്തന്മാർ വല്ലഭാചാര്യരുടെ ശിഷ്യന്മാരായി വർദ്ധിച്ചതും ബങ്കാളത്തിൽ ചൈതന്യസ്വാമികളുടെ ഭക്തിമാർഗ്ഗം സുസ്ഥാപിതമായതും.

കൽക്കത്തയിൽനിന്നു് ഏകദേശം എഴുപത്തഞ്ചു നാഴിക ദൂരെയായി ഗംഗാനദിയുടെ തീരത്തു സ്ഥിതിചെയ്യുന്ന നവദ്വീപം എന്ന പട്ടണത്തിലെ ഒരു ബ്രാഹ്മണകുടുംബത്തിൽ ചൈതന്യസ്വാമികഥ 1485-ൽ ജനിച്ചു. വിഷ്ണുവിന്റെ ഒരവതാരമായിട്ടാണു് അദ്ദേഹത്തെ കരുതിവരുന്നതു്. നവദ്വീപം അന്നു സംസ്കൃതവിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നു. അദ്ദേഹ

ത്തിന്റെ മാതാപിതാക്കന്മാരുടെ ആദ്യത്തെ എട്ടു കുട്ടികളും മരിച്ചുപോയിരുന്നു. ഒമ്പതാമത്തെ കുട്ടിയായി ജനിച്ച പുത്രൻ സന്ന്യസിച്ചുപോയി. പത്താമത്തെ സന്താനമാണു ചൈതന്യൻ.

കാലാനുസരണം ബാലോചിതമായ വിദ്യാഭ്യാസം ചെയ്തു. തർക്കത്തിൽ അദ്ദേഹം അതിസമർത്ഥനായിരുന്നു. അദ്ദേഹം വിവാഹംചെയ്തു ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. അദ്ദേഹത്തിന്റെ പത്നി വിഷം തീണ്ടി മരിക്കുകയാൽ അദ്ദേഹം രണ്ടാമതും വിവാഹംചെയ്തു. എങ്കിലും ഈ വിവാഹം അദ്ദേഹത്തെ ഇഹലോകവ്യവഹാരങ്ങളിൽ കൂടുക്കിയിട്ടില്ല. ഏകദേശം ഇരുപത്തിനാലു വയസ്സു പ്രായമായപ്പോൾ അദ്ദേഹം തന്റെ പത്നിയെ ഉപേക്ഷിച്ചു വീടു വിട്ടിറങ്ങി. അതിനുശേഷം കൃഷ്ണഭക്തനായ അദ്ദേഹം മനുഷ്യരെ കൃഷ്ണഭക്തരാകുവാൻ ഉപദേശിച്ചും അവർക്കു് അതിലേക്കായി ഒരു മാർഗ്ഗദർശിയായി ശോഭിച്ചുംകൊണ്ടു 1533-ൽ ദിവംഗതനായതുവരെ കാലം കഴിച്ചുകൂട്ടി.

ജനാവലിയെ ഭക്തിമാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിടുന്നതിനു് അദ്ദേഹം ഭാഗവതപുരാണത്തെയാണു് ആശ്രയിച്ചിരുന്നതു്. ഭക്തി വർദ്ധിപ്പിക്കുന്നതിനു പല വഴികളും ഉണ്ടെങ്കിലും അദ്ദേഹം സ്വീകരിച്ചതു സങ്കീർത്തനവും നൃത്തവുമായിരുന്നു. ഇവ രണ്ടും യഥാവിധി നിർവ്വഹിച്ചു് അനേകം ആളുകളെ വിഷ്ണുഭക്തന്മാരാക്കിത്തീർത്തു. ഭക്തിയും സേവനവുമാണു് അദ്ദേഹത്തിന്റെ ശിഷ്യന്മാർ മുക്തിക്കായി കൈക്കൊണ്ട മാർഗ്ഗങ്ങളെന്നു് ഇന്നും ബംഗാളിവൈഷ്ണവന്മാരുടെ ജീവിതത്തിൽനിന്നും വെളിവാകുന്നുണ്ടു്.

ചൈതന്യസ്വാമികൾ വലിയ ഒരു ഗ്രന്ഥകാരനായിരുന്നില്ല. വിഷ്ണുഭക്തന്മാരെയെല്ലാം കൂട്ടിച്ചേർത്തു് ക്രമീകൃതമായ ഒരു സംഘടനയുണ്ടാക്കുന്നതിനും അദ്ദേഹം പ്രാപ്തനായിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ ശിഷ്യവർഗ്ഗം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിതരണംചെയ്യുന്നതിൽ സമർത്ഥന്മാരായിരുന്നു. ഇന്നത്തെ 'വൃന്ദാവനം' എന്ന പുണ്യസ്ഥലം ഉണ്ടായതും അവിടേയും നവദ്വീപത്തും സംസ്കൃതാദ്ധ്യയനം ഇന്നും നിലനില്ക്കുന്നതും അവരുടെ പരിശ്രമഫലങ്ങളാണു്.

ചൈതന്യസ്വാമികളുടെ ശിഷ്യരിൽ അധികഭാഗവും താണവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. മദ്യപാനം, മാംസഭോജനം, ജന്തുഹിംസ എന്നിവ അദ്ദേഹം നിരോധിച്ചു. ജാതിവ്യത്യാസങ്ങൾ അദ്ദേഹം വകവെച്ചിരുന്നില്ല. ഏതു ജാതിയിൽ പെട്ടവനും യഥാർത്ഥമായ ഭക്തിമൂലം മുക്തി പ്രാപിക്കുവാൻ സാദ്ധ്യമാണു് എന്നായിരുന്നു അദ്ദേഹത്തിന്റെ മതം. അദ്ദേഹത്തിനു് ഒരു ചണ്ഡാളനും ഒരു ബ്രാഹ്മണനും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല.

ജനാവലിയുടെ ഭാഷയിൽ പ്രസംഗിക്കുന്നതായാൽ ഒരു മതപ്രചാരകനു് അവരെ കായ്യം എളുപ്പം മനസ്സിലാക്കാമല്ലൊ. കായ്യം മനസ്സിലായാൽ അവർ അദ്ദേഹത്തിന്റെ മതം സ്വീകരിക്കയും ചെയ്യും. ബുദ്ധൻ പാലിഭാഷയിൽ ഉപദേശിച്ചതും നാനക്കു് പഞ്ചാബിഭാഷയിൽ ഉപദേശിച്ചതും ഇതിനു ദൃഷ്ടാന്തങ്ങളാണു്. ചൈതന്യസ്വാമികളും ശിഷ്യരും ബംഗാളിഭാഷയിലാണു് വൈഷ്ണവമതത്തെ

പ്പാടി പ്രസംഗിച്ചതും എഴുതിയതും. അതുനിമിത്തം ബങ്കാളികൾ വേഗത്തിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിച്ചതിനും പുറമേ ബങ്കാളിഭാഷ വളരെ അഭിവൃദ്ധിപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന സഹപ്രവർത്തകനായ നിത്യാനന്ദസ്വാമികളും മറ്റു ശിഷ്യന്മാരും കൂടിയാണ് ബങ്കാളിഭാഷയെ പോഷിപ്പിച്ചതു്. അവർ ഇതു് സാധിച്ചതു് ഭക്തിരസസമ്പൂർണ്ണമായ ഗാനങ്ങൾ, കവിതകൾ, സംസ്കൃതത്തിൽനിന്നുള്ള തർജ്ജമകൾ എന്നിവയുടെ നിർമ്മാണം കൊണ്ടായിരുന്നു. ശ്രീകൃഷ്ണസ്തോത്രങ്ങൾനിമിത്തം ബങ്കാളിഭാഷയിലെ കാവ്യങ്ങൾ വർദ്ധിപ്പിച്ചവരിൽ വിദ്യാപതിക്കും ചാന്ദിദാസനും ഒരു മാന്യസ്ഥാനമുണ്ട്.

ചൈതന്യന്റെ കാലശേഷം ബങ്കാളത്തിൽ ശൈവമതത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങൾക്കു പ്രചാരം കൂടുകയുണ്ടായി. പക്ഷെ അദ്ദേഹത്തിന്റെ കാലത്തുതന്നെ പ്രശസ്തിനേടിയ ജഗന്നാഥത്തിലെ വിഷ്ണുക്ഷേത്രം അതിന്റെ മേന്മകൊണ്ടായതൊരു കുറവും കൂടാതെതന്നെ അന്നും പ്രശോഭിച്ചിരുന്നു.

---

൨൨. രാമദാസനും തുക്കാറാമും.

ക്രിസ്താബ്ദം പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിലും അനേകം ഭക്തന്മാരും ഗ്രന്ഥകാരന്മാരും ഉണ്ടായിരുന്നു. അവരുടെ പ്രയത്നഫലമായി ഭാരതത്തിലെ നാനാഭാഷ

കളും അഭിവൃദ്ധിപ്പെടുകയും ഭാരതീയർ ഭക്തിവിഷയത്തിൽ കൂടുതൽ ഉത്സുകരാകയും ചെയ്തു.

മഹാരാഷ്ട്രത്തിലും മറ്റുദിക്കുകളിലെപ്പോലെതന്നെ മതപരമായ ഒരുണർച്ചയുണ്ടായി. ഇതിനു് ആദ്യത്തെ കാരണഭൂതൻ പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന നാമദേവസ്വാമികളാണു്. ഇദ്ദേഹത്തിന്റെ പ്രവൃത്തി പതിനഞ്ചും പതിനാറും ശതാബ്ദങ്ങളിൽ തുടർന്നുപോരുന്നതിനു പ്രാപ്തന്മാർ ഉണ്ടായിരുന്നു. ഇവരിൽ പ്രധാനമായവർ ശ്രീധരസ്വാമി, തുക്കാറാം, രാമദാസു് എന്നിവരായിരുന്നു. ഇതിൽ ഒടുവിൽ പറയപ്പെട്ടിട്ടുള്ള രണ്ടാളുകളുടെ പ്രവൃത്തികളേയാണു മുക്യ കൂട്ടുതലായി മനസ്സിലാക്കേണ്ടതു്.

രാമദാസസ്വാമി 1608-ലാണു ജാതനായതു്. ക്രമേണ അദ്ദേഹം ഒരു പരമഭക്തനായിതീർന്നു. ഭക്തി വർദ്ധിച്ചതോടുകൂടി അദ്ദേഹത്തിനു് ഇഹലോകചിന്തകളിലുള്ള ശ്രദ്ധ പൊയ്പോയില്ല എന്നു മാത്രമല്ല അതു് കൂടെ വർദ്ധിക്കുകതന്നെ ചെയ്തു. പക്ഷെ ഈ ശ്രദ്ധ കേവലം സ്വാർത്ഥപരമായിരുന്നില്ല. അതു് രാഷ്ട്രപരമായിട്ടാണു പരിണമിച്ചതു്. ചിന്നിച്ചിതറിക്കിടന്നിരുന്ന മഹാരാഷ്ട്രവർഗ്ഗക്കാരെ യോജിപ്പിച്ചു് ഒരു ഹൈന്ദവസാമ്രാജ്യം സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഈ ഉദ്ദേശം സാധിക്കേണ്ടതു് ഈശ്വരേച്ഛയുമായിരുന്നു എന്നു തോന്നുമാറു് അക്കാലത്തു് മഹാരാഷ്ട്രനായകനായി പ്രശോഭിച്ച ശിവാജിയും ജാതനായി.

ദക്ഷിണഖണ്ഡത്തിൽ മുഹമ്മദീയരുടെ ആധിപത്യം വളരെക്കാലം നിലനിന്നിരുന്നു. അവരിൽനിന്നും

ഹിന്തുക്കൾക്കു് കുറെ ശത്രുക്കളെല്ലാം ഉണ്ടായിരുന്നു. ഹിന്തുക്കളായ മഹാരാഷ്ട്രരെ യോജിപ്പിക്കുന്നതിനു രാമദാസൻ പല പ്രവൃത്തികളുംചെയ്തു. ഒരിക്കൽ സഹ്യാദ്രിയുടെ മുകളിൽ നിന്നുംകൊണ്ടു് അദ്ദേഹം ഇങ്ങിനെ പറഞ്ഞു: — "മതഭ്രംശത്തേക്കാൾ മരണമാണു് അധികം നല്ലതു്. പക്ഷെ ആ ഭ്രംശത്തിനു കാരണഭൂതമായ ശക്തികളെ എതിർത്തു ധീരമായി പൊരുതി വേണ്ടിവന്നാൽ മൃതിയടയുന്നതാണു് ഏറ്റവും നല്ലതു്. ധർമ്മസംരക്ഷണമായിരിക്കണം ഇങ്ങിനെയുള്ള പോരാട്ടത്തിന്റെ അടിസ്ഥാനം."

രാമദാസനും തുക്കാറാമും നല്ല കവികളായിരുന്നു. അവരുടെ സന്ന്യാസത്തോടുകൂടി കവിതാവാസനയുംകൂടി ചേർന്പോൾ ജനാവലിയെ ആകർഷിക്കുന്നതിനും നയിക്കുന്നതിനും അവർക്കു പ്രത്യേകം ഒരു ശക്തിയുണ്ടായിരുന്നു. മഹാരാഷ്ട്രജനങ്ങൾക്കു് അവരുടെ പൊതുസ്വത്തായി സാന്മാർഗ്ഗികനടവടികളും ക്ഷേത്രങ്ങളും ദേവന്മാരും ഉണ്ടെന്നും ഏന്നതന്നേയല്ല ഒരു രാഷ്ട്രം അവർക്കു് എളുപ്പത്തിൽ സ്ഥാപിക്കാമെന്നും ഈ യതിവര്യന്മാർ സ്വശക്തിയറിയാതെ കിടന്നിരുന്ന മഹാരാഷ്ട്രവർഗ്ഗക്കാരെ ശക്തിയായി ഉൽബോധിപ്പിച്ചു. ഈ ഉൽബോധനംകൊണ്ടു പ്രചോദിതരായ മഹാരാഷ്ട്രന്മാർ ശിവാജിയുടെ നേതൃത്വത്തിൽ യോജിച്ചു, സംഘടിതമായ ഒരു രാഷ്ട്രം സ്ഥാപിച്ചു. ഇതുനിമിത്തം അവരുടെ ശത്രുക്കളായി വർത്തിച്ചിരുന്ന മുഹമ്മദീയരുടെ പ്രാബല്യം കുറയുകയും ചെയ്തു.

ശിവാജിയുടെ പേരിൽ രാമദാസനു് ഒരു പ്രത്യേക

താല്പര്യമുണ്ടായിരുന്നു. അതുപോലെതന്നെ ശിവാജിക്കും തന്റെ ഗുരുവായ രാമദാസന്റെ നേരെ വലിയ ഭക്തിയുണ്ടായിരുന്നു. രാമദാസൻ ശിവാജിക്കു കൊടുത്ത ഉപദേശത്തിന്റെ ഒരു ഭാഗം ഇങ്ങിനെയായിരുന്നു വത്രെ: — "മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തേക്കാളധികം വിലമതിക്കപ്പെടുന്നവയാണ് . . . . . ധർമ്മത്തെ പുനരുദ്ധരിക്കുന്നതിന്നായിട്ടാണ് താങ്കൾ ജാതനായിട്ടുള്ളതു്. അതിനാൽ മഹാരാഷ്ട്രരെ യോജിപ്പിച്ചു ധർമ്മത്തെ പുനഃസ്ഥാപിച്ചു് വീരകേസരികളായ പൂർവ്വികന്മാരുടെ മാഹാത്മ്യത്തെ പുലർത്തുക". തുക്കാറാമും ശിവാജിയുടെ നയത്തെ പ്രബലമാക്കുന്നതിൽ പങ്കെടുത്തിരുന്നു.

താൻ കൃതകൃത്യനായി എന്ന ബോധത്തോടുകൂടി 1681-ൽ രാമദാസ് ദിവംഗതനായി. തുക്കാറാം അതിന്നുമുമ്പുതന്നെ കാലഗതി പ്രാപിച്ചിരുന്നു.

---

൯. ശിവാജി.

മഹാരാഷ്ട്രം എന്നു പറയപ്പെട്ടിരുന്ന പ്രദേശത്തിന്റെ വടക്കേ അതിരു ശതപുരപർവ്വതവും പടിഞ്ഞാറേതു് അറബിക്കടലുമാകുന്നു. ഇവിടെ ഒരു കഷ്ടകവർഗ്ഗം വസിച്ചിരുന്നു. ഇവരാണ മഹാരാഷ്ട്രന്മാർ. ഇവരിൽ പലരും ദക്ഷിണഖണ്ഡത്തിലെ മുഹമ്മദീയരാജ്യങ്ങളിൽ ഉദ്യോഗസ്ഥന്മാരായി വലിയ കൗന്നത്യം പ്രാപിച്ചു. ഷാജി ബോൺസ്‌ലെ എന്നാൾ ഇങ്ങിനെ ഉയർന്നവരിൽ കേമനായിരുന്നു. അദ്ദേഹം അഹമ്മദ്‌നഗ

രം, വിജയപുരം എന്നീ രാജ്യങ്ങളിൽ ഉദ്യോഗം ഭരിച്ചിരുന്നു.

ഷാജിബോൺസ്ലെ വിജയപുരം രാജാവിന്റെ ഉദ്യോഗത്തിൽ ഇരിക്കുന്ന കാലത്താണ് അദ്ദേഹത്തിന്റെ പുത്രനായി മഹാരാഷ്ട്രനായകനായിതീർന്ന ശിവാജി ജാതനായതു്. 1627-ൽ ശിവനേരി എന്ന കോട്ടയിൽവെച്ചാണു് ഈ ജനനമുണ്ടായതു്. ശിവാജിയുടെ മാതാവു ജീജാബായി എന്ന വനിതാരത്നമായിരുന്നു.



ശിവാജി.

വളരെ ചെറുപ്പത്തിൽതന്നെ ശിവാജി മുഹമ്മദീയരോടുള്ള വെറുപ്പു പ്രത്യക്ഷപ്പെടുത്തി. കൊല്ലുന്നതിനായി കശാപ്പുസ്ഥലത്തേക്കു കന്നുകാലികളെ വലിച്ചിഴച്ചുകൊണ്ടുപോയ മുഹമ്മദീയ കശാപ്പുകാരോടു ശിവാജി കലഹിച്ചു. എന്നുതന്നെയല്ല വിജയപുരം രാജാവിനെ കുമ്പിട്ടു തൊഴുന്നതിനും കൂട്ടിയായ ശിവാജി വഴിപ്പെട്ടില്ല. ശിവാജി തന്റെ കൂടെയിരുന്നാൽ സുൽത്താന്റെ അതൃപ്തിക്കു താൻ പാത്രീഭവിച്ചേക്കുമെന്നു ഭയപ്പെട്ട ഷാജി ശിവാജിയേയും ജീജാബായിയേയും പൂനയിലേക്കയച്ചു. ശിവാജിയുടെ ഗുരുനാഥനും രക്ഷിതാവുമെന്ന സ്ഥാനം ദാദാജി കോന്തദേവൻ എന്നൊരു ബ്രാഹ്മണ

നെ ഏല്പിച്ചു. ഷാജി ബോൺസ്ലെ രണ്ടാമതു കരു വിവാഹം കഴിച്ചിരുന്നു എന്ന സംഗതി ഈ അവസര ത്തിൽ ഓർക്കേണ്ടതാണ്.

ദാദാജിയുടേയും ജീജാബായിയുടേയും ശുശ്രൂഷയി ലും മേൽനോട്ടത്തിലും ശിവാജി വളർന്നുവന്നു. ദാദാജി അദ്ദേഹത്തെ യുദ്ധത്തിനു വേണ്ടതായ സകല അഭ്യാസ ങ്ങളും ചെയ്യിപ്പിച്ചു. മഹാരാഷ്ട്രത്തിലെ മലകളിലും അവയിലെ വളഞ്ഞുപിരിഞ്ഞും ഇടുങ്ങിയുമുള്ള വഴിക ളിലും ശിവാജി പലപ്പോഴും സഞ്ചരിച്ചിരുന്നു. മതപര മായ പല ഉപദേശങ്ങളും ദാദാജി അദ്ദേഹത്തിനു കൊ ടുത്തു. പൺത്രാപുരത്തെ യതിവര്യന്മാരെപ്പറ്റിയും പ ഞ്ചപാണ്ഡവന്മാരെപ്പറ്റിയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പഠിപ്പ്. പ്രത്യേകം നിയമിതരായിരുന്ന അ ദ്ധ്യാപകന്മാർ അദ്ദേഹത്തെ പുരാണ കഥകളിൽ സു പരിചിതനാക്കി.

മാതാവിന്റെ ഉപദേശത്തിനും ശിവജിയുടെ സ ഭാവരൂപീകരണത്തിൽ ഒരു വലിയ സ്ഥാനമുണ്ടായിരു ന്നു. അദ്ദേഹത്തെ അവർ ഒരു സ്വാശ്രയശീലനും ധീര നും ഭക്തനുമാക്കിത്തീർത്തു.

ശിവാജിക്കു പതിനാലു വയസ്സായപ്പോഴേക്കും അദ്ദേഹത്തെ അനുസരിക്കുന്നതിനു അനേകം മഹാരാഷ്ട്ര യുവാക്കന്മാർ സന്നദ്ധരായി. ജന്മനാൽതന്നെ ഒരു നേ തായ അദ്ദേഹത്തിനു് ഇവരെ എളുപ്പത്തിൽ സ്വാധീ നിക്കുവാൻ കഴിഞ്ഞു. ഒരു രാജ്യം സ്വന്തമായി സ്ഥാ പിക്കേണമെന്നും മുഹമ്മദീയരാജാക്കന്മാരുടെ കീഴിൽ

താൻ കരിക്കലും ഉദ്യോഗം ഭരിക്കുന്നതല്ല എന്നും അദ്ദേഹം കാലേതന്നെ മനസ്സിലുറപ്പിച്ചു.

1646 മുതല്ക്കാണ് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളനുസരിച്ചു പ്രവൃത്തികൾ തുടങ്ങിയതു്. ഈ കൊല്ലത്തിൽ വിജയപുരം രാജ്യത്തിൽ ചേർന്ന തോരണ എന്ന കോട്ട പിടിച്ചടക്കി, അവിടത്തെ സ്വത്തും കൈവശപ്പെടുത്തി. അധികം താമസിയാതെ പുരന്ദർ, കൊണ്ടാന മുതലായ കോട്ടകളും പിടിച്ചടക്കി. പിന്നീടു പശ്ചിമഘട്ടം കടന്നു കൊങ്കണദേശത്തു പ്രവേശിച്ചു. അവിടേയും കല്യാൺ മുതലായ കോട്ടകൾ കീഴടക്കി, കൊളാബയിലെ പ്രഭുക്കന്മാരെ മുഹമ്മദീയരുടെ വിരോധികളാക്കി ഇളക്കിവിട്ടു.

ഈ ഘട്ടത്തിൽ വിജയപുരം രാജാവു് ശിവാജിയുടെ പ്രവൃത്തികൾനിമിത്തം കുപിതനായി അദ്ദേഹത്തിന്റെ പിതാവായ ഷാജിയെ തടവിലാക്കി. തന്റെ ആക്രമണങ്ങൾ തൽക്കാലം നിറുത്തിവെച്ചു് ശിവാജി പിതാവിനെ തടവിൽനിന്നും വിടുവിച്ചു.

1657-ൽ മുഗൾചക്രവർത്തിയും വിജയപുരം സുൽത്താനുംതമ്മിൽ യുദ്ധം തുടങ്ങി. ഈ തരം നോക്കി ശിവാജി വീണ്ടും പശ്ചിമതീരത്തുള്ള കൊങ്കണദേശത്തിന്റെ മിക്കഭാഗവും കരസ്ഥമാക്കി. ഈ അവസരത്തിൽ ശിവാജിയെ തോല്പിക്കുന്നതിന്നായി വിജയപുരം സുൽത്താൻ അഫ്സൽഖാൻ എന്ന നായകന്റെ കീഴിൽ 5,000 കുതിരപ്പട്ടാളവും 7,000 കാലാളും അടങ്ങിയ ഒരു സൈന്യമയച്ചു. യുദ്ധത്തിനു മുമ്പായി ശിവാജിയും അഫ്സൽഖാനും തമ്മിൽ ഒരു കൂടിക്കാഴ്ച വേണ

മെന്നു ശിവാജി അഭിപ്രായപ്പെട്ടതനുസരിച്ച് അതിനു് ഏർപ്പാടുചെയ്യപ്പെട്ടു. ഈ കൂടിക്കാഴ്ചയിൽ കൈയിൽ പുലിനഖവും ധരിച്ചു് ആയുധധാരിയായ ശിവാജി അഫ്സൽഖാനെ കാലനുക്കയച്ചു. മഹാരാഷ്ട്രയോദ്ധാക്കളും മുഹമ്മദീയസൈന്യത്തെ തോല്പിച്ചോടിക്കയും ചെയ്തു.

തനിക്കുണ്ടായ വിജയങ്ങളിമിത്തം വീണ്ടും രാജ്യങ്ങൾ പിടിച്ചടക്കുന്നതിൽ ശിവാജിക്കു കൂടുതൽ ഉത്സാഹമുണ്ടായി. മുഗൾചക്രവർത്തിയുടെ രാജ്യങ്ങളും കൈകേകവാൻ അദ്ദേഹം തുടങ്ങി. അന്നു് കുരംഗസീബ്വായിരുന്നു ചക്രവർത്തി. അദ്ദേഹം സൈന്യസമേതം ഷേയ്സ്തഖാനെ ശിവാജിയുടെ നേരെ അയച്ചു. പൂനായിൽ എത്തി താമസിച്ചിരുന്ന ഖാനെ ശിവാജിയും കൂട്ടുകാരും കൂടി നിഗ്രഹിക്കുവാനായി രാത്രിസമയം അദ്ദേഹത്തിന്റെ ക്യാമ്പിൽ പ്രവേശിച്ചു. ഉറങ്ങിക്കിടന്നിരുന്ന ഖാൻ സംഗതിവശാൽ ഉണർന്നുവശാവുകയും കൈയിന്റെ രണ്ടു വിരലുകൾമാത്രം നഷ്ടപ്പെട്ട ജനലിൽകൂടി ചാടി രക്ഷപ്രാപിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹത്തിന്റെ പുത്രനും കുറെ ഭടന്മാരും ഹതരായി. ഇതുണ്ടായതു് 1662-ൽാണു്.

രണ്ടുകൊല്ലം കഴിഞ്ഞു 1664-ൽ ശിവാജി ഇംഗ്ലീഷുകാർക്കു് സൂറത്തിലുണ്ടായിരുന്ന പാണ്ടികശാല കൊള്ളചെയ്തു. അദ്ദേഹത്തെ എതിർത്തവരെയെല്ലാം തോല്പിച്ചു്, പട്ടണം പിടിച്ചടക്കി അസംഖ്യം ദ്രവ്യവും കൊണ്ടു മടങ്ങി. അധികം താമസിയാതെ രാജാവു് എന്നസ്ഥാനപ്പേർ അദ്ദേഹം സ്വീകരിച്ചു.

പിന്നീട് കുറെ കപ്പലുകൾ ശേഖരിച്ചു കരയിലെന്നപോലെ കടലിലും അദ്ദേഹം കൊള്ളക്കൊരുങ്ങി. മക്കത്തേക്കു മുഹമ്മദീയതീർത്ഥയാത്രക്കാർ പോയിരുന്ന ചില കപ്പലുകളിന്മേൽ അദ്ദേഹം കൈവെച്ചു. കടലിൽ അദ്ദേഹത്തിനു കരയിലുണ്ടായപോലെയുള്ള വിജയമുണ്ടായില്ല. എന്നാൽ അന്നയല്ല ഈ പ്രവൃത്തികൾ മുഗൾ ചക്രവർത്തിയായ ഔരംഗസീബിനെ കുപിതനാക്കി. മുഹമ്മദീയമതത്തെ അപമാനിക്കുകയാണു ശിവാജി ചെയ്തതെന്നു വിചാരിച്ചു ചക്രവർത്തി ദക്ഷിണഖണ്ഡത്തേക്കു കരുക്കൾ നീക്കുവാൻ ഒരു വമ്പിച്ച സൈന്യത്തെ അയച്ചു. തന്റെ ജീവിതത്തിൽ ആദ്യമായി ചില പരാജയങ്ങൾ ഈ അവസരത്തിൽ ശിവാജിക്കു നേരിട്ടു. അദ്ദേഹം മുഗളരുമായി പുരന്ദരത്തുവെച്ചു് ഒരു ഉടമ്പടി ചെയ്തു. ഇതുപ്രകാരം അദ്ദേഹം ഇരുപതു് കോട്ടകൾ അവർക്കു വിട്ടുകൊടുത്തു. പകരമായി വിജയപുരത്തെ ചില ജില്ലകളിൽനിന്നു ചൌത്തു്, (ചതുർഭാഗം) പിരിക്കുവാനുള്ള അധികാരം അദ്ദേഹത്തിനു കിട്ടി.

വിജയപുരത്തെ എതിർത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ ഔരംഗസീബിനെ ക്ഷണനേരം സഹായിച്ചു് ശിവാജി ആഗ്രയിൽ എത്തി. ഔരംഗസീബ്പോകട്ടെ ശിവാജിയെ കണ്ട ഭാവം നടിച്ചില്ല എന്നു മാത്രമല്ല അദ്ദേഹത്തെ മാരകവിധത്തിലും അപമാനിച്ചു കാരാഗൃഹത്തിലാക്കി. ശിവാജി ചില പലഹാരക്കൂടകളുമായി കടന്നു് അവരുടെ കൊട്ടയിൽ കയറിക്കിടന്ന തടവിൽനിന്നും രക്ഷപ്പെട്ടു. ഏകദേശം ഒമ്പതു മാസത്തെ കാ

രാഗൃഹവാസം കഴിഞ്ഞു് അദ്ദേഹം വേഷച്ചരന്നനായി 1666-ൽ സ്വരാജ്യത്തു മടങ്ങിയെത്തി.

ആഗ്രയിൽനിന്നും മടങ്ങിയശേഷം പിന്നേയും അദ്ദേഹത്തെ വിജയശ്രീ ലാളിച്ചു. കൈവിട്ടുപോയിരുന്ന രാജ്യങ്ങളെല്ലാം വേഗത്തിൽ അദ്ദേഹം വീണ്ടെടുത്തു. വിജയപുരത്തേയും ഗോൽഖണ്ഡത്തേയും ഏതിർത്തു. അവയിൽനിന്നും കപ്പം വസൂലാക്കി. 1674-ൽ രണ്ടാംപ്രാവശ്യം സൂറത്തുനഗരം കൊള്ളചെയ്തു. മുഗൾസൈന്യത്തേയും തോല്പിച്ചു. 1674-ൽ രായിഗർ (രാജഗൃഹം) എന്ന സ്ഥലത്തുവെച്ചു ശിവാജി മഹാരാഷ്ട്രരാജാവായി അഭിഷേകം ചെയ്യപ്പെട്ടു. കിരീടധാരണാവസരത്തിൽ ഇംഗ്ലീഷുകാരുടെ പ്രതിനിധിയായി ഹെൻറി ആക്സിൻഡൻ എന്നൊരു മഹാൻ സന്നിഹിതനായിരുന്നു എന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണു്. അവസരോചിതവും ബഹുമാനമഹിമാവുമായ കരുട്ടപ്പു് ഈ യൂറോപ്യനു അന്നു് സമ്മാനമായി കൊടുക്കുകയുണ്ടായി.


കിരീടധാരണത്തിനുശേഷം തെക്കോട്ടാണു ശിവാജിയുടെ ദൃഷ്ടി പതിഞ്ഞതു്. കർണ്ണാടകം മിക്കതും പിടിച്ചടക്കിയ ശേഷം അദ്ദേഹം തഞ്ചാവൂക്കു പോന്നു. അവിടെ പിതൃസ്വത്തായ "ജാഗിർ" മുഴുവനും തന്റെ സഹോദരനായ വെങ്കാജി കൈവശം വെച്ചിരുന്നു. അതിൽനിന്നും തന്റെ കാഹരി വാങ്ങി മടങ്ങി. 1677-ൽ മദിരാശിക്കടുത്തുകൂടി യാത്രചെയ്തു ജിഞ്ചിയിലെ കോട്ടയും വെല്ലൂർ, അർണി മുതലായ സ്ഥലങ്ങളും പിടിച്ചു

ടക്കി 1679-ൽ ജയദേരിയോടുകൂടി രാജഗൃഹത്തിൽ മട ങ്ങിയെത്തി.

വിജയശ്രീലാളിതനായ മഹാരാഷ്ട്രനായകന്റെ അന്ത്യകാലം ദുഃഖപൂരിതമായി ഭവിച്ചു. പുത്രന്മാരായ സംഭാജിയും രാജറാമും തമ്മിൽ രാജ്യാവകാശത്തെപ്പറ്റി കലഹിക്കുവാൻ തുടങ്ങി. തന്റെ സഹോദരൻ വെങ്കാ ജിക്കാകട്ടെ അദ്ദേഹത്തോടു വലിയ നീരസവുമായിരുന്നു.

ശിവാജിയുടെ സ്വഭാവരൂപീകരണത്തിൽ ദാദാ ജിക്കും ജീജീബായിക്കും ഉണ്ടായിരുന്നതിനേക്കാൾ കുറ്റം താഴെയല്ലാത്ത ഒരു സ്ഥാനമാണു രാമദാസനും തുക്കാറാ മിനുമുള്ളതു്. ഈ രണ്ടു യതിവര്യന്മാർ അദ്ദേഹത്തെ ഒരു കർമ്മയോഗിയാക്കിത്തീർത്തുവെന്നു പറയാവുന്നതാ ണു്. ശിവാജി അവരുടെ ഉപദേശങ്ങൾ പലപ്പോഴും അവശ്യപ്പെടുകയും സ്വീകരിക്കുകയും പതിവായിരുന്നു. കുറച്ചുദിവസത്തെ സുഖക്കേടു നിമിത്തം 1680 മാർച്ച് 24-ാംനു ശിവാജി കാലഗതി പ്രാപിച്ചു. അദ്ദേഹം മരിക്കുന്നതിനു മുമ്പായി യതിവര്യനും ഗുരുവുമായ സ്വാമി രാമദാസനെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുകയും ചെയ്തിട്ടുണ്ടായിരുന്നു.

ശിവാജി ഏർപ്പെടുത്തിയ ഭരണസമ്പ്രദായം വള രെ കായ്ക്ഷമമായിട്ടുള്ളതായിരുന്നു. അദ്ദേഹത്തെ സ ഹായിക്കുന്നതിനായി എട്ടു അംഗങ്ങളടങ്ങിയ ഒരു സഭ യുണ്ടായിരുന്നു. "അഷ്ടപ്രധാൻ" എന്നായിരുന്നു ഇതി ന്റെ പേർ. ഈ എട്ടു പ്രധാനന്മാരിൽ ഓരോരുത്തരും ഓരോ വകുപ്പിന്റെ അദ്ധ്യക്ഷത വഹിച്ചിരുന്നു. അവ രിൽ ഏറ്റവും പ്രധാനിയായ ആൾ പേശവ എന്നു വിളി



ക്കപ്പെട്ടു. യഥാർത്ഥത്തിൽ പേശവക്കു് കരു പ്രധാനമന്ത്രിയുടെ സ്ഥാനമാണ്ടായിരുന്നതു്.

നികുതിവകുപ്പ് ശരിയായിരുന്നാൽ മാത്രമേ പ്രജാവലിക്കു ക്ഷേമമുണ്ടാകയുള്ളു എന്നു ശിവാജി ധരിച്ചിരുന്നു. നിലങ്ങൾ സർവ്വെചെയ്തു തരംതിരിച്ചാണ് കരം പതിച്ചിരുന്നതു്.

സൈന്യവകുപ്പിൽ പ്രധാനമായി കോട്ടകൾ, കുതിരപ്പട്ടാളം, കാലാൾ, കടൽസൈന്യം എന്നിങ്ങിനെ നാലു വിഭാഗങ്ങൾ ഉണ്ടായിരുന്നു. കോട്ടകളായിരുന്നു മഹാരാഷ്ട്രശക്തിയുടെ ജീവൻ. കുതിരപ്പട്ടാളവും കാലാളും വളരെ കർശനമായ നിയമങ്ങൾക്കധീനങ്ങളായിരുന്നു. കടൽസൈന്യത്തിൽ നാന്നൂറു കപ്പലുകൾ ഉണ്ടായിരുന്നതു രണ്ടായി ഭാഗിച്ചിരുന്നു. നാവികസൈന്യം വലിയ കായ്ക്ഷമമായിരുന്നില്ല.

അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടന്നിരുന്ന മഹാരാഷ്ട്രജനങ്ങളെ കൂട്ടിയിണക്കി, അനേകം പ്രതിബന്ധങ്ങളെ ജയിച്ചു സംഘടിതമായ ഒരു രാഷ്ട്രം രൂപീകരിച്ചു എന്നതാണു ശിവാജിയുടെ നേട്ടം.

---

൫൦. പേശ്വാർ.

ശിവാജിയുടെ കാലശേഷം പുത്രനായ സാമ്പാജി കമ്പക്കുകൊല്ലം ജനങ്ങളെ ദ്രോഹിച്ചു പ്രാപ്തി കൂടാതെയുള്ള ഭരണം നടത്തി. പിന്നീടു പതിനൊന്നു കൊല്ലത്തോളം കാലം രാജാറാമും അതിനുശേഷം 1708 വരെ അദ്ദേഹത്തിന്റെ വിധവയായ താരാബായിയും മഹാരാഷ്ട്രഭരണം നടത്തി. അന്നുമുതൽ ശിവാജിയുടെ പൌത്രനായ സാഹു രാജ്യഭാരം തുടങ്ങി.

ഔരംഗസീബിന്റെ അരമനയിൽ ബന്ധനസ്ഥനായി വളർന്നവന്ന സാഹു ഒരു സുഖലോലുപനായിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ പേശവ ബാലാജി വിശ്വനാഥൻ എന്ന ഒരു കൊങ്കണബ്രാഹ്മണനായിരുന്നു. അഷ്ടപ്രധാന്മാരിൽ പ്രധാനിയായിരുന്ന പേശവ എന്ന മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. സാഹു അപ്രാപ്തനായിരുന്നുവെങ്കിലും പേശവയുടെ യഥാർത്ഥ യോഗ്യത വേഗത്തിൽ മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനാൽ രാജ്യഭാരകാര്യങ്ങളും മുഴുവനും സാഹു പേശവയെ ഏല്പിച്ചു താൻ പേരിനു മാത്രം രാജാവായി വാണു.

ബാലാജി വിശ്വനാഥൻ യഥാർത്ഥത്തിൽ രണ്ടാമത്തെ പേശവയായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ശേഷിയും ശേമുഷിയും നിമിത്തം അദ്ദേഹത്തിനു പേശവമാരിൽ ഒന്നാംസ്ഥാനംതന്നെ നൽകപ്പെട്ടിരുന്നു. 1713 മുതൽ ഏഴുകൊല്ലമേ ഇദ്ദേഹം പേശവാസ്ഥാനം അലങ്കരിച്ചുള്ളു. എങ്കിലും അതിനിടക്കു് അദ്ദേഹം ആ സ്ഥാനത്തെ പരമ്പരാവകാശമാക്കിത്തീർത്തു.

അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ പ്രധാനമായവ മാത്രം ഇവിടെ പറയാം. രാജാവിന്റെ സേനാധികാരത്തിന്റെ സ്ഥാനത്തു് അദ്ദേഹം പ്രധാനികളുടെ സഭക്കു് അധികാരം ലബ്ധമാക്കി. മഹാരാഷ്ട്രരുടെ ശക്തിയെ കുറെക്കൂടി വിസ്തൃതമാക്കി എന്നുതന്നെയല്ല അതിനെ കൂടുതൽ ദൃഢീകരിക്കുകയും ചെയ്തു. സ്ഥാനമാനങ്ങളും ഔദ്യോഗികരമൊഴിവായി വസൂക്കളും കൊടു

ത്തും അദ്ദേഹം പൌരപ്രധാനികളുടെ സ്നേഹബഹുമാനങ്ങളും സമ്പാദിച്ചു. 1720-ൽ അദ്ദേഹം മരിച്ചു.

ബാലാജിയുടെ പുത്രനായ ബാജിറാവു 1720-ൽ പേശ്വയായി. ഇരുപതുകൊല്ലം അദ്ദേഹം ആ സ്ഥാനത്തെ അലങ്കരിച്ചു. ഒരു ഹൈന്ദവസാമ്രാജ്യം സ്ഥാപിച്ചു മഹാരാഷ്ട്രപതാകയെ കൃഷ്ണാനദി മുതൽ സിന്ധുനദിവരെ പാറിപ്പറപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം.

ഇദ്ദേഹം ഉജ്ജയിനി പിടിച്ചടക്കി; നൈസാമിന്റെ ശക്തിക്കു കുറവു വരുത്തി. നൈസാമിനെ സഹായിക്കാനൊരുങ്ങിയ ത്ര്യംബകറാവുവിനെ യുദ്ധത്തിൽ കൊന്നു മഹാരാഷ്ട്രത്തിലെ കിരീടമില്ലാത്ത രാജാവായി പ്രശോഭിച്ചു.

അദ്ദേഹം മദ്ധ്യേന്ത്യയിൽ പ്രവേശിച്ചു മാൾവാ, ബന്തലഖണ്ഡം മുതലായ പ്രദേശങ്ങളും കൈവശമാക്കി. പറങ്കികളുടെ പക്കൽനിന്നും സാൽസത്തും ബസ്സീനും പിടിച്ചടക്കി. നൈസാമുമായുണ്ടാക്കിയ ഒരു സന്ധി ചെയ്യിച്ചു. ഹിന്ദുസ്ഥാനത്തിലും മഹാരാഷ്ട്രശക്തി സ്ഥാപിച്ചശേഷം തന്റെ നാല്പത്തിരണ്ടാമത്തെ വയസ്സിൽ ബാജിറാവു മരിച്ചു. ഈ സംഭവം 1740-ൽ ആയിരുന്നു. അന്നു് അദ്ദേഹത്തിന്റെ കീർത്തി നാടെങ്ങും പരന്നിരുന്നു.

ബാലാജിയെ തുടർന്നു് അദ്ദേഹത്തിന്റെ പുത്രൻ ബാലാജി ബാജിറാവു 1740-ൽ പേശ്വയായി. ഇദ്ദേഹത്തെ നിയമിച്ചതിൽ പലർക്കും ആക്ഷേപമുണ്ടായിരുന്നു. ഈ ആക്ഷേപകക്ഷിയുടെ നേതാവു രഘൂജി

ബോൺസ്ലെ ആയിരുന്നു. അന്നും രാജാവായിരുന്ന സാഹുവിന്റെ ആനുകൂല്യം ഉണ്ടായിരുന്നതിനാലാണ് ബാലാജി ബാജിറാവുതന്നെ പേശവയായി നിയമിതനായത്. പിന്നീട് രഘൂജിയും പേശവയുംതമ്മിൽ രഹസ്യമായി കരുക്കൾ ചെയ്തു. അവർ രണ്ടുപേരും ചെയ്യുന്ന പ്രവൃത്തികളിൽ അന്യോന്യം ഇടപെടാതിരിക്കണമെന്നായിരുന്നു അത്. രഘൂജി കൊല്ലന്തോറും ബംഗാളത്തിൽ ആക്രമണങ്ങൾ നടത്തിയിരുന്നു. ബാലാജി ബാജിറാവുവിന്റെ ഭരണത്തിൽ മഹാരാഷ്ട്രമുഖ്യന്മാരുടെ ശക്തി പൂർവ്വാധികം വർദ്ധിച്ചു.

1708 മുതൽ രാജാവായിരുന്ന സാഹു 1748-ൽ മരിച്ചു. അദ്ദേഹത്തിന്നു സന്താനമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിധവയും രാജാറാമിന്റെ വിധവയായിരുന്ന താരാഭായിയും രാജസ്ഥാനം രാജകുടുംബത്തിലെ ഒരംഗംതന്നെ അലങ്കരിക്കേണമെന്നുവെച്ചു പലതും ശ്രമിച്ചുവെങ്കിലും അവരുടെ ശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളായി. ബാലാജി ബാജിറാവുതന്നെ രാജാവിന്റെ സ്ഥാനവും കൈകേറി. തന്റെ പ്രവൃത്തിയെ സാധൂകരിക്കുന്നതിന്നായി സാഹു കൊടുത്തിരുന്നതായി പറയപ്പെട്ടിരുന്ന ഒരു രേഖയും പേശവ ഹാജരാക്കി. ഇങ്ങിനെയാണ് പേശവ തന്റെ സ്ഥാനാവകാശം ഉറപ്പിച്ചത്.

രാജാവിന്റെ ശക്തി കുറഞ്ഞതോടുകൂടി സ്വാതന്ത്ര്യേച്ഛുക്കളായ മഹാരാഷ്ട്രമുഖ്യന്മാരെ കൂട്ടിയിണക്കുവാൻ ഒരു സ്ഥാപനം വേണ്ടിവന്നു. ഇതുനിമിത്തമാണ് മഹാരാഷ്ട്രപ്രഭുക്കന്മാരുടെ സംയുക്തസംഘം രൂപീകൃതമായത്. ഇതിൽ പ്രധാനികളാ,

1. മദ്ധ്യേന്ത്യയിൽ നാഗപുരം ഭരിച്ചിരുന്ന രഘൂജി ബോൺസ്ലെ.

2. ഗുജറാത്ത് രാജ്യം ഭരിച്ചിരുന്ന ഗേയ്ക്ക്വാർ.

3. ഡെൻഡോറഡിപനായിരുന്ന മല്ലാരി റാവു ഹോൾക്കാർ.

4. ഗ്വാളിയോർ ഭരിച്ചുവന്നിരുന്ന രണോജി സിന്ധ്യ.

എന്നിങ്ങിനെ നാലുപേരായിരുന്നു. അവരെ കൂട്ടിയിണക്കുന്നതിനായി കാരോരുത്തക്കും അവരവരുടെ രാജ്യാതൃത്തിക്കകത്തു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഇതു കൂടാതെ എല്ലാവരും രാജാവിനെ അംഗീകരിച്ചു് രാജഭോഗവും പിരിയുന്ന മൊത്തിൽ ഒരു ഭാഗവും അദ്ദേഹത്തിനു നൽകിയിരുന്നു. മൂന്നാമതായി കാരോരുത്തരും കൊല്ലന്തോറും ഒരു ആയവ്യയക്കണക്കു സ്റ്റേയ്റ്റ് ഖജാൻജിക്കയക്കേണമെന്നും നിശ്ചയമുണ്ടായിരുന്നു.

സംയുക്തസംഘത്തിലെ വ്യക്തികളുടെ പ്രാബല്യം വർദ്ധിച്ചതോടുകൂടി അതിനു ഉടവുതട്ടി. ഇവരുടെ പ്രാബല്യം പലവിധത്തിലും വർദ്ധിച്ചു. 1760-ൽ മഹാരാഷ്ട്രരുടെ അധികാരം ചമ്പൽ, യമുനാ എന്നീ നദികളം മുതൽ തെക്കു് ഗോദാവരിവരേയും അറബിക്കടൽ മുതൽ ബങ്കാളംവരേയും വ്യാപിച്ചിരുന്നു. ഭാരതഖണ്ഡം മുഴുവനും കീഴടക്കി ഭരിക്കാനുള്ള കരവീരമായിരുന്നു അവക്കുള്ളതു്; പക്ഷെ അവരുടെ ഈ നില പെട്ടെന്നു മാറിപ്പോയി.

1757-ൽ പേർഷ്യാധിപനായ അഹമ്മദ്ഷാ

അബ്ദാലി ഇന്ത്യയെ ആക്രമിച്ചു പഞ്ചാബ് കീഴടക്കി. അവിടെ തന്റെ പുത്രനെ വൈസ്രോയിയായി നിയമിച്ചിരുന്നു. രഘുനാഥറാവു എന്ന മഹാരാഷ്ട്രപ്രമാണി പഞ്ചാബ് പിടിച്ചടക്കി. ഉടനെ മഹമ്മദീഷാ അബ്ദാലി വന്നു മഹാരാഷ്ട്രരെ എതിർത്തു. 1761-ൽ പാനിപ്പറ്റിൽവെച്ച് ഒരു ഘോരസമരം നടന്നു. ഇതു് അവിടത്തെ മൂന്നാമത്തെ യുദ്ധമായിരുന്നു. ഇതിൽ മഹാരാഷ്ട്രശക്തി നാമാവശേഷമായിത്തീർന്നു. ജനവരി മാസത്തിലാണു് ഈ യുദ്ധം നടന്നതു്. പരാജിതനായ പേശ്വക്കു് സഹിക്കവയ്യാത്ത അപമാനവും വ്യസനവും തോന്നി. ദുഃഖിതനായ അദ്ദേഹം 1761 ജൂൺമാസത്തിൽ കാലഗതി പ്രാപിച്ചു.

പേശ്വയുടെ പ്രഥമപുത്രൻ വിസ്വാസറാവു പാനിപ്പറ്റിലെ മൂന്നാംയുദ്ധത്തിൽ മരിച്ചുപോവുകയാൽ ദ്വിതീയപുത്രൻ മാധവറാവു പേശ്വയായി. മാധവറാവുവിനെത്തുടർന്നു 1772-ൽ അനുജൻ നാരായണറാവു പേശ്വയായി. പക്ഷെ അദ്ദേഹം 1773-ൽ കൊല്ലപ്പെട്ടു. അതിനു ശേഷം അദ്ദേഹത്തിന്റെ മാതുലനായ രഘുനാഥറാവുവാണു് 1782വരെ പേശ്വാസ്ഥാനം വഹിച്ചതു്. ഇദ്ദേഹത്തെ പുത്രൻ ബാജിറാവു ദ്വിതീയൻ പിൻതുടർന്നു. 1818വരെ ആ സ്ഥാനത്തു് അദ്ദേഹം തന്നെയായിരുന്നു.

---

൧൧. ഡ്യൂപ്ലേയും ക്ലൈവും.

ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും പതിനെട്ടാം ശതാബ്ദത്തിന്റെ മദ്ധ്യകാലംവരെ കച്ചവടം ചെയ്തു

വന്നു. അവർതമ്മിൽ മത്സരമുണ്ടായിരുന്നുവെങ്കിലും വലിയ യുദ്ധമൊന്നുമുണ്ടായിരുന്നില്ല. 1741-ൽ ഡ്യൂപ്ലെ പരന്ത്രീസ് ഗവർണരായി നിയമിതനായി. അതിനു മുമ്പുതന്നെ ബങ്കാളത്തിൽ ചന്ദ്രനഗരസ്ഥാപനത്തിൽ ഡ്യൂപ്ലെ തന്റെ പ്രാപ്തി വെളിപ്പെടുത്തീട്ടുണ്ടായിരുന്നു.

ഇന്ത്യയിലെ പരന്ത്രീസ് ഗവർണർമാരിൽ ഏറ്റവും പ്രധാനിയായിരുന്നു ഡ്യൂപ്ലെ. ഇന്ത്യയിൽ ജനിച്ച് വളർന്നവരും കരു പരന്ത്രീസുകാരന്റെ വിധവയും ആയ കരു സ്ത്രീയെയാണ് ഡ്യൂപ്ലെ തന്റെ ഭാര്യയായി സ്വീകരിച്ചത്. ഇവക്കു ഇന്ത്യയിലെ ഭാഷകളും സമുദായാചാരങ്ങളും അറിയാമായിരുന്നു. അതുകൊണ്ടു അവക്കു ഡ്യൂപ്ലെയെ നാനാപ്രകാരേണ സഹായിക്കുവാൻ സാധിച്ചു.



ഡ്യൂപ്ലെ.

1744-ൽ യൂറോപ്പിൽ ഇംഗ്ലീഷുകാരും പരന്ത്രീസുകാരും തമ്മിൽ യുദ്ധം തുടങ്ങി. ആസ്ത്രീയരാജ്യത്തെ പിൻ വാഴ്ച്ച വകാശത്തെ സംബന്ധിച്ചായിരുന്നു ഈ യുദ്ധം തുടങ്ങിയതു്. ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്യാൻ കരു കാരണം കിട്ടുവാൻ കാത്തിരുന്നിരുന്ന ഡ്യൂപ്ലെയ്ക്കു നല്ല കരവസരം കിട്ടി. പരന്ത്രീസ് കപ്പിത്താൻ ലബർ ഡോണൈ മദിരാശി പിടിച്ചടക്കി. നല്ല കരു

തുക കിട്ടിയാൽ അതു് ഇംഗ്ലീഷുകാക്കുതന്നെ വിട്ടുകൊടുക്കാമെന്നു് അദ്ദേഹം സമ്മതിച്ചു. ഇതു ഡൂപ്ലെക്കു സമ്മതമായില്ല. ആയതിനാൽ ഡൂപ്ലെ മദിരാശി കൈവശപ്പെടുത്തി. കരനാടകനവാബായ അൻവരുദ്ദീനു പരന്ത്രീസുകാരുടെ പെരുമാറ്റം പിടിച്ചില്ല. അതിനാൽ അദ്ദേഹം അവരുടെ നേരെ യുദ്ധത്തിനു ചെന്നു. പക്ഷെ സാൻതോം എന്ന സ്ഥലത്തുവെച്ചു് പരന്ത്രീസുകാർ അദ്ദേഹത്തെ തീരെ തോല്പിച്ചു. യൂറോപ്യൻ യോദ്ധാക്കാൾ ഇന്ത്യയിലെ നായകന്മാരുടെ കീഴിലുള്ളവരേക്കാൾ യുദ്ധസാമർത്ഥ്യമുള്ളവരായിരുന്നുവെന്നു് സാൻതോമിലെ ഈ യുദ്ധം തെളിയിച്ചുവല്ലൊ. എ-യിലാഷാപ്പൽ എന്ന സ്ഥലത്തുവെച്ചുണ്ടായ ഉടമ്പടിപ്രകാരം 1748-ൽ യൂറോപ്പിലെ യുദ്ധം അവസാനിച്ചു. അപ്പോൾ ഇവിടെയും യുദ്ധംനിറുത്തി പരന്ത്രീസുകാർ മദിരാശി ഇംഗ്ലീഷുകാക്കു തിരികെ കൊടുത്തു. ഈ യുദ്ധം ദക്ഷിണേന്ത്യയിൽ പരന്ത്രീസുകാരുടെ കീർത്തി വർദ്ധിപ്പിക്കുകയുണ്ടായി. ഇതിന്നാണെ ഒന്നാം കരനാടകയുദ്ധമെന്നു പേർ.

ആദ്യത്തെ യുദ്ധത്തിൽ ജയിച്ചതുകൊണ്ടു ഡൂപ്ലെയുടെ ഉത്സാഹം വർദ്ധിച്ചു. എന്നുതന്നെയല്ല യുദ്ധം കവ്വടത്തേക്കാൾ ആദായകരമാണെന്നും പരന്ത്രീസുകാക്കു തോന്നി. നാട്ടരാജാക്കന്മാർ യൂറോപ്യന്മാരുടെ യുദ്ധസാമർത്ഥ്യം അറിഞ്ഞു് അഭ്യന്തരകലഹങ്ങളിൽ അവരുടെ സഹായം ആവശ്യപ്പെടുവാൻ തുടങ്ങി. ഇങ്ങിനെയിരിക്കെ 1748-ൽ ഹൈദ്രബാദിലെ നൈസാം മരിച്ചു

പോയി. അദ്ദേഹത്തിന്റെ അവകാശികളായി പുത്രനായ നാസിർജങ്ങും പൌത്രനായ മുസഫർജങ്ങും പുറപ്പെട്ടു. ഈ സമയത്തു് കരനാടകനവാബായ അൻവരുദ്ദീനെ തോല്പിച്ചു് അദ്ദേഹത്തിന്റെ സ്ഥാനത്തു് കയറുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്നിരുന്ന കരാളായിരുന്ന ചണ്ടാസാഹിബു്. ഈ ചണ്ടാസാഹിബും മുസഫർജങ്ങു പരന്ത്രീസുകാരുംകൂടി ചേന്നു കരാറുചെയ്തു.

ഈ മൂന്നു കക്ഷികളുടേയും ഏകോപിച്ച സൈന്യം അൻവരുദ്ദീനെ ഏതിരിട്ടു. പരന്ത്രീസുപടനായകൻ ബുസ്സിയായിരുന്നു. ആമ്പൂർ എന്ന സ്ഥലത്തുവെച്ചുണ്ടായ യുദ്ധത്തിൽ അൻവരുദ്ദീൻ ഹതനായി. അദ്ദേഹത്തിന്റെ തലസ്ഥാനമായ ആക്കാട്ടു ശത്രുക്കൾ പിടിച്ചടക്കി. അൻവരുദ്ദീന്റെ പുത്രൻ മുഹമ്മദ് അലി തൃശ്ശിനാപ്പിള്ളിക്കു് ഓടി രക്ഷപ്പെട്ടു.

ചണ്ടാസാഹിബു് കരനാടകനവാബാക്കപ്പെട്ടു. വിജയികൾ ഹൈദരബാദിൽ പ്രവേശിച്ചു് നാസിർജങ്ങിനെ കൊലപ്പെടുത്തി മുസഫർജങ്ങിനെ സൈസാമാക്കി വാഴിച്ചു. അദ്ദേഹം അധികം താമസിയാതെ കൊല്ലപ്പെട്ടപ്പോൾ സലബത്തുജങ്ങു് പിന്നൊരാൾ നൈസാമായി. അദ്ദേഹവും പരന്ത്രീസുകാരുടെ രക്ഷയിൽതന്നെയായിരുന്നു. പരന്ത്രീസുകാരുടെ പേരും പെരുമയും പൂർവ്വാധികം വർദ്ധിച്ചു.

മുഹമ്മദു് അലി തൃശ്ശിനാപ്പിള്ളിയിൽ അഭയം പ്രാപിച്ചു എന്നു മുൻ പറഞ്ഞിട്ടുണ്ടല്ലോ. ചണ്ടാസാഹിബു തൃശ്ശിനാപ്പിള്ളിയെ നിരോധിച്ചു മുഹമ്മദു അലിയെ കീഴടക്കുവാൻ ശ്രമിച്ചു. ഈ ഘട്ടത്തിലാണു് ഇംഗ്ലീഷുകാരു

ടെ പുറപ്പാട്. മുഹമ്മദലിയെ സഹായിച്ച തദ്ദേശീയരായ പരദേശീയരെ തോല്പിക്കുവാൻ ശ്രമിച്ചില്ലെങ്കിൽ അവരുടെ ഭാവി വളരെ ശോചനീയമായിരിക്കുവാനിടയുണ്ട് എന്നു് അവർ മനസ്സിലാക്കി. അതിനാൽ മുഹമ്മദലിയെ സഹായിക്കാനൊരുങ്ങിപ്പുറപ്പെട്ടു.

ഈ അവസരത്തിലാണു ക്ലൈവ് എന്ന പേരായ ഒരു ഇംഗ്ലീഷു സിവിലുദ്യോഗസ്ഥന്റെ യുദ്ധസാമർത്ഥ്യം പ്രത്യക്ഷമായതു്. ഇംഗ്ലീഷുകാർ എന്താണു്, എങ്ങിനെയാണു പ്രവർത്തിക്കേണ്ടതു് എന്നു് ആലോചിച്ചുകൊണ്ടിരുന്നു. ക്ലൈവു കാര്യങ്ങളുടെ സ്ഥിതിഗതികൾ വേഗത്തിൽ ധരിച്ചു. തുശ്ശിനാപ്പിള്ളിയെ രക്ഷിക്കുന്നതിനായി കർനാടകനവാബിന്റെ തലസ്ഥാനമായ ആർക്കാടുനഗരത്തെ എടുക്കുവാനാണു ക്ലൈവു് തീർച്ചയാക്കിയതു്. നവാബാകട്ടെ തലസ്ഥാനത്തെ സൈന്യമാസകലവും തുശ്ശിനാപ്പിള്ളിക്കു കൊണ്ടുപോയിരുന്നു. ക്ലൈവു് ചെട്ടെന്നുചോയി ആർക്കാടു പിടിച്ചടക്കി. വിവരമറിഞ്ഞ ചണ്ടാസാഹിബ് തന്റെ പുത്രൻ രാജാസാഹിബിന്റെ കീഴിൽ ഒരു സൈന്യമയച്ചു. ക്ലൈവു് ഈ സൈന്യത്തെ പിൻതിരിപ്പിച്ചു. എന്നുതന്നെയല്ല ആർണി, കാവേരി, പക്കം എന്നീ സ്ഥലങ്ങളിൽവെച്ചു രാജാസാഹിബിനെ തീരെ തോല്പിച്ചു. സൈന്യാധിപനായ മേജർ ലാറൻസിന്റെ സൈന്യത്തോടു ചേർന്നു തുശ്ശിനാപ്പിള്ളിക്കു തിരിച്ചു. ഈ വിവരമറിഞ്ഞ ചണ്ടാസാഹിബ് പിൻമാറി ശ്രീരംഗംദ്വീപിൽ രക്ഷപ്രാപിച്ചു. ശ്രീരംഗം വളഞ്ഞു് അദ്ദേഹത്തെ ഇംഗ്ലീഷുകാരും സഹായികളുംകൂടി കീഴടക്കി. പിന്നീടു് അദ്ദേഹം ഹതനായി.

പരന്ത്രീസുകാർ പല ദിക്കിലുംവെച്ചു പരാജിതരായിയെങ്കിലും അതു സമ്മതിക്കുവാൻ ഡൂപ്ലെ തയ്യാറില്ലായിരുന്നു. എന്നുതന്നെയല്ല ഡൂപ്ലെ കരിക്കൽകൂടി തുശ്ശിനാപ്പിള്ളി വളയുകയുംകൂടിയുണ്ടായി. സന്ധികാര്യമാലോചിച്ചതിൽ തന്നെ കരനാടക നവാബായി അംഗീകരിക്കുന്നചക്ഷം മാത്രം അങ്ങിനെ ചെയ്യാമെന്നാണ ഡൂപ്ലെ പറഞ്ഞതു്. ഡൂപ്ലെയോട്ട പറഞ്ഞിട്ടു ഫലമില്ലെന്നു കണ്ടു് ഇംഗ്ലീഷുകാർ പരന്ത്രീസുഗവർമ്മേണ്ടുമായി എഴുത്തുകുത്തുകഥം നടത്തി. തൽഫലമായി ഡൂപ്ലെ തിരികെ വിളിക്കപ്പെട്ടു. തന്റെ ഉദ്ദേശ്യങ്ങഥം സാധിക്കാതെയുള്ള ബുദ്ധിക്ഷയത്തോടുകൂടിയാണു് അദ്ദേഹം തിരികെ പോയതു്.

പിൻഗാമിയായി നിയമിതനായ ഗോഡേഹ്യൂ ഇവിടെ എത്തിയ ഉടനേതന്നെ ഡൂപ്ലെ തിരിച്ചുപോയി. തന്റെ ചെവപ്പവും ആരോഗ്യവും സ്വത്തും രാജ്യത്തിനും രാജാവിനുമായി ഉപയോഗിച്ചതിന്റെ ഫലം അപമാനവും ബുദ്ധിക്ഷയവുമായല്ലോ എന്നുവെച്ചു് അദ്ദേഹം വളരെ ക്ലേശിച്ചു. യൂറോപ്പിൽ മടങ്ങിയെത്തി പത്തുകൊല്ലം കഴിഞ്ഞശേഷം വലിയ ദാരിദ്ര്യദുഃഖമനുഭവിച്ചുകൊണ്ടു പാരിയിൽവെച്ചു് അദ്ദേഹം മരിച്ചു.

ഒരു ഗ്രമസ്ഥനായിട്ടാണ റോബർട്ടു് ക്ലൈവ് 1744-ൽ കമ്പനി ഉദ്യോഗത്തിൽ ചേർന്നതു്. വീട്ടിലും വിദ്യാലയത്തിലും വികൃതികൊണ്ടു നിവൃത്തിയില്ലാതെ ഇന്ത്യയിലേയ്ക്കു് അദ്ദേഹത്തെ മാതാപിതാക്കന്മാർ തള്ളിവിട്ടതാണത്രേ! അദ്ദേഹം ദക്ഷിണേന്ത്യയിൽ കരനാടകയു

ദ്ധത്തിൽ പ്രദർശിപ്പിച്ച സാമർത്ഥ്യം മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ബങ്കാളത്തിൽ പ്രവേശിച്ച ക്ലൈവു, നവാബായ സുരാജുദ്ദൌളയെ തോല്പിക്കുവാൻ പല കൌശലങ്ങളും പ്രയോഗിച്ചു. നവാബിന്റെ സേനാനായകനായ മീർ ജാഫരുമായി ചില ഗൂഢാലോചനകളും നടത്തി. ഈ വിവരം കരു പഞ്ചാബി പണവ്യാപാരിയായ അമീൻ ചന്തു് അഥവാ കമിച്ചന്തു ധരിച്ചു. വിവരം പുറത്താകാതിരിക്കണമെങ്കിൽ കരു വലിയ തുക കിട്ടേണമെന്നു് അയാൾ ആവശ്യപ്പെട്ടു. കൂസൽകൂടാതെ ക്ലൈവ് കള്ളൊപ്പിട്ട കരു രേഖ കാണിച്ചു അയാളെ നിഷ്പ്രഭനാക്കി.

കൽക്കത്ത, ഹുഗ്ലി എന്നിവിടങ്ങളിൽവെച്ചുണ്ടായ ചില്ലറ യുദ്ധങ്ങളിൽ സുരാജുദ്ദൌള തോറ്റു. ഒടുവിൽ 1757-ൽ പ്ലാസ്സി എന്ന ഗ്രാമത്തിന്നടുത്തു വെച്ചാണു ചരിത്രപ്രസിദ്ധമായ യുദ്ധം നടന്നതു്. സുരാജുദ്ദൌള തീരെ തോറ്റുപോയി. മീർജാഫർ, സ്വാമി ഭക്തികൂടാതെ ഇംഗ്ലീഷുകാരുടെ ഭാഗത്തു ചേർന്നു. അതിനാൽ അയാൾ ബങ്കാളിനവാബാക്കപ്പെട്ടു. ഇതിന്നുപകരം അയാൾ കമ്പനിക്കു കൊടുത്ത പണത്തിന്നു കൈയുംകണക്കുമില്ല. കൽക്കത്തക്കു ചുറ്റും കിടന്നിരുന്ന ഇരുപത്തിനാലു പർഗാനകളും കമ്പനിക്കു കിട്ടി. ബങ്കാൾ സംസ്ഥാനത്തിന്റെ ആരംഭമാണിതു്. 1760-ൽ ക്ലൈവു് ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി.

ക്ലൈവിന്റെ പ്രവൃത്തികളെ അഭിനന്ദിച്ചുകൊണ്ടു് അദ്ദേഹത്തിന്നു സ്ഥാനമാനങ്ങൾ ഇംഗ്ലീഷു ഗവർമ്മേണ്ടു നൽകി. ക്ലൈവു മടങ്ങിവന്നു. മുഗൾചക്രവർത്തിയുമാ

യി അലഹബാദിൽവെച്ച് അദ്ദേഹം 1765-ൽ ഒരുടമ്പടി ചെയ്തു. ഇതുപ്രകാരം കമ്പനിക്കു ബങ്കാൾ, ബീഹാർ, ഒറീസ്സ എന്നീ പ്രദേശങ്ങളിലെ നികുതി പിരിപ്പാനുള്ള അധികാരം ലഭ്യമായി. ക്ലൈവ് ഇംഗ്ലണ്ടിലേയ്ക്കു പോയിരുന്ന അവസരത്തിൽ ബങ്കാളത്തിൽ വലിയകുഴപ്പങ്ങൾ ഉണ്ടായി. കമ്പനി ഉദ്യോഗസ്ഥന്മാർ കാര്യങ്ങൾ വേണ്ടുംവണ്ണം നോക്കിയില്ല. അവർ കാരോരുത്തരും കഴിയുന്നത്ര പണം സമ്പാദിപ്പാൻ ശ്രമിച്ചിരുന്നു. സ്വകാര്യമായി കച്ചവടം ചെയ്കയും, സമ്മാനങ്ങൾ നിർബ്ബന്ധിച്ചു വാങ്ങുകയും, കൈക്കൂലി സ്വീകരിക്കുക എന്നീ മാർഗ്ഗങ്ങളാണു ധനികരാകാൻ അവർ ഉപയോഗിച്ചതു്. ഇങ്ങിനെയിരിക്കുന്ന അവസരത്തിലാണു ബങ്കാൾ ഗവർണ്ണരായി ക്ലൈവ് വീണ്ടും വന്നതു്. അദ്ദേഹം ഈ അഴിമതികൾ എല്ലാം നിവർത്തൽ ചെയ്വാൻ ശ്രമിച്ചുവെങ്കിലും പൂർണ്ണവിജയം ഉണ്ടായില്ല. കൈക്കൂലി നിവർത്തുന്നതിന്നായി ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുവാൻ അദ്ദേഹം ശ്രമിച്ചു.

രണ്ടാമതും നവാബായിരുന്ന മീർജാഫർ മരിച്ചപ്പോൾ കമ്പനിയുടെ അധികാരം വർദ്ധിച്ചു. ഈ അവസരത്തിലാണു ബങ്കാളത്തിൽ ക്ലൈവു ദ്വൈധഭരണസമ്പ്രദായം ഏർപ്പെടുത്തിയതു്. ഇതുപ്രകാരം സൈന്യികഭരണവും സാമ്പത്തികഭരണവും കമ്പനി കയ്യേറ്റു. നികുതിപിരിവും നീതിന്യായപരിപാലനവും നവാബിന്റെ കീഴിൽ രണ്ടു ഡെപ്യൂട്ടികളുടെ കീഴിലുമാക്കി.

1767-ൽ ക്ലൈവ് ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. അദ്ദേഹ

ത്തിന്റെ ശത്രുക്കൾ അദ്ദേഹം കൈക്കൂലി വാങ്ങിയെന്നും, കമ്പനികാര്യങ്ങളിൽ ഉപേക്ഷ കാണിച്ചു എന്നും മറ്റുമുള്ള കുറ്റങ്ങൾ ചുമത്തി. പക്ഷേ ബ്രിട്ടീഷു പാർലിമേണ്ട് അദ്ദേഹം അഭിനന്ദനാർഹങ്ങളായ പ്രവൃത്തികളാണു തന്റെ രാജ്യത്തിനുവേണ്ടി ചെയ്തിട്ടുള്ളതെന്നു പ്രഖ്യാപനം ചെയ്തു.


ക്ലൈവു വലിയ കായബലമുള്ളവനായിരുന്നില്ല. അജ്ഞാനവും ഇന്ത്യയിലെ കാലാവസ്ഥയും നിമിത്തം ക്ഷീണിച്ചിരുന്ന അദ്ദേഹത്തിനു ശത്രുക്കളുടെ ആക്ഷേപങ്ങൾ വലിയ മനശ്ശല്യം ഉളവാക്കി. ഇതിനുംപുറമെ കലശലായ വേദനയുളവാക്കുന്ന ചില രോഗങ്ങളും അദ്ദേഹത്തെ ബാധിച്ചു. ആകുപ്പാടെയുള്ള ശല്യം കുറക്കുന്നതിനായി അദ്ദേഹം കറപ്പ് ധാരാളം സേവിച്ചിരുന്നു. 1774-ൽ തനിക്കു ലണ്ടനിലുണ്ടായിരുന്ന വസതിയിൽ ഇരിക്കുമ്പോൾ പെട്ടെന്നു കോപാന്ധനായി താൻതന്നെ കണ്ണും മുഖവും മുറിച്ചു് ആത്മഹത്യ ചെയ്തു.

ക്ലൈവു നല്ലൊരു യോദ്ധാവും ഭരണതന്ത്രജ്ഞനുമായിരുന്നു. പൊതുകാര്യത്തിൽ സ്വന്തം കാര്യത്തേക്കാൾ അധികം ശ്രദ്ധ അദ്ദേഹം പതിപ്പിച്ചു. ആത്മവിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ ജീവൻ. നല്ലവണ്ണം ആലോചിച്ചു യുക്തിപൂർവ്വം കാര്യങ്ങൾ നിർവ്വഹിക്കുക എന്നാണു് അദ്ദേഹം മറ്റുള്ളവർക്കു നൽകിയിരുന്ന ഉപദേശം.

൧൨. വാറൻ ഹേസ്റ്റിങ്ങ്സ്.

ബങ്കാളത്തിൽ ക്ലൈവ് ഏർപ്പെടുത്തിയ ദ്വയഭരണം ഗുണത്തെക്കാൾ അധികം ദോഷമുണ്ടാക്കിത്തീർത്തു. അതിനാൽ 1772-ൽ ഹേസ്റ്റിങ്ങ്സ് ഗവർണ്ണരായിവന്ന ഉടനെതന്നെ ഈ ദോഷത്തിന്റെ പരിഹാരത്തിന്നാണ് ശ്രമിച്ചതു്.

1770-ൽ ബങ്കാളത്തിൽ ഉണ്ടായ ഭയങ്കരമായ ക്ഷാമം നിമിത്തം ദ്വയഭരണത്തിന്റെ ദോഷങ്ങൾ പതിന്മടങ്ങു വർദ്ധിച്ചു.



വാറൻ ഹേസ്റ്റിങ്ങ്സ്.

ഈ ഘട്ടത്തിൽ വേണ്ടതു പ്രവർത്തിക്കുവാൻ പ്രാപ്തിയുള്ളവനായിരുന്നു ഹേസ്റ്റിങ്ങ്സ്. അദ്ദേഹം ചെറുപ്പം ഒരു ഗുമസ്തനായി കമ്പനിയുടെ ഉദ്യോഗത്തിൽ ചേർന്നു ക്രമേണ കയറാം കിട്ടി ഒടുവിൽ ഗവർണ്ണരായി. അതിനാൽ കമ്പനികാര്യങ്ങളുടെ ശരിയായ അറിവു് അദ്ദേഹത്തിനുണ്ടായിരുന്നു.

ദ്വയഭരണം നിമിത്തമുണ്ടായ ദോഷങ്ങൾക്കു പരിഹാരം വരുത്തിയതിങ്ങിനെയാണു്. സിറാജുദ്ദൗളയുടെ പക്കൽനിന്നു കമ്പനിക്കാർ (ഇംഗ്ലീഷുകാർ) പിടിച്ചെടുത്തു. കലക്ടർമാർ

എന്നു സ്ഥാനപ്പേരായ ഇംഗ്ലീഷുദ്യോഗസ്ഥന്മാരെ കരം പിരിവിനും നീതിന്യായഭരണത്തിനുമായി നിയമിച്ചു. കാരോ ജില്ലയിലും സിവിൽകോടതികളും ക്രിമിനൽ കോടതികളും സ്ഥാപിച്ചു. കൽക്കത്തയിൽ അപ്പീൽ കോടതികളും സ്ഥാപിതമായി. ഇങ്ങിനെയാണു ക്ലൈവ് ഏർപ്പെടുത്തിയ ദ്വയഭരണസമ്പ്രദായം വാറൻഹേസ്റ്റിങ്ങ്സ് ഇല്ലായ്മചെയ്തത്.

അയോദ്ധ്യയുടെ വടക്കുപടിഞ്ഞാറായി രോഹിലഖണ്ഡം എന്നൊരു രാജ്യമുണ്ടായിരുന്നു. അയോദ്ധ്യയിലെ നവാബ് ഈ രാജ്യം പിടിച്ചടക്കുവാൻ വാറൻഹേസ്റ്റിങ്ങ്സിന്റെ സഹായം ആവശ്യപ്പെട്ടു. അദ്ദേഹം ആവശ്യപ്പെട്ട സഹായം നൽകുകയാൽ രോഹിലഖണ്ഡത്തെ നവാബു പിടിച്ചടക്കി. ഈ സഹായപ്രവൃത്തി വളരെ ആക്ഷേപകരമാകയാൽ കടുവിൽ ഹേസ്റ്റിങ്ങ്സിനും ആയതിനു സമാധാനം പറയേണ്ടതായി വന്നു.

ഇന്ത്യയിലെ പ്രത്യേകിച്ചു ബങ്കാളിലെ, ഭരണത്തെപ്പറ്റിയുള്ള വിവരങ്ങൾ ഇംഗ്ലണ്ടിൽ എത്തി. ശരിയായ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞു റിപ്പോർട്ടു ചെയ്യുവാൻ പാർളിമെണ്ടിൽനിന്നും ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ഈ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഇന്ത്യാഭരണം ചിട്ടപ്പെടുത്തുവാനായി ക്രമീകരണനിയമം അഥവാ റഗുലേറ്റിങ്ങ് ആക്ടറ്, ബ്രിട്ടീഷ് പാർളിമേണ്ടു പാസ്സാക്കി. ഇതുപ്രകാരം ബങ്കാൾ ഗവണ്ണർ ബ്രിട്ടീഷ് ഇന്ത്യയിലെ ഗവണ്ണർ ജനറാലായിത്തീർന്നു. മദിരാശിയിലേയും ബോമ്പയിലേയും ഗവണ്ണർമാർ അദ്ദേഹത്തിന്റെ കീഴിലായി. ഗവണ്ണർ ജനറാലെ

സഹായിക്കുന്നതിനു നാലംഗങ്ങളടങ്ങിയ ഒരു കൌൺസിൽ അല്ലെങ്കിൽ സഭ സ്ഥാപിതമായി. ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായപ്രകാരമായിരുന്നു കാര്യങ്ങൾ നടത്തേണ്ടിയിരുന്നതു്. കമ്പനിഭരണത്തിന്റെ പ്രധാനാവശങ്ങളെ സ്പർശിക്കുന്ന ഒരു റിപ്പോർട്ടു കൊല്ലംതോറും ഇംഗ്ലാണ്ടിലേക്കു് ഇന്ത്യയിൽവിന്നും അയക്കേണ്ടതുണ്ടായിരുന്നു. ഒരു ചീഫ് ജഡ്ജിയും വേറെ മൂന്നു ജഡ്ജിമാരുമടങ്ങിയ ഒരു സുപ്രീംകോടതി കൽക്കത്തയിൽ സ്ഥാപിതമായി. ഈ നിയമംമുതൽക്കാണു ബ്രിട്ടീഷ് പാർലിമേണ്ടു് ഇന്ത്യാഭരണത്തിൽ നേരിട്ടുള്ള ഏറ്റുപാടുകൾ തുടങ്ങിയതു്.

ഈ ക്രമീകരണനിയമത്തിൽ ചില പിഴകൾ ഉണ്ടായിരുന്നു. ഒന്നാമതായി ഭൂരിപക്ഷപ്രകാരം കാര്യം നടത്തേണമെന്നുണ്ടായിരുന്നതിനാൽ ഗവർണ്ണർ ജനറലെ വല്ലാത്ത കുഴപ്പത്തിലാക്കി. പോരെങ്കിൽ സഭയിലെ ഭൂരിപക്ഷവും ഹേസ്റ്റിങ്ങ്സിന്റെ വിരോധികളുമായിരുന്നു. രണ്ടാമതായി കൌൺസിലിന്റേയും സുപ്രീംകോടതിയുടേയും അധികാരാതിർത്തികൾ വ്യക്തമാക്കപ്പെട്ടിരുന്നില്ല. മൂന്നാമതായി കോടതിയിൽ ഇന്നനിയമാവലിയാണു് അനുസരിക്കപ്പെടേണ്ടതു് എന്നും നിശ്ചയിച്ചിരുന്നില്ല. ഇംഗ്ലീഷു ന്യായാധിപതികളും ഹിന്ദുക്കളും മുഹമ്മദീയരുമായ കക്ഷികളും ആകയാൽ പല കുഴപ്പങ്ങളുമുണ്ടായി.

ഹേസ്റ്റിങ്ങ്സും മഹാരാഷ്ട്രന്മാരുമായി ഒരു യുദ്ധമുണ്ടായി. പേശ്വാമാധവറാവു 1772-ൽ മരിക്കയാൽ പൂനയിൽ പേശ്വാസ്ഥാനം കുഴിവായി. അവകാശികൾ

തമ്മിൽ തർക്കമായി. ഒരു കക്ഷിയുടെ നേതാവു രഘുനാഥറാവു, അഥവാ, രഘോബയായിരുന്നു. മരിച്ച മാധവറാവുവിന്റെ അനുജൻ നാരായണറാവു പേശ്വയായപ്പോൾ രഘോബ അദ്ദേഹത്തെ കൊലപ്പെടുത്തി പേശ്വയാകുവാൻ ശ്രമിച്ചു. ഇതു് എതിരുകക്ഷികൾ വിരോധിച്ചു. അവരുടെ നേതാവു നാനാഫർനാവിസു് എന്നാളായിരുന്നു. ഇങ്ങിനെയിരിക്കെ രഘോബ ഇംഗ്ലീഷുകാരുമായി 1775-ൽ സൂരത്തിൽവെച്ചു് ഒരുടമ്പടി ചെയ്തു. ഇംഗ്ലീഷുകാർ അദ്ദേഹത്തെ സഹായിക്കാനും അതിനുപകരം അദ്ദേഹം അവർക്കു സാൽസത്തും ബസ്സീനും കൊടുക്കുവാനുമായിരുന്നു ഇതിലെ നിശ്ചയം. ബോംബെ ഗവർമ്മേണ്ടിന്റെ ഈ നിശ്ചയം ക്രമീകരണനിയമത്തിനു വിരുദ്ധമായിരുന്നതിനാൽ ചില ആക്ഷേപങ്ങൾ ഉണ്ടായി. എങ്കിലും ഇംഗ്ലാണ്ടിലെ അധികൃതന്മാർ ബോംബെ ഗവർമ്മേണ്ടിന്റെ പ്രവൃത്തി അംഗീകരിക്കുകയാൽ നാനാഫർനാവിസ്സിനെ സഹായിക്കണമെന്നു കൌൺസിൽ വിചാരിച്ചിരുന്നതു് സഫലമായില്ല. അതിനാൽ യുദ്ധം നടന്നു. ബോംബെ സൈന്യം തോല്പിക്കപ്പെട്ടു. ഹേസ്റ്റിങ്ങ്സ് ബംഗാളത്തിലുനിന്നും അയച്ച സൈന്യം അഹമ്മദ ബാദും ബസ്സീനും പിടിച്ചടക്കി. ഇംഗ്ലീഷുകാർ ഗ്വാളിയോർ കോട്ട നശിപ്പിച്ച ഉടനെ ബറോഡാ രാജാവുമായി ചെയ്ത സന്ധ്യും ഇന്നും നിലനിന്നുപോരുന്നുണ്ടു്. അധികം താമസിയാതെ സിന്ധ്യയും ഭിറാർ രാജാവും യുദ്ധരംഗത്തിൽനിന്നു പിൻമാറി. 1782-ൽ സാൽബായിൽവെച്ചുണ്ടായ ഉടമ്പടിപ്രകാരം യുദ്ധം അവസാനിച്ചു. ഈ

ഉടമ്പടിപ്രകാരം രഘോബായെ പെൻഷ്യൻ കൊടുത്തു പിരിക്കുവാനും ഇംഗ്ലീഷുകാർ യുദ്ധത്തിൽ പിടിച്ചടക്കിയ രാജ്യങ്ങളിൽ സാൽസെത്തു് ഒഴികെ മറ്റെല്ലാം മഹാരാഷ്ട്രന്മാക്കു വിട്ടുകൊടുപ്പാനുമായിരുന്നു തീരുമാനിച്ചതു്.

ഇംഗ്ലീഷുകാർ മൈസൂർ രാജാവായ ഹൈദരാലിയുമായി 1769-ൽ ചെയ്ത ഉടമ്പടിപ്രകാരം രാജാവിനെ ശത്രുക്കളുടെ നേരെ സഹായിക്കാമെന്നേറ്റിരുന്നു. മഹാരാഷ്ട്രന്മാർ മൈസൂറാക്രമിച്ചപ്പോൾ ഇംഗ്ലീഷുകാരോടു ഹൈദർ സഹായമാവശ്യപ്പെട്ടു. പക്ഷെ അവർ അദ്ദേഹത്തെ സഹായിച്ചില്ല. മാധവറാവു പേശവയുടെ മരണശേഷം മഹാരാഷ്ട്രത്തിൽ കുഴപ്പമായിരുന്നവല്ലൊ. ഈ അവസരത്തിൽ ഹൈദർ മഹാരാഷ്ട്രക്കു കൊടുത്തിരുന്ന ചില സ്ഥലങ്ങൾ വീണ്ടെടുത്തു. ഇംഗ്ലീഷുകാരോടു മൈസൂരിനും രസമുണ്ടായിരുന്നില്ല. അതിനാൽ ഹൈദരും നൈസാമും കൂടിച്ചേർന്നു. മഹാരാഷ്ട്രപ്രധാനികളിൽ ചിലരും ഈ യുദ്ധത്തിൽ പങ്കെടുത്തു. ആദ്യം ഹൈദരാലി ജയിക്കുമെന്നു തോന്നപ്പെട്ടിരുന്നു. പക്ഷെ പോട്ടോനോവൊ മുതലായ യുദ്ധങ്ങളിൽ അദ്ദേഹം തോറ്റുപോയി. യുദ്ധം അവസാനിക്കാതെ നീണ്ടുനിന്നിരുന്ന അവസരത്തിൽ ഹൈദർ 1782-ൽ ചരമഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ പുത്രനായ ടിപ്പുസുൽത്താൻ രാജാവായി യുദ്ധം തുടർന്നുവെങ്കിലും 1784-ൽ മംഗലാപുരത്തുവെച്ചുണ്ടായ സന്ധിപ്രകാരം ഇരുകക്ഷികളും കൈവശമാക്കിയിരുന്ന തടവുകാരേയും രാജ്യങ്ങളും അന്യോന്യം വിട്ടുകൊടുത്തു.

ഹേസ്റ്റിങ്ങ്സ് കാശിരാജാവായ ചൈത്തുസിംഹനോട് ഒരു വമ്പിച്ച തുക വസൂലാക്കി. അദ്ദേഹം $22\frac{1}{2}$ ലക്ഷം ക. കൊല്ലത്താൽ ഇംഗ്ലീഷുകാക്കു കൊടുത്തിരുന്നു. പിന്നേയും ആവശ്യപ്പെട്ടതു രാജാവു കൊടുത്തില്ല. ഉടനെ അദ്ദേഹത്തിന്റെ രാജ്യമാക്രമിച്ചു. അദ്ദേഹത്തെ അറസ്റ്റ് ചെയ്വാൻ ശ്രമിച്ചുവെങ്കിലും അതു ഹേസ്റ്റിങ്ങ്സിനു സാധിച്ചില്ല. കൂടുതൽ കപ്പംചുമത്തിയുംകൊണ്ടു ഹേസ്റ്റിങ്ങ്സ് ചൈത്ത്സിംഹന്റെ മരുമകനെ കാശിരാജാവായി വാഴിച്ചു.

അയോദ്ധ്യയിലെ നവാബു സൈന്യച്ചിലവിലേക്കു കൊടുക്കേണ്ടതായ സംഖ്യ കൊടുത്തിരുന്നില്ല. നവാബും ഹേസ്റ്റിങ്ങ്സുംകൂടി ആലോചിച്ചശേഷം അയോദ്ധ്യയിലെ അരമനയിലെ വയോവൃദ്ധരായ രണ്ടു മാന്യമഹിളമാരെ അപമാനിക്കയും ആക്രമിക്കുകയും ചെയ്തു വലിയ ഒരു തുകയും അസംഖ്യം ആഭരണങ്ങളും അവരുടെ കൈവശത്തിൽനിന്നും പിടിച്ചെടുത്തു.

ക്രമീകരണനിയമത്തിന്റെ ദോഷങ്ങൾ പരിഹരിക്കുന്നതിന്നായി 1784-ൽ പിറ്റ്സ് ഇന്ത്യാബിൽ ബ്രിട്ടീഷ് പാർലിമേണ്ടിൽ പാസ്സാക്കപ്പെട്ടു. അതു പ്രകാരം ആറംഗങ്ങളടങ്ങിയ ഒരു "ബോർഡ് ആഫ് കംട്രോൾ" ഇംഗ്ലാണ്ടിൽ സ്ഥാപിതമായി.

വാറൻ ഹേസ്റ്റിങ്ങ്സ് 1785-ൽ ഉദ്യോഗമൊഴിഞ്ഞു മടങ്ങി. അന്നു ഇന്ത്യയിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടായിരുന്നു. ഭരണക്രമം നല്ലവണ്ണം പരിഷ്കൃതമായിരുന്നു. പ്രകൃതിപരിവിനു് ഇംഗ്ലീഷുദ്യോഗസ്ഥ

ന്മാർ നീയമിതരായിരുന്നു. നീതിന്യായക്കോടതികൾ ശരിയായി നടന്നുവന്നു. തലസ്ഥാനത്തു് ഒരു അപ്പീൽക്കോടതിയുമുണ്ടായിരുന്നു. ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും നിയമങ്ങൾ അദ്ദേഹം ക്രോഡീകരിച്ചു.

ഇങ്ങിനെ രാജ്യഭരണം സുസ്ഥാപിതമായിരുന്നുവെങ്കിലും ഹേസ്റ്റിങ്ങ്സിന്റെ ക്രൂരവും അന്ന്യായവുമായ പ്രവൃത്തികൾ അദ്ദേഹത്തെ ആക്ഷേപാർഹനാക്കി. പാർളിമേണ്ടു മുമ്പാകെ ഏഴുകൊല്ലം ഗംഭീരമായ വിസ്താരവും ശക്തിയായ പ്രസംഗങ്ങളും നടന്നുവെങ്കിലും ഒടുവിൽ അദ്ദേഹം നിരപരാധിയാണെന്ന പ്രസ്താവത്തോടുകൂടി മാന്യമായ നിലയിൽ അദ്ദേഹത്തെ ആ കോടതി വിട്ടയച്ചു. പലതും അക്രമമായി അദ്ദേഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അവയെല്ലാം തന്റെ രാജ്യശ്രേയസ്സിനു മാത്രമായിരുന്നു എന്നും അതല്ലാതെ സ്വാർത്ഥലാഭത്തിനല്ലായിരുന്നു എന്നും ചില വിദേശകന്മാർ അഭിപ്രായപ്പെട്ടുന്നുണ്ടു്.

---

൫൯. ഹൈദരാലിയും ടിപ്പുസുൽത്താനും.

മൈസൂർരാജ്യം പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്ഥാപിതമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെ ഹിന്ദുരാജാക്കന്മാരാണു് ആ രാജ്യം ഭരിച്ചുപോന്നതു്. പക്ഷേ 1761-ൽ ഇവിടെ വലിയ ഒരു മാറ്റം വന്നു. ഹൈദരാലി എന്നു പേരായ ഒരു മുഹമ്മദീയയോദ്ധാവു ഹിന്ദുരാജാവിനെ തോല്പിച്ചു രാജ്യം കൈ

യശപ്പെട്ടുത്തി. ഏകദേശമതുതന്നെയല്ല ഒരു മുഹമ്മദീയരാജ്യം ശം അവിടെ സ്ഥാപിക്കുകയും ചെയ്തു.

ഈ കൃത്യം ചെയ്ത ഹൈദരാലിയെപ്പറ്റി കൂടുതൽ വിവരമറിയുന്നതു രസാവഹമാണ്. മൈസൂർ രാജാവിന്റെ സൈന്യത്തിലെ ഒരു സാധാരണ യോദ്ധാവു മാത്രമായിരുന്നു ആദ്യം അദ്ദേഹം. വീര്യപരാക്രമങ്ങൾ നിമിത്തം അദ്ദേഹം ക്രമേണ പട്ടാളത്തിൽ ഉയർന്നുവന്നു. ഒടുവിൽ രാജാവിന്റെ സേനാധിപതിയായി. 1761-ൽ ഇദ്ദേഹം മൈസൂരിന്റെ അന്നത്തെ തലസ്ഥാനമായ ശ്രീരംഗപട്ടണത്തിനു നേരെ സൈന്യസമേതം ചെന്നു രാജപ്രതിനിധിയെ ഓടിച്ചുകളഞ്ഞു. മന്ത്രിയെ തന്റെ അധീനത്തിലാക്കി, അദ്ദേഹത്തെ താൻ ഒരു തടവുകാരനെപ്പോലെ കരുതിക്കൊള്ളാമെന്നു പറഞ്ഞു. കാന്തിദേവനെന്ന ഒരു ബ്രാഹ്മണനായ ഈ മന്ത്രിയെ ഹൈദരാലി ഇരുമ്പുകൂട്ടിലാക്കി പാലും ചോറും കൊടുത്തുപോലും! ഇതോടുകൂടി ഹിന്ദുരാജാവു ബന്ധനസ്ഥനായി.


ഹൈദരാലി.

ഹൈദരാലിക്കു വിദ്യാഭ്യാസമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു ക്രൂരനും സുഖാനുഭവങ്ങളിൽ അത്യന്തപരനുമായിരുന്നു. അതിയായ കായബലവും അസാധാരണമായ യുദ്ധസാമർത്ഥ്യവും അദ്ദേഹം പ്രദർശിപ്പിച്ചു. വിദ്യാ

ഭ്യാസവിഹീനനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ബുദ്ധിക്കു നല്ല തീക്ഷ്ണതയും മനുഷ്യസ്വഭാവം ഗ്രഹിപ്പത്തിൽ മനസ്സിലാക്കുന്നതിനു് ഒരു പ്രത്യേകശക്തിയുമുണ്ടായിരുന്നു. ഇദ്ദേഹം മഹാരാഷ്ട്രന്മാക്കു ചൌത്തു കൊടുക്കാതെ അവരുടെ രാജ്യത്തിന്റെ ചില ഭാഗങ്ങൾ പിടിച്ചെടുക്കുവാൻ തുടങ്ങി. ഇങ്ങിനെ അവരുടെ വൈരിയായിത്തീർന്നു. നൈസാമാണെങ്കിൽ ഹൈദരാലിക്കു കുലമഹിമയൊ സത്സംഗമോ ഇല്ലെന്നു പറഞ്ഞു് അദ്ദേഹത്തെ അപഹസിച്ചു; എങ്കിലും ഒരു ശത്രുവിന്റെ നിലയിൽ അദ്ദേഹത്തെ ഭയപ്പെട്ടുകൊണ്ടുമിരുന്നു.

1765-ൽ ഇംഗ്ലീഷുകാരും നൈസാമും മഹാരാഷ്ട്രന്മാരും കൂടി ഹൈദരാലിയുടെ നേരെ യുദ്ധം ചെയ്യുന്നതിന്നായി ഒരു സഖ്യംചെയ്തു. പക്ഷെ ഈ സഖ്യം വേഗത്തിൽ പിരിഞ്ഞുപോകയാൽ ഇംഗ്ലീഷുകാർക്കു തനിയേ യുദ്ധം നടത്തേണ്ടതായിവന്നു.

ഇംഗ്ലീഷുകാരുടെ ഭാഗത്തു് അന്നു കൊള്ളാവുന്നതായി കേണൽ സ്മിത്തു് എന്നു പേരായി ഒരു സേനാധിപനായകൻ മാത്രമേയുണ്ടായിരുന്നുള്ളു. അദ്ദേഹം ചങ്കമ, തുനാമലി എന്നീ സ്ഥലങ്ങളിൽവെച്ചുണ്ടായ രണ്ടു യുദ്ധങ്ങളിൽ വിജയിയായി. മദിരാശിയിലെ ഇംഗ്ലീഷധികൃതന്മാർ അപ്രാപ്തരും കടത്തിൽ കുടുങ്ങിക്കുഴങ്ങുന്നവരുമായിരുന്നു. അതിനാൽ വേണ്ടതായ ഒരുക്കങ്ങൾചെയ്തു യുദ്ധം തുടർന്നു പോകുവാൻ അവക്കു സാധിച്ചില്ല. ഹൈദർ കർണ്ണാടകത്തിൽ സ്വച്ഛന്ദം വിഹരിക്കുവാൻ തുടങ്ങി. എന്നതന്നേയല്ല 1769-ൽ ആറായിരം ആളുകളടങ്ങിയ ഒരു കുതിരപ്പട്ടാളത്തെ നയിച്ചുകൊണ്ടു

ഹൈദർ മദിരാശിക്കടുത്തെത്തി. മദിരാശിയിലെ കൌൺസിൽ വല്ലാതെ ഭയപ്പെട്ടു. വേഗത്തിൽ ഹൈദരാലിയുമായി സന്ധിചെയ്തു. ഇരുകക്ഷികളും കരസ്ഥമാക്കീട്ടുണ്ടായിരുന്ന സ്ഥലങ്ങളും തടവുകാരേയും അന്യോന്യം വിട്ടുകൊടുപ്പാനും ശത്രുക്കളുടെ നേരെ അന്യോന്യം സഹായിക്കാനുമായിരുന്നു ഈ സന്ധിയിലെ നിശ്ചയങ്ങൾ.

1761-ൽ പാനിപ്പറ്റിൽവെച്ചു മുഹമ്മദീയരുമായി ഉണ്ടായ ഘോരസമരത്തിൽ മഹാരാഷ്ട്രന്മാർ പരാജിതരായി. അതിനുശേഷം അവരുടെ ശക്തി കുറഞ്ഞുവന്നു. ഈ ലാക്കുനോക്കി ഹൈദർ ചില മഹാരാഷ്ട്രരാജ്യങ്ങൾ പിടിച്ചടക്കി. ഉടനെ രണശൂരനായ പേശവ മാധവറാവു ഹൈദരെ തോല്പിച്ചു, രാജ്യങ്ങൾ വീണ്ടെടുത്തു. ഇതുകൂടാതെ മുപ്പത്തിരണ്ടുലക്ഷം ഉറുപ്പിക മഹാരാഷ്ട്രക്കു കൊടുത്തുകൊള്ളാമെന്നു ഹൈദരാലിയെക്കൊണ്ടു പ്രതിജ്ഞചെയ്യിക്കുകയും ചെയ്തു.

പ്രതിജ്ഞപ്രകാരം ഹൈദർ സംഖ്യകൊടുത്തില്ല. ഉടനെ മഹാരാഷ്ട്രർ അദ്ദേഹത്തിന്റെ രാജ്യമായ മൈസൂർ ആക്രമിച്ചു. ഈ അവസരത്തിൽ അദ്ദേഹം 1769-ലെ സന്ധിപ്രകാരം സഹായിക്കുവാനായി ഇംഗ്ലീഷുകാരോട് ആവശ്യപ്പെട്ടു. പക്ഷെ ഇംഗ്ലീഷുകാർ ഹൈദരെ സഹായിക്കാതെ സന്ധിയിലെ നിശ്ചയം ലംഘിക്കുകയാണുണ്ടായതു്. ഇതിനും പുറമെ ഹൈദരുടെ രാജ്യത്തു് സ്ഥിതിചെയ്യുന്ന പരന്ത്രീസുകാരുടെ കരുതുറമുഖമായ മയ്യഴി ഇംഗ്ലീഷുകാർ പിടിച്ചടക്കി. ഈ തുറമുഖംവഴിയായിരുന്നു ഹൈദർ യുദ്ധസാമഗ്രികൾ വരുത്തിയിരുന്നതു്.

അതിനാൽ ഇംഗ്ലീഷുകാരുടെ ഈ കൈകയറ്റം അദ്ദേഹത്തെ കുപിതനാക്കി. മൂന്നാമതായി ഇംഗ്ലീഷുകാരോട് മഹാരാഷ്ട്രന്മാക്ക് നല്ല രസമല്ലെന്നു അദ്ദേഹം ധരിച്ചു. നാലാമതായി അമേരിക്കയിലെ സ്വാതന്ത്ര്യസമരത്തിൽ പരസ്പരം ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും എതിരുകക്ഷികളായി. ഇംഗ്ലീഷുകാരെ കുറെ പഠിപ്പിക്കുവാൻ ഇതു് നല്ലൊരവസരമെന്നു കരുതി ഹൈദർ യുദ്ധത്തിനു പുറപ്പെട്ടു.

ആദ്യം മദ്രാസ് അദ്ദേഹം ആക്രമിച്ചു. കേണൽ ബേയിലിയുടെ കീഴിലുണ്ടായിരുന്ന കരു സൈന്യത്തെ തീരെ തോല്പിച്ചു. സൈന്യസമേതം വന്നിരുന്ന സർ ഹെക്ടർമൺറൊ മൈസൂർ സൈന്യത്തിന്റെ വലിപ്പം കണ്ടുപേടിച്ചു്, തോക്കുകളും മറ്റും കരു കുളത്തിൽ വലിച്ചെറിഞ്ഞു് രക്ഷപ്പെട്ടു. ഭക്ഷിണേന്ത്യയിൽ ഹൈദർ മഹാഭയങ്കരനായി. യുദ്ധത്തിന്റെ സ്ഥിതിയറിഞ്ഞു വാറൻഹേസ്റ്റിങ്ങ്സ് രണ്ടു സൈന്യങ്ങളെ ബങ്കാളിൽ നിന്നും അയച്ചു. പരസ്പരീസു കടൽ സൈന്യാധിപന്റെ സഹായം കിട്ടായ്കയാൽ ഹൈദർ പൊർട്ടൊനോവൊ എന്ന സ്ഥലത്തെ യുദ്ധത്തിൽ 1781 ജൂലൈ 1-ാം നു തോല്പിക്കപ്പെട്ടു. പിന്നീടു ഇംഗ്ലീഷുകാർ അദ്ദേഹത്തെ പോളിലൂർ ഷോളിങ്കർ എന്നീ സ്ഥലങ്ങളിൽവെച്ചും തോല്പിച്ചു. 1782-ൽ ആർക്കോട്ടിൽവെച്ചു തോറ്റതോടുകൂടി ഹൈദരാലിയുടെ ഉത്സാഹമെല്ലാം കുറഞ്ഞു. പുറത്തു് കരു കരു ഉണ്ടാകുന്നതിമിത്തം ഹൈദരാലി 1782 ഡിസെമ്പർ മാസത്തിൽ കാലഗതി പ്രാപിച്ചു. യുദ്ധം അവസാനിച്ചിട്ടുണ്ടായിരുന്നില്ല. ആയതിനാൽ ഹൈദരുടെ മരണവൃത്താന്തം പുറത്തു പറയാതെതന്നെ ഹൈ

ഭരുടെ യോദ്ധാക്കളെ അദ്ദേഹത്തിന്റെ പുത്രനായ ടിപ്പുവിനെ വരുത്തി സേനാനായകനാക്കി. ടിപ്പുവിനോട് പിതാവിന്റെ അവസാനത്തെ ഉപദേശം ഇംഗ്ലീഷുകാരോട് സമാധാനമായിരിക്കണം എന്നായിരുന്നു. എന്നിട്ടും യുദ്ധം തുടരുകയാണ് ടിപ്പു ചെയ്തത്. ടിപ്പു മംഗലാപുരം പടിച്ചടക്കി. ദിണ്ടിക്കൽ, പാലക്കാട്ട, കോയമ്പത്തൂർ എന്നീ പ്രദേശങ്ങളെ പിടിച്ചടക്കി, ഇംഗ്ലീഷുകാർ ടിപ്പുവിന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണത്തെ പിടിച്ചടക്കുവാൻ അങ്ങോട്ട് പുറപ്പെട്ടു. ഈ ഘട്ടത്തിൽ മദിരാശി ഗവർമ്മേണ്ട് സമാധാനാലോചന പുറപ്പെടുവിച്ചു. അതു പ്രകാരം 1784-ൽ മംഗലാപുരത്തുവെച്ച് ഇരുകക്ഷികളും കൂടി സന്ധിചെയ്തു. യുദ്ധത്തിൽ പിടിച്ചടക്കീട്ടുള്ള തടവുകാരേയും സ്ഥലങ്ങളും അന്യോന്യം മടക്കിക്കൊടുപ്പാനായിരുന്നു ഇതിലെ നിശ്ചയം.



ടിപ്പു.

മംഗലാപുരത്തുവെച്ചുചെയ്ത സന്ധി ഇംഗ്ലീഷുകാർക്കു വലിയ പോരായ്മക്കു കാരണമായിയെങ്കിലും അതു ടിപ്പുസുൽത്താന്റെ കീർത്തി നാടെങ്ങും പരത്തി. തന്റെ അഭിശോഭനമായ ഭാവിയെ ഓർത്തു 'മതിമറന്ന' സുൽത്താൻ രാജ്യങ്ങളെ പിടിച്ചടക്കി വമ്പിച്ച ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ തീർച്ചയാക്കി. മലയാളം ജില്ല ആക്രമിച്ചശേഷം അദ്ദേഹം കൂടകരാജ്യം കൈവ

ശപ്പെട്ടത്തി. ഇതിന്നുശേഷം മഹാരാഷ്ട്രന്മാരെ ചില യുദ്ധങ്ങളിൽ തോല്പിക്കുകയുണ്ടായി. ബ്രിട്ടീഷുകാരുമായി സഖ്യം ചെയ്തിരുന്ന തിരുവിതാംകൂർ രാജ്യത്തെ ടിപ്പു ആക്രമിച്ചു. അപ്പോഴേക്കും ബ്രിട്ടീഷുകാർ, മഹാരാഷ്ട്രർ, നൈസാം എന്നീ മൂന്നു കക്ഷികളും കൂടിച്ചേർന്നു ടിപ്പുവിനോടു യുദ്ധത്തിന്നൊരുങ്ങി.

അന്നു ഗവർണർ ജനറലായിരുന്ന കോൺവാലീസ്പ്രഭുതന്നെ സേനാനായകനായി യുദ്ധത്തിന്നു പുറപ്പെട്ടു മൈസൂർ ആക്രമിച്ചു. ബങ്കളൂർ പിടിച്ചടക്കിയശേഷം പ്രഭു ശ്രീരംഗപട്ടണത്തിലേക്കു തിരിച്ചു. അവിടെനിന്നു് ഏകദേശം പത്തു നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന അരിക്കര എന്ന ദിക്കിൽവെച്ചുണ്ടായ യുദ്ധത്തിൽ ടിപ്പു തോറ്റു് തലസ്ഥാനമായ ശ്രീരംഗപട്ടണത്തിൽ അഭയം പ്രാപിച്ചു. കോൺവാലീസിന്നും തൽക്കാലം മടങ്ങേണ്ടിവന്നു. കൂടുതൽ സൈന്യവും സാമാനവും കിട്ടിയ ഉടനെത്തന്നെ പ്രഭു വീണ്ടും യുദ്ധത്തിന്നു പുറപ്പെട്ടു. ആകപ്പാടെ കായ്ക്കളുടെ ഗതിയറിഞ്ഞു ടിപ്പു സന്ധിക്കുവേണ്ടി അപേക്ഷിച്ചു. ശ്രീരംഗപട്ടണത്തുവെച്ചു് ടിപ്പു സന്ധി ചെയ്തു. ഇതുപ്രകാരം ടിപ്പുവിന്റെ പകുതിരാജ്യത്തോളം വിജയികൾക്കു വിട്ടുകൊടുക്കേണ്ടിവന്നു. ഇംഗ്ലീഷുകാരുടെ കാഹരി മലയാളം, സേലം, മധുര എന്നീ ജില്ലകളായിരുന്നു. വലിയതായ ഒരു തുക ഇംഗ്ലീഷുകാർക്കു ടിപ്പു കൊടുക്കേണമെന്നു നിശ്ചയിച്ചു. ഈ നിശ്ചയപ്രകാരം നടക്കുന്നതുവരേക്കും ജാമ്യത്തിന്നായി ടിപ്പുതന്റെ രണ്ടു പുത്രന്മാരെ ഇംഗ്ലീഷുകാരുടെ അധീനത്തിൽ ഏല്പിക്കുവാനും നിശ്ചയിച്ചു.

യുദ്ധത്തിൽ തോറ്റതുകൊണ്ടൊന്നും സാമ്രാജ്യസ്ഥാപനത്തിനു ടിപ്പുവിനുണ്ടായിരുന്ന അതിതാല്പര്യം നശിച്ചില്ല. പരന്ത്രീസ്സുകാരും ഇംഗ്ലീഷുകാരും തമ്മിൽ യുദ്ധമായതറിഞ്ഞു് അദ്ദേഹം പരന്ത്രീസുകാരുടെ കൂട്ടുപിടിക്കുവാൻ നാനാവിധത്തിൽ ശ്രമിച്ചു. താൻതന്നെ ഒരു പരന്ത്രീസു സഖാവായി ചേർന്നു. പരന്ത്രീസ്സ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചു് പട്ടാളത്തെ ശക്തിപ്പെടുത്തി. യൂറോപ്പിലെയുമായി കത്തിടപാടുകൾ ചെയ്തു. വെല്ലസ്ലിപ്രഭുവായിരുന്ന അന്നത്തെ ഗവർണർ ജനറൽ അദ്ദേഹത്തിന്റെ സഹായവ്യവസ്ഥ എന്ന പുതിയ സഖ്യം ടിപ്പുവിനു സ്വീകാര്യമായി തോന്നിയില്ല. അതിനാൽ ഇരുകക്ഷികളും യുദ്ധത്തിനു മുതിർന്നു.

മദിരാശിയിൽനിന്നും മലയാളത്തിൽനിന്നും രണ്ടു സൈന്യങ്ങൾ മൈസൂരിന്റെ നേരെ പുറപ്പെട്ടു. ഇവ രണ്ടും യോജിക്കാതിരിപ്പാനായി ടിപ്പു ചെയ്ത ശ്രമം സഫലമായില്ല. അതിനാൽ വേഗത്തിൽ ശ്രീരംഗപട്ടണത്തിൽ പ്രവേശിച്ചു. ഉടനെ ഇംഗ്ലീഷുകാർ ഈ പട്ടണം വളഞ്ഞു. ഇവിടെ വെച്ചുണ്ടായ യുദ്ധത്തിൽ ടിപ്പു ഹതനായി; ഇംഗ്ലീഷുകാക്കു വിജയവും കരസ്ഥമായി.

ടിപ്പുവിന്റെ പിൻഗാമികൾക്കു മേലിൽ വാഴ്ചാവകാശം ഇല്ലെന്നു് ഇംഗ്ലീഷുകാർ നിശ്ചയിച്ചു. അവർ പഴയ ഹിന്തുരാജകുടുംബത്തെ മൈസൂരിൽ പുനഃസ്ഥാപനം ചെയ്തു. അവർക്കു കോയമ്പത്തൂരും കാനറയും കരസ്ഥമായി. മൈസൂരുമായുണ്ടായ ഈ നാലാം യുദ്ധാവ

സാനത്തിൽ ദക്ഷിണേന്ത്യയിൽ ഇംഗ്ലീഷുകാരുടെ പ്രാബല്യം വളരെ വർദ്ധിച്ചു.

---

൫൪. നാനാഫർനാവിസ്.

1772-ൽ പേശ്വയായിരുന്ന മാധവറാവു മരിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ നാരായണറാവു പേശ്വയായി. പക്ഷേ അദ്ദേഹം ഒരു കൊല്ലം ആ സ്ഥാനത്തിരുന്നപ്പോഴേക്കും ഹതനായി. അദ്ദേഹത്തിന്റെ അകാലമരണത്തിനു മാതുലനായ രഘുനാഥറാവു ആയിരുന്നു കാരണം. നാരായണറാവുവിനു പുത്രനില്ലാതിരുന്നതിനാൽ പേശ്വാസ്ഥാനത്തിനു് അവകാശത്തർക്കം നേരിട്ടു. രണ്ടു കക്ഷികളുണ്ടായിരുന്നതിൽ കന്നിന്റെ നേതാവായ രഘുനാഥറാവു താൻ പേശ്വയായിരിക്കുന്നു എന്നു പ്രഖ്യാപനം ചെയ്തു. ഇങ്ങിനെയിരിക്കേ നാരായണറാവുവിന്റെ പത്നിയായ ഗംഗാബായിക്കു് ഒരു പുത്രൻ ജാതനായി. ഈ ശിശുവാണു പേശ്വാസ്ഥാനത്തിനവകാശി എന്നായിരുന്നു രഘുനാഥറാവുവിന്റെ വിരോധകക്ഷിയുടെ അഭിപ്രായം. ഈ കക്ഷിയുടെ നേതാവായിരുന്നു നാനാഫർനാവിസ് അഥവാ നാനാഫദ്നാവിസ്.

നാരായണറാവുവിന്റെ ശിശുവിന്റെ രക്ഷിതാവു് അല്ലെങ്കിൽ പ്രതിനിധി എന്ന നിലയിൽ പേശ്വാതാനാണെന്നു നടിച്ചു. ഇതുനിമിത്തം ഇദ്ദേഹം രഘുനാഥറാവുവിന്റെ വലിയ വിരോധിയായിത്തീർന്നു.

ഈ വിരോധം നിമിത്തം അദ്ദേഹത്തിനു് കൽക്കത്തയിലെ ഗവർമേണ്ടുമായി പരിചയത്തിന്നിടയായി. അദ്ദേഹം അവരുമായി 1776 മാച്ചു് മാസത്തിൽ പുരന്ദരത്തുവെച്ചു് ഒരു ഉടമ്പടി ചെയ്തു. ഇതു പ്രകാരം രഘുനാഥരാവുവിനെ ഇംഗ്ലീഷുകാർ സഹായിക്കുന്നതിനും അദ്ദേഹത്തെ കൊല്ലത്തിൽ മൂന്നു ലക്ഷം ഉറപ്പിക പെൻഷ്യൻ കൊടുത്തു പരിക്കണമെന്നുമായിരുന്നു നിശ്ചയിച്ചതു്. ഇതു കഴിഞ്ഞു നാലു മാസത്തിന്നകം, രഘുനാഥരാവുവും ബോമ്പെ ഗവർമ്മേണ്ടുമായി സൂറത്തിൽവെച്ചു 1775-ൽ ചെയ്ത ഉടമ്പടി അംഗീകരിച്ചുകൊണ്ടു് ഇംഗ്ലാണ്ടിൽനിന്നുമുള്ള കല്പനയെത്തി. അതിനാൽ പുരന്ദരത്തെ ഉടമ്പടികൊണ്ടു വലിയ കായ്മൊന്നുമുണ്ടായില്ല.



നാനാഫർനാവിസ്സ്.

ഇംഗ്ലാണ്ടിൽനിന്നും വീണ്ടും കല്പനയെത്തി. ഇതു് ആദ്യത്തേതിനെ കൂടി ഉറപ്പിച്ചുകൊണ്ടുള്ളതായിരുന്നു. ബോംബെ ഗവർമ്മേണ്ടു പൂനയിലയച്ചു്, അതായതു നാനാഫർനാവിസ്സിന്റെ നേരെ ഒരു സൈന്യമയച്ചു. ഈ സൈന്യം നാനാഫർനാവിസ്സിനു കീഴടങ്ങേണ്ടിവന്നു. എന്നു തന്നെയല്ല അതിനുശേഷം വാരഗെയോൺ എന്ന സ്ഥലത്തുവെച്ചു് 1779

ജനുവരി മാസത്തിൽ ഈ സൈന്യത്തിലെ രാഷ്ട്രീയോദ്യോഗസ്ഥനായ കേണൽ കാമാക്ക് നാനാഫർനാവിസ്സുമായി ഒരു കരാറുചെയ്തു. 1773 മുതൽ മഹാരാഷ്ട്രന്മാരിൽ നിന്നു് ഇംഗ്ലീഷുകാർ പിടിച്ചടക്കിട്ടുണ്ടായിരുന്ന സകല രാജ്യങ്ങളും മടക്കിക്കൊടുക്കേണമെന്നും രഘോബയെ വിട്ടുകൊടുക്കേണമെന്നും ഈ നിശ്ചയപ്രകാരമുള്ള പ്രവൃത്തികൾ നടക്കുന്നതുവരെ ബ്രിട്ടീഷുകാരായവരെ ജാമ്യമായി കിട്ടേണമെന്നുമായിരുന്നു ഈ കരാറിലെ നിശ്ചയങ്ങൾ. ഇംഗ്ലീഷുകാക്കു് ഈ കരാറു ലജ്ജാവഹമായിരുന്നുവല്ലോ! ഗവണ്ണർ ജനറലായിരുന്ന ഹേസ്റ്റിങ്ങ്സു് ഈ വിവരമറിഞ്ഞുവല്ലാതെ ലജ്ജിച്ചു വീഴുവാൻ ഭാവിച്ചുവത്രേ. എങ്കിലും നാനാഫർനാവിസ്സിനു് ഇതു വലിയ ഒരു മേന്മതന്നെയായിരുന്നു.

വാർഗെയോണിലെ കരാറു നാനാഫർനാവിസ്സിന്റെ ബന്ധുക്കളായിരുന്ന കൽക്കത്താ ഗവർമ്മേണ്ടിനെ അദ്ദേഹത്തിന്റെ ശത്രുക്കളാക്കിത്തീർത്തു. ഈ ശത്രുക്കൾതന്നെ അദ്ദേഹത്തെ അവസാനം തോല്പിക്കുകയും ചെയ്തു. എങ്കിലും സാൽബായിൽവെച്ചു് 1782-ൽ ഉണ്ടായ ഉടമ്പടിപ്രകാരം നാരായണറാവുവിന്റെ പുത്രനും നാനാഫർനാവിസ്സിന്റെ രക്ഷയിൽ ഇരുന്നിരുന്ന ശിശുവുമായ മാധവറാവു പേശവയായി അംഗീകരിക്കപ്പെട്ടു. ഇതും നാനാഫർനാവിസ്സിനു വലിയ ഒരു വിജയംതന്നെയായിരുന്നു.

മാധവറാവുവിനെ സകലവിധത്തിലും തന്റെ അധീനത്തിലും ചൊൽക്കീഴിലുമായിരുന്നു നാനാഫർനാവിസ്സു് നിറുത്തിയിരുന്നതു്. അദ്ദേഹം പേശവയായ

പ്പോഴും ഈ നിലക്കു വലിയ ഭേദമൊന്നും വന്നുകണ്ടില്ല. തനിക്കു യാതൊന്നിനും ശരിയായ അധികാരമോ സ്വാതന്ത്ര്യമോ ഇല്ലെന്നു കണ്ടു കോപിച്ചും വ്യസനിച്ചും ചെറുപ്പക്കാരനായ മാധവറാവു ആത്മഹത്യചെയ്തു. അദ്ദേഹത്തെ പിൻതുടർന്നു പേശ്വയായതു രഘോബായുടെ പുത്രനായ ബാജിറാവു ആയിരുന്നു. തന്റെ പിതാവിന്റെ വലിയ വൈരിയായിരുന്ന നാനാഫർണാവിസ്സിനെ ബാജിറാവു ഉടനെ ബന്ധനസ്ഥനാക്കി.

പിന്നീടു പേശ്വ അദ്ദേഹത്തെ വിമുക്തനാക്കി മന്ത്രിപദം അദ്ദേഹത്തെത്തന്നെ ഏല്പിച്ചു. പക്ഷേ തന്റെ കാരാഗൃഹവാസകാലത്തു രാജ്യമെങ്ങും ബാധിച്ചിരുന്ന കുഴപ്പങ്ങളെല്ലാം തീർത്തു സമാധാനപരമായ ഒരു ഭരണം നടത്തുവാൻ തനിക്കു സാദ്ധ്യമല്ലെന്നു് അദ്ദേഹം വേഗത്തിൽ ഗ്രഹിച്ചു. 1800 മാർച്ച് മാസത്തിൽ അദ്ദേഹം കാലഗതി പ്രാപിച്ചു.

അദ്ദേഹത്തിന്റെ മരണത്തോടുകൂടി മഹാരാഷ്ട്രത്തിലെ മഹിമകളിൽ മിക്കതും നശിച്ചുപോയെന്നു പറയപ്പെടുന്നു. അദ്ദേഹം സത്യവാനും ദയാലുവും മിതവ്യയശീലനും ധർമ്മിഷ്ഠനുമായിരുന്നു. ഈ ഗുണഗണങ്ങളുള്ള ആളുകൾ അന്നു കേവലം കുറവായിരുന്നു എന്നതോർക്കുമ്പോൾ അദ്ദേഹത്തിന്റെ യോഗ്യത പ്രത്യേകം പ്രത്യക്ഷപ്പെടുന്നു.

൫൫. ബലഭദ്രസിംഹൻ—
നേപാളത്തെ സേനാനി.

ഹേസ്റ്റിങ്ങ്സ് പ്രഭു ഗവണ്ണർ ജനറലായി 1813-ൽ ഇന്ത്യയിൽ വന്നു് അധികം താമസിയാതെതന്നെ നേപാളവുമായി ഒരു യുദ്ധമുണ്ടായി. 1814 മുതൽ 1816 വരെയായിരുന്നു ഈ യുദ്ധം. ഈ യുദ്ധത്തിൽ നേപാളസൈന്യത്തിന്റെ നായകൻ അമരസിംഹൻ എന്നൊരു നേതാവായിരുന്നു. ഇദ്ദേഹത്തിന്റെ മരുമകനായ ഒരു വീരയോദ്ധാവായിരുന്നു ബലഭദ്രസിംഹൻ. ഈ പുരുഷകേസരിയെപ്പറ്റി മേജർ ബി. ഡി. ബാസുവിന്റെ വിശിഷ്ടമായ ചരിത്രഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ള വിവരം താഴെ ചേർക്കുന്നു.

നേപാളവുമായി ഇംഗ്ലീഷുകാർ യുദ്ധം പ്രഖ്യാപനം ചെയ്തതു് 1814 നവെമ്പർ കന്നാംതിയ്യതിയായിരുന്നു. ഇതിനു് അല്പദിവസങ്ങൾ മുമ്പു് നേപാളത്തുകാരെ ഭയപ്പെടുത്തുന്നതിനായി ഇംഗ്ലീഷുകാർ നാലുദിക്കിൽനിന്നും നാലു സൈന്യവിഭാഗങ്ങളെ ഒരുസമയത്തുതന്നെ നയിച്ചുകൊണ്ടുവന്നു. ഇവയിൽ കന്നിന്റെ നായകൻ മേജർ ജനറൽ ജിലസ്പി ആയിരുന്നു. 1814 അക്ടോബർമാസം 24-ാംതിയതി ഈ സൈന്യം ഡെറാഡൂൺ എന്ന സ്ഥലത്തെത്തി. പക്ഷെ ജിലസ്പി അവിടെ എത്തിയിരുന്നില്ല. അതിനുപകരം കേണൽ മോബെയ് ആയിരുന്നു നായകത്വം വഹിച്ചിരുന്നതു്.

ഡൊാഡ്മൂണിൽനിന്നു് ഏകദേശം മൂന്നുനാഴിക ദൂരെയായി കലുംഗ എന്ന ഒരു ചെറിയ കോട്ടയുണ്ടായിരുന്നു. നളപാനി എന്ന കുന്നിന്റെ ഒരു മൂലയിലായിരുന്നു ഈ കോട്ട. ഇതു് ഏതാണ്ടു് ഒരു പീഠഭൂമിപോലെയായിരുന്നു. നാലുപുറവും വലുതായ കല്ലുകൾ കോട്ടമതിലിന്റെ സ്ഥാനം വഹിച്ചു. ഇടതിങ്ങി വളർന്നിരുന്ന സാലവൃക്ഷങ്ങൾ ഈ കല്ലുകളെ സുരക്ഷിതങ്ങളാക്കിയുമിരുന്നു.

ബ്രിട്ടീഷ് സൈന്യം അടുത്തതു കണ്ടു ബലഭദ്രസിംഹൻ പ്രകൃതിനിർമ്മിതമായ ഈ കോട്ടയിൽ ഏകദേശം മുന്നൂറു യോദ്ധാക്കളോടുകൂടി രക്ഷപ്രാപിച്ചു. ഡൊാഡ്മൂണിൽനിന്നു നാലുനാഴികകകലം മാത്രം ദൂരമുണ്ടായിരുന്ന ഈ കോട്ടയിൽ നേപാളസൈന്യം നിന്നതു മോബേയ്ക്കു് പിടിച്ചില്ല. അദ്ദേഹം ഡൊാഡ്മൂണിൽ അക്ടോബർ 24-ാംതിയ്യതിയാണു് എത്തിയതു്. വേഗത്തിൽ ഇംഗ്ലീഷുകാക്കു കീഴടങ്ങേണമെന്നു് അന്നു രാത്രിതന്നെ അദ്ദേഹം ബലഭദ്രസിംഹനു് എഴുതി അയച്ചു. പക്ഷേ ഇതിനു കിട്ടിയ മറുപടി പ്രൌഢഗംഭീരമായിരുന്നു. രണാങ്കണത്തിൽവെച്ചു കാണാമെന്നായിരുന്നു അതിന്റെ സാരം. 25-ാംതിയ്യതി കാലത്തു മോബേയും കൂട്ടരും നളപാനി കുന്നിന്റെ അടിവാരത്തെത്തി അവിടെ തോക്കുകൾ നിരത്തി. അദ്ദേഹം കഴിയുന്നതെല്ലാം ചെയ്തിട്ടും ബലഭദ്രൻ കുന്നിപോലും ക്ലേശിയില്ല. അതിനാൽ ഈ വിവരം തന്റെ മേലധികാരിയായ ജിലസ്പിയെ അറിയിച്ചു.

26-ാംതീയ്യതിതന്നെ ജിലസ്പി എത്തി. രണ്ടു മൂന്നു ദിവസംകൊണ്ട് അദ്ദേഹം വിരോധത്തിനുള്ള സകല കരുക്കങ്ങളും ചെയ്തു. നാലുദിക്കിൽനിന്നും നാലു സൈന്യങ്ങൾ പ്രാപ്തന്മാരായ നേതാക്കന്മാരുടെ നേതൃത്വത്തിൽ നേപാളത്തുകാർ അഭയം പ്രാപിച്ചിരുന്ന കോട്ട വളഞ്ഞു. ഒരു സൈന്യത്തെ വേണ്ടിവന്നാൽ മാത്രം ഉപയോഗിക്കുന്നതിന്നായി തയ്യാർ ചെയ്തു നിറുത്തിയിരുന്നു.


വിരോധനം ആരംഭിച്ചു. ഇംഗ്ലീഷുകാരുടെ വെടികൾ മുഴങ്ങി. നേപാളത്തുകാരും വകരം വെടിയുതുടങ്ങി. അനവധി ഇംഗ്ലീഷുകാർ ഹതരായി. ബലഭദ്രസിംഹന്റെ അനുചരന്മാർക്കും വലിയ നഷ്ടകഷ്ടങ്ങൾ പറ്റി. എങ്കിലും അവർ കീഴടങ്ങാനുള്ള യാതൊരു ഭാവവും പ്രത്യക്ഷപ്പെടുത്തിയില്ല. ഇത്ര ധീരതയോടും വാശിയോടുംകൂടി ബലഭദ്രസിംഹൻ അന്നത്തെ ഏറ്റവും യോഗ്യന്മാരായ സേനാനായകന്മാരുടെ നേരെ പൊരുതിനിന്നതു് ആ നായകന്മാരെത്തന്നെ അത്ഭുതപ്പെടുത്തി. ഇംഗ്ലീഷ് നേതാക്കന്മാർ മതിമറന്നവശായി. മതിൽ കയറിക്കടക്കുവാൻ ശ്രമിച്ചതിൽ മേജർ ജനറൽ ജിലസ്പി കൊല്ലപ്പെട്ടു. ഇതിന്നുശേഷം മോബേയ്തന്നെ സേനാനായകനായി. നിരോധനം തുടരുന്നതു വിഡ്ഢിത്തമായിരിക്കുമെന്നു കരുതി വേഗത്തിൽ മോബേയ് വിരോധം നിറുത്തിവെച്ചു പിൻമാറി. കൂടുതൽ യോദ്ധാക്കൾക്കും യുദ്ധസാമഗ്രികൾക്കും ഒൽഹിയിലുണ്ടായിരുന്ന ഇംഗ്ലീഷ്കാരോടാവശ്യപ്പെട്ടു. നവംബർ 24-ാംതീയ്യതി ആളുകളും സാമാനവും എത്തിച്ചേർന്നു. പിറ്റേ

ദിവസം രണ്ടാമത്തെ നിരോധം തുടങ്ങി. വീണ്ടും ബ്രിട്ടീഷ് സൈന്യത്തിനു് പിൻതിരിയേണ്ടിവന്നു.

കോട്ടയ്ക്കകത്തു ശേഖരിച്ചിരുന്ന ജലം തീരെ കഴിഞ്ഞു. ഇംഗ്ലീഷുകാരുടെ ക്യാമ്പിന്നടുത്തുണ്ടായിരുന്ന ചില ജലപാത്തങ്ങളിൽനിന്നാണു കോട്ടയിലേയ്ക്കു വെള്ളം എടുക്കുക പതിവായിരുന്നതു്. ഇപ്പോൾ അങ്ങിനെ ചെയ്യുന്നതു് അപകരവുമായി. കോട്ടയ്ക്കകത്തുണ്ടായിരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ദാഹിച്ചുവലഞ്ഞും കൊണ്ടുള്ള കരച്ചിൽ കണ്ണാരുത്തുദമായിരുന്നു. ഇവരേയും നാലുപാടും കേട്ടുപാറിയ കോട്ടയേയും കാത്തുരക്ഷിച്ചുകൊണ്ടു നേപാളത്തെ വീരകേസരികളും, വാശിയോടുകൂടി പൊരുതിയിരുന്ന ഇംഗ്ലീഷുകാരെ എതുത്തുനിന്നു. ഇംഗ്ലീഷുകാരുടെ ഗംഭീരമായ വെടിയേക്കാളും സ്ത്രീജനങ്ങളുടേയും കുട്ടികളുടേയും രോദനമായിരുന്നു നേപാളത്തുകാക്കു് അധികം ഭയാനകവും മർമ്മഭേദകവുമായിത്തീർന്നതു്. മുന്നൂറു പേരോളമുണ്ടായിരുന്ന നേപാളക്കാർ, അഥവാ ഗ്രൂക്കർ, ഇപ്പോൾ കേവലം എഴുപതു മാത്രമായി കുറഞ്ഞിരിക്കുന്നു. അവർ കീഴടങ്ങിയാൽ ശത്രുക്കളും സമ്മതിക്കുമായിരുന്നു; പക്ഷേ കീഴടങ്ങുവാനുള്ള ആഗ്രഹം ആ വീരകേസരികളെ സ്പർശിക്കുകയല്ല, സമീപിക്കുകപോലും ഉണ്ടായില്ല.

അക്ടോബർ 31-ാം തിയ്യതിയായി. നിരോധം ഇനിയും നിലമ്പിട്ടില്ല. ബ്രിട്ടീഷു പട്ടാളം വെടി തകർക്കുന്നു. ഗ്രൂക്കരാകട്ടേ വെടിയുണ്ടകളും "ശരവർഷം" പൊഴിക്കുന്നു. അതാ കോട്ടയുടെ ഇരുമ്പുകവാടങ്ങളും പൊ

ട്ടെന്നു തുറക്കുന്നു! കൈയിൽ ഖഡ്ഗവും തോളിൽ തോക്കുമായി എഴുപതു വീരകേസരികളും കോട്ടയിൽനിന്നു പാഞ്ഞിറങ്ങുന്നു! ധീരതയോടും പ്രസന്നവദനത്തോടും സൈനികസാധാരണമായ നടത്തയോടുംകൂടി അവരെ നയിക്കുന്നതു ബലഭദ്രസിംഹനാണ്. അന്ധാളിച്ചുനിന്നിരുന്ന ബ്രിട്ടീഷു പട്ടാളക്കാർ എന്തു ചെയ്യേണമെന്നാലോചിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ ഗ്രൂക്കവീരന്മാർ



ഗ്രൂക്പടയാളികൾ.

ബ്രിട്ടീഷു സൈന്യനിര മുറിച്ചു കടക്കുകയും കുന്നിൻചരുവിലെ അരുവിയിൽനിന്നു വെള്ളം കുടിക്കുകയും ചെയ്തതൊരാക്രമം യാതൊരു പരുക്കും പറ്റാതെ പാഞ്ഞുമറഞ്ഞുകളഞ്ഞു.

ഇംഗ്ലീഷുകാർ പിന്നെ കോട്ടതകർത്തുകളഞ്ഞു. കലും ഗകോട്ട നാമാവശേഷമായി. ഈ നിരോധനത്തിൽ ഗ്രൂക്കർ പ്രദർശിപ്പിച്ച വീര്യവും ശൌര്യവും ധൈര്യവു

മോർക്കുമ്പോൾ ബ്രിട്ടീഷുകാരുടെ പോരായ്മ തുലോം കുറഞ്ഞുപോകുന്നു എന്നു് ഒരു ബ്രിട്ടീഷുകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

അനേകം വീരയോദ്ധാക്കളെപ്പറ്റി ചരിത്രം ഘോഷിക്കുന്നുണ്ടു്; ഘോഷിച്ചിട്ടുമുണ്ടു്. പക്ഷെ നമ്മുടെ കഥാനായകനായ ബലഭദ്രസിംഹൻ ധൈര്യവീര്യപരാക്രമാദികളിൽ അദ്വിതീയനായി ചരിത്രപംക്തികളിൽ പ്രശോഭിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

---

൧൯. രാജാ രാമമോഹൻറായിയും ബ്രെൻറാറിങ്ങ് പ്രൂവും.

പാശ്ചാത്യപരിഷ്കാരം ഭാരതവർഷത്തിൽ പ്രചരിച്ചപ്പോൾ പലരും അതിൻറെ 'പുറംപൂച്ചു'ലിൽ മയങ്ങിപ്പോയി. പ്രാചീനമായിട്ടുള്ള ഭാരതീയരുടെ സകല ഏർപ്പാടുകളേയും ചിലർ അപഹസിക്കുവാൻ തുടങ്ങി. മറ്റു ചിലർ പാശ്ചാത്യപരിഷ്കാരം സ്വീകരിച്ചു് പൌരസ്ത്യസ്ഥാപനങ്ങളെ പരിഷ്കരിക്കുവാൻ ശ്രമിച്ചു. ഇങ്ങിനെയുണ്ടായ പരിഷ്കാരികളിൽ ഒരാളായിരുന്നു രാജാ രാമമോഹൻറായി.

ഇദ്ദേഹം ബംഗാളത്തിൽ 1774-ൽ ജനിച്ചു. വിദ്യാഭ്യാസം സിദ്ധിച്ചശേഷം സമുദായപരിഷ്കരണത്തിൽ അദ്ദേഹം അത്യുത്സാഹിയായിരുന്നു. വാസ്തവത്തിൽ ഇന്ത്യയിൽ ആധുനികമായ ഹൈന്ദവപരിഷ്കാരം തുടങ്ങിയതു് അദ്ദേഹത്തിൻറെ കാലംമുതൽക്കാണത്രെ. കൽക്കത്തയിൽ ബ്രഹ്മസമാജം സ്ഥാപിച്ചതു് അദ്ദേഹമാണു്.

ഇതു് 1828-ലാണു് സ്ഥാപിതമായതു്. ഹിന്ദുമതത്തെ പരിഷ്കരിച്ചു വേദങ്ങളിലും ഉപനിഷത്തുക്കളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഏകദൈവത്തെ ഭജിക്കുക എന്ന സമ്പ്രദായം നാട്ടുകാരുടെയിടയിൽ നടപ്പാക്കുകയായിരുന്നു ഈ സമാജത്തിന്റെ ഉദ്ദേശം. ഇതിൻകീഴിലെ ആദ്യത്തെ ക്ഷേത്രം 1830-ൽ ഉൽഘാടനം ചെയ്യപ്പെട്ടു.

ഈ സമാജം മറ്റുവിധത്തിലും സമുദായത്തെ പരിഷ്കരിക്കുവാൻ ശ്രമിച്ചു. ജാതിവ്യത്യാസത്തെ അതിലെ അംഗങ്ങൾ സ്വീകരിച്ചിരുന്നില്ല. അവർ സ്ത്രീകളുടെ ഉന്നമനത്തിനും ശ്രമിച്ചിരുന്നു. കൂടാതെ ഭിന്നമതക്കാർ യോജിപ്പോടും അന്യോന്യസ്നേഹത്തോടുംകൂടി വർത്തിക്കുന്നതിനും അവർ പരിശ്രമിച്ചു. ദേവേന്ദ്രനാഥ ടാഗോർ, കേശവചന്ദ്രസേനൻ മുതലായ മഹാമന്മാർ ബ്രഹ്മസമാജത്തിലെ അംഗങ്ങളായിരുന്നു എന്ന വസ്തുതതന്നെ അതിന്റെ മാഹാത്മ്യത്തെ വ്യക്തമാക്കുന്നുണ്ടു്. കാലക്രമേണ ഇതിലെ അംഗങ്ങൾ തമ്മിൽ അല്പം ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുകയാൽ പുതിയ ചില സമാജങ്ങൾ ഉണ്ടായിത്തീർന്നു.

ബെൻറിങ്ക് പ്രഭു 1828മുതൽ 1835 വരെ ഇന്ത്യയിൽ ഗവർണ്ണർ ജനറാലായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു വലിയ യുദ്ധമൊന്നുമുണ്ടായില്ല. അതിനാൽ ഇന്ത്യയിൽ പല പരിഷ്കാരങ്ങളും വരുത്തുന്നതിനു് അദ്ദേഹത്തിനു സൌകര്യപ്പെട്ടു. അങ്ങിനെ വരുത്തിയ പരിഷ്കാരങ്ങളിൽ ഏറ്റവും പ്രസിദ്ധമായതു സതി അല്ലെങ്കിൽ ഉടന്തടിച്ചാടൽ, നിറുത്തുവാൻ അദ്ദേഹം ചെയ്ത ശ്രമമാണു്. ഇതിൽ അദ്ദേഹത്തെ മാ

രാജാ രാമമോഹൻറായിയും ബെൻറിങ്ങ് പ്രഭുവും ൻറ

നാപ്രകാരേണ സഹായിച്ചു് അദ്ദേഹത്തെ ധൈര്യപ്പെട്ട
ത്തിയവരിൽ ഏറ്റവും പ്രധാനി രാജാ രാമമോഹൻ
റായിയായിരുന്നു. ജീവ
നോടുകൂടി യിധവമാരെ ദ
ഹിപ്പിക്കുകയോ കുഴിച്ചി
ടുകയോ ചെയ്യുന്നതു കു
റ്റകരമാണെന്നുള്ള നിയ
മം 1829-ൽ ബെൻറിങ്ങ് പ്രഭു പ്രസിദ്ധം ചെ
യ്തു. 1883-ൽ രാമമോ
ഹൻറായി ചരമഗതിപ്രാ
പിച്ചു.



ബെൻറിങ്ങ് പ്രഭു.

ബെൻറിങ്ങ് പ്രഭു
വരുത്തിയ മറ്റു പരിഷ്കാര
ങ്ങളും ഇവിടെ ചുരുക്കിപ്പ
റയാം.

വിദ്യാഭ്യാസവിഷയത്തിൽ വലിയ ഒരു തർക്കംനട
ന്നിരുന്നു. പാശ്ചാത്യരീതിയിലൊ പൌരസ്ത്യസമ്പ്രദാ
യപ്രകാരമോ ഭാരതീയരുടെ വിദ്യാഭ്യാസം നിർവ്വഹിക്കേ
ണ്ടതു് എന്നായിരുന്നു അതു്. ബെൻറിങ്ങും മെക്കോ
ളെ പ്രഭുവുംകൂടി പാശ്ചാത്യരീതിയാണു സ്വീകാര്യമെന്നു
തീരുമാനിച്ചു. തൽഫലമായി ഇന്നും നമുക്കു പാശ്ചാത്യ
രീതിപ്രകാരം വിദ്യാഭ്യാസം സിദ്ധിച്ചുവരുന്നു.

തഗ്ഗികൾ അല്ലെങ്കിൽ "വഞ്ചകർ" എന്ന ഒരു
വർഗ്ഗം ആളുകൾ നാടെങ്ങും നടന്നു കണ്ടതെല്ലാം
"മൂടിച്ചു" കൊണ്ടിരുന്നു. ഇവർ യാത്രക്കാരേയും മറവു

വല്ലാതെ ശല്യപ്പെടുത്തിയിരുന്നു. നല്ല മുൻകരുതലോടും കരുക്കളോടുംകൂടി ഇവരെ ബെൻറിങ്ങ് നശിപ്പിച്ചു.

ഭരണകാര്യങ്ങളിലും ബെൻറിങ്ങു് പരിഷ്കാരങ്ങൾ വരുത്തി. ഇന്ത്യക്കാരെ നിയമിക്കുന്നതിനു കോൺവാലീസ് പ്രദർശിപ്പിച്ച ജാഗ്രത ഇദ്ദേഹത്തിനുണ്ടായിരുന്നില്ല. അതിനാൽ ഇദ്ദേഹത്തിൻറെ കാലം മുതൽ നാട്ടുകാർക്കു് ഉയർന്ന ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിനു സാദ്ധ്യമായി. ഉദ്യോഗസ്ഥന്മാർക്കു ശമ്പളത്തിനും പുറമേ കൊടുത്തിരുന്ന അലവൻസു് ഇദ്ദേഹം കുറച്ചു.

ബെൻറിങ്ങിൻെറ വാഴ്ചക്കാലത്തു് ഇംഗ്ലീഷ് മൂവ്വേന്ത്യാകമ്പനിയുടെ അധികാരപത്രം പൊളിച്ചെഴുതി. ഇതുപ്രകാരം കമ്പനി കമ്പടസംബന്ധമായ സകല കാര്യങ്ങളിൽനിന്നും വിരമിച്ചു.

ബെൻറിങ്ങു് 1835-ൽ രാജ്യഭരണമൊഴിഞ്ഞുപോയി. ഭരണീയരുടെ ക്ഷേമമാണു ഭരണകർത്താക്കളുടെ ഉദ്ദേശമായിരിക്കേണ്ടതു് എന്ന തത്വം മറക്കാതെ രാജ്യഭരണം നടത്തിയ ഒരു മഹാനായിരുന്നു അദ്ദേഹം.

---

൫൭. ഹേമരാജൻ

അഥവാ

ബർമ്മ പിടിച്ചടക്കൽ.

ബർമ്മയിൽ 1750-ൽ അലോംപ്ര എന്നൊരാൾ ഒരു വംശം സ്ഥാപിച്ചു. ഈ രാജവംശത്തിൽ അതിഭയങ്കരനായ ഒരു രാജാവുണ്ടായിരുന്നു. "ബൊദോപ്രെ" എന്നായിരുന്നു ഇദ്ദേഹത്തിൻെറ പേർ. ഇദ്ദേഹത്തി

ന്റെ മുപ്പത്തിഏഴു കൊല്ലത്തെ ഭരണം 1819-ൽ അവ
സാനിച്ചു.

ബമ്മ ഭരിച്ചുവന്ന രാജാക്കന്മാക്കും അവരുടെ മ
ന്ത്രിമാക്കും ബമ്മയെപ്പറ്റി മാത്രമേ അറിവുണ്ടായിരുന്ന
ള്ളുവത്രെ. അവർ സങ്കുചിതമനസ്സുള്ളവരും ക്രൂരന്മാരു
മായിരുന്നുവെന്നു പറയപ്പെട്ടുന്നു.

ആമേഴ്സ്റ്റ് പ്രഭു ഗവർണർ ജനറലായിരിക്കുന്ന
കാലത്തു് ഇംഗ്ലീഷുകാരെ ബങ്കാളത്തിൽനിന്നും കാടി
ക്കുവാനായി ബമ്മ രാജാവു ശ്രമിച്ചു. എന്നുതന്നെയല്ല
മഹാബാന്ദുലാ എന്ന തന്റെ സേനാനായകനു രാജാവു്
ഒരു പ്രത്യേക കല്പനയും കൊടുത്തു. ഇംഗ്ലീഷു ഗവർ
ണർ ജനറലായ ആമേഴ്സ്റ്റ് പ്രഭുവിനെ പിടിച്ചു കെട്ടി
തന്റെ മുമ്പാകെ ഹാജരാക്കേണമെന്നായിരുന്നു ആ ക
ല്പന. ഈ ആവശ്യത്തിലേക്കായി സേനാനായകൻ
സപ്തൻഗംകൊണ്ടുണ്ടാക്കിയ കൈവിലങ്ങുകൊണ്ടു പുറപ്പെ
ട്ടുവത്രെ!

ഈ യുദ്ധത്തിൽ ഇംഗ്ലീഷുകാർ ജയിച്ചു. അവക്കു
ആസാം, അറാക്കാൻ, തെനാസ്സറീം എന്നീ പ്രദേശങ്ങ
ളും ലഭിച്ചു.

1852-ൽ രണ്ടാമതും ബമ്മയുമായി യുദ്ധമുണ്ടായി.
ഇതിനും കാരണം ബമ്മ രാജാവിന്റെ നയക്കുറവായി
രുന്നു. ഇതിലും ഇംഗ്ലീഷുകാർ തന്നെ വിജയികളായി
പെഗു എന്ന പ്രദേശം സമ്പാദിച്ചു.

1885-ൽ മൂന്നാം ബമ്മയുദ്ധം ഉണ്ടായി. തീബാ
എന്നായിരുന്നു അന്നത്തെ ബമ്മരാജാവിന്റെ പേർ.
അദ്ദേഹം പരസ്ത്രീസുകാക്കു ചെയ്യു പ്രത്യേകസൗകര്യങ്ങ

ാം നിമിത്തമാണ് യുദ്ധമുണ്ടായത്. ഈ യുദ്ധത്തിലും ബർമ്മക്കാർ പരാജിതരാവുകയാണുണ്ടായത്. ഇതിന്റെ ശേഷം ബർമ്മയുടെ ഭാഗങ്ങളായിരുന്ന പ്രദേശങ്ങളും ബ്രിട്ടീഷുകാർ അധീനപ്പെടുത്തി. തീബാ രാജാവിനേയും കുടുംബാംഗങ്ങളേയും ഇംഗ്ലീഷുകാർ ഇന്ത്യയിലേക്കു നാടുകടത്തി.

തീബായുടെ സ്ഥിതിയോർക്കുമ്പോൾ ആർക്കും അത്യന്തം കഷ്ടം തോന്നിയേക്കും. എന്നാൽ അദ്ദേഹം അതിക്രൂരനായിരുന്നുവെന്നും രാജ്യഭാരം കൈവശമാക്കേണ്ടതിലേക്ക് ഏകദേശം എൺപതോളം കൊല നടത്തിയവനായിരുന്നു എന്നും ഓർക്കുമ്പോൾ ആ കഷ്ടവിചാരം നഷ്ടമാകും.

ബർമ്മ അടുത്ത കാലംവരെ ബ്രിട്ടീഷ് ഇന്ത്യയുമായി ചേർക്കപ്പെട്ടിരുന്നു. ഇപ്പോൾ അതിൽനിന്നും വേർതിരിക്കപ്പെട്ട് ഒരു പ്രത്യേക ഭരണവ്യവസ്ഥപ്രകാരം ഭരിക്കപ്പെടുന്നു.

---

൧൮. മരണത്തിന്റെ നൃത്തരംഗമായിരുന്ന സാനുപ്രദേശം.

ഒന്നാം അഫ്ഘാൻ യുദ്ധം.
1839—42.

അഫ്ഘാനിസ്ഥാനം എന്നു പറയപ്പെടുന്ന രാജ്യം പല പ്രദേശങ്ങളും പല കാലങ്ങളിലായി കൂട്ടിച്ചേർത്തു സ്ഥാപിതമായുള്ള ഒരു രാജ്യമാണ്. പതിനാലാം നൂറാണ്ടിന്റെ മദ്ധ്യകാലത്തു റഷ്യാരാജ്യത്തിന്റെ ശ

കത്തി വച്ചിരുന്നു. റഷ്യക്കാർ പെർഷ്യായേയും അഫ്ഗാനിസ്ഥാനത്തേയും സ്വാധീനിച്ച് ഇന്ത്യയിൽ എത്തുമോ എന്നു ഇംഗ്ലീഷുകാർ ഭയപ്പെട്ടു. അതിനാൽ ഈ രണ്ടു രാജ്യങ്ങളേയും പാട്ടിൽ വെക്കുവാൻ ഇംഗ്ലീഷുകാർ ആഗ്രഹിച്ചു.

അഫ്ഗാനിസ്ഥാനത്തെ അമീറാക്കുവാൻ ശരിയായ അവകാശിയായ ഷാഷുജ 1809-ൽതന്നെ ചില കുഴപ്പത്താൽ പഞ്ചാബിലേക്കോടി രക്ഷപ്പെട്ടിട്ടുണ്ടായിരുന്നു. ആ കൊല്ലത്തിൽതന്നെ പഞ്ചാബിലെ ശിഖരാജാവായ രണജിതസിംഹനും ഇംഗ്ലീഷുകാരും കൂടി ഒരു സഖ്യം ചെയ്തിരുന്നു. 1826-ൽ ഡോസു മുഹമ്മദ് എന്നു പേരായി, പഴയ മന്ത്രികുടുംബത്തിലെ കരാഠം അമീറായി. ഈ ഘട്ടത്തിലാണ് ആക്ലണ്ട് പ്രഭു ഗവർണർ ജനറാലായി വന്നതും റഷ്യയോടുള്ള ഭയവും ആശങ്കയും ബ്രിട്ടീഷുകാക്കു തുടങ്ങിയതും.

ഡോസു മുഹമ്മദുമായി ഒരു സഖ്യം ചെയ്യുന്നതിനു കാപ്റ്റൻ ബേൺസ് എന്നാളെ ആക്ലണ്ട് പ്രഭു അയച്ചു. രണജിതസിംഹൻ പിടിച്ചു കൈവശം വെച്ചിരിക്കുന്ന പുരുഷപുരം എന്ന പ്രദേശം വിട്ടുവിച്ചു കൊടുത്താൽ താൻ സഖ്യം ചെയ്യാമെന്നു അമീർ പറഞ്ഞു. ഇങ്ങിനെ വിട്ടുവിച്ചുകൊടുക്കുവാൻ ശ്രമിച്ചാൽ രണജിതസിംഹൻ മുഷിയുമെന്നുവെച്ച് ബ്രിട്ടീഷുകാർ അതിനു ധൈര്യപ്പെട്ടില്ല. അതിനാൽ ബേൺസ് മടങ്ങി. ഉടനെതന്നെ അമീർ റഷ്യൻ പ്രതിനിധിയെ സ്വീകരിച്ചു. ഈ വിവരമറിഞ്ഞു ആക്ലണ്ട് അഫ്ഗാനിസ്ഥാനവുമായി യുദ്ധം ചെയ്യുവാനുറച്ചു. ഈ യു

ഭമാണ് ഒന്നാം ആഫ്ഗൻ യുദ്ധം എന്ന പറയപ്പെട്ടുന്നത്. ഇതു 1839-ൽ ആരംഭിച്ചു 1842-ൽ അവസാനിച്ചു.

ഇംഗ്ലീഷുകാരും ശിഖന്മാരും യോജിച്ചു് ഷാഷുജയെ അമീറായി ആഫ്ഗാനിസ്ഥാനത്തു വാഴിക്കണമെന്നു ഗവർണർ ജനറാൽ നിശ്ചയിച്ചു. ഇതനുസരിച്ചു് ഇംഗ്ലീഷുകാർ, ഷാഷുജു, രണജിത്സിംഹൻ എന്നീ മൂന്നു കക്ഷികളും ചേർന്നു് ഒരു സഖ്യം ചെയ്തു.

ബ്രിട്ടീഷ് സൈന്യങ്ങളെ കാബൂളിലേക്കയച്ചു. പക്ഷെ ഇവരുടെ വരവുണ്ടെന്നറിഞ്ഞു ഡോസുമുഹമ്മദ് വടക്കോട്ടോടി. നിഷ്പ്രയാസം ഷാഷുജ അമീറായി, എങ്കിലും ആഫ്ഗാൻകാർ ഇംഗ്ലീഷുകാരുടെ ആശ്രിതനായ അമീറിനെ വെറുത്തു. ബ്രിട്ടീഷുകാർ "വെള്ളിമഴ പെയ്യിച്ചു" കൊണ്ടിരുന്നതിനാൽ ആഫ്ഗൻ നേതാക്കന്മാർ അല്പകാലം ക്ഷമിച്ചു. "വെള്ളിമഴതോന്നു" പ്പോൾ അവർ ഇളകിവശായി. ഡോസുമുഹമ്മദിന്റെ പുത്രനായ അക്ബർഖാനായിരുന്നു ഇവരുടെ നേതാവു്. പിതാവായ ഡോസുമുഹമ്മദു് ഇതിനിടക്കു് ഇംഗ്ലീഷുകാർക്കു കീഴടങ്ങുകയും അവർ അദ്ദേഹത്തെ കൽക്കത്തക്കയക്കുകയും ചെയ്തിരുന്നു. പക്ഷെ മകൻ അതിനു തുനിഞ്ഞില്ല. അയാൾ ഒരു വിപ്ലവംതന്നെ ആഫ്ഗാനിസ്ഥാനത്തിൽ വരുത്തി. ബ്രിട്ടീഷ് പ്രതിനിധിയായ മാക്നാട്ടൻ ഹതനായി. ഷാഷുജക്കും അകാലമരണം സംഭവിച്ചു. സർ അലക്സാന്ദർ ബേൺസിനും അതുതന്നെയായി ഗതി. കടവിൽ ബ്രിട്ടീഷ്

സൈന്യം പിൻമാറുവാൻ തീച്ചയാക്കി ഇന്ത്യയിലേക്കു തിരിച്ചു.

നാല്പത്തയ്യായിരം ഭടന്മാരും അതിലിരട്ടി മറ്റുള്ളാളുകളും കൂടിയാണു മടങ്ങിപ്പുറപ്പെട്ടതു്. വീതികുറഞ്ഞ കാട്ടുവഴിയിൽക്കൂടി മടങ്ങിയിരുന്ന ഈ വമ്പിച്ച ജനസഞ്ചയത്തെ ആഫ്ഗാൻ വർഗ്ഗപ്രമാണികൾ വഴിവക്കിലുണ്ടായിരുന്ന കുന്നുകളിൽനിന്നുംകൊണ്ടു വെടിവെച്ചു വീഴ്ത്തുവാൻ തുടങ്ങി. സൈനികക്രമമെല്ലാം വിട്ടു കാട്ടം തുടങ്ങിട്ടും കായ്മുണ്ടായില്ല. അനവധി പേർ മഞ്ഞിൽ വീണുപോയി. മറ്റനേകം പേർ തോക്കിന്നിരയായി. പതിമൂവായിരത്തി അഞ്ഞൂറാളുകൾ പുറപ്പെട്ടതിൽ ഡാക്ടർ ബ്രൈഡൻ മാത്രമേ തന്റെ കുതിരപ്പുറത്തിരുന്ന ചാഞ്ചാടിയുംകൊണ്ടു് ഒരു ജീവശ്ശവമെന്നപോലെ ജലാലബാദിൽ എത്തിച്ചേർന്നുള്ളു. ഈ ഭയങ്കരസംഭവം നടന്ന താഴ്വരയ്ക്കാണു് "മരണത്തിന്റെ സ്തരം ഗമായിരുന്ന സാനുപ്രദേശം" എന്നു പറഞ്ഞുവരുന്നതു്. കന്നാം ആഫ്ഗാൻ യുദ്ധംകൊണ്ടുണ്ടായതു് അസംഖ്യം പണവും ആളുകളേയും ബലികഴിക്കുകയാണു്.

ഇതുകഴിഞ്ഞ ഉടനെ ബ്രിട്ടീഷധികൃതന്മാർ ആകലണ്ടിനെ തിരിച്ചുവിളിച്ചു്, എല്ലൻബറൊ പ്രഭുവിനെ ഗവർണർ ജനറാലായി നിയമിച്ചയച്ചു. ഇദ്ദേഹത്തിന്റെ കാലത്തു് ഇംഗ്ലീഷുകാർ കാബൂൾ തിരികെ പിടിച്ചു് അതിന്റെ ഏതാനും ഭാഗം നശിപ്പിച്ചുകളഞ്ഞു.

൫൯. രണജിതസിംഹൻ.

രണജിതസിംഹൻ 1780-ൽ ജനിച്ചു. പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ അദ്ദേഹത്തിന്റെ പിതാവു മരിച്ചു. അദ്ദേഹത്തിനു് ഏതാണ്ടു പത്തൊമ്പതു വയസ്സായപ്പോൾ അഫ്ഗൻ രാജാവായ ഷാസാമൻ പഞ്ചാബാക്രമിച്ചു. ഈ അവസരത്തിലാണു് രണജിതസിംഹൻ ഉയർന്നതു്. ഷാസാമൻ അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ കണ്ടറിഞ്ഞു സന്തുഷ്ടനായി അദ്ദേഹത്തിനു ലാഹോർ സമ്മാനമായി കൊടുത്തു. ഇതോടുകൂടി "രാജാവു്" എന്ന സ്ഥാനവും കൊടുത്തു.



രണജിതസിംഹൻ.

അവിടെയും സമീപത്തും വസിച്ചിരുന്നവരെ തന്റെ കീഴിലാക്കി 1802-ൽ അദ്ദേഹം അമൃതസരസ്സു് പിടിച്ചടക്കി. കിഴക്കുള്ള പ്രദേശങ്ങൾ തന്റെ രാജ്യത്തോടു് ചേർത്തു അതു വിസ്തൃതമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

1806-ൽ അദ്ദേഹം സറ്റ്ലജ് നദീകടന്നു കൂടിയാന കൈവശപ്പെടുത്തി. അവിടത്തെ പ്രഭുക്കന്മാർ ഇംഗ്ലീഷുകാരുടെ സഹായമാവശ്യപ്പെട്ടു. ഇതനുസരിച്ചു് അന്നത്തെ ഗവർണർജനറലായ മിൻറ്റൊ പ്രഭു ചാൾ

സ് മെറ്റ്കാഫിനെ ശിഖന്മാരുടെ രാജധാനിയിലേക്കയച്ചു. ഇതിന്റെ ഫലമായി 1809-ൽ അമൃത്സരസ്സിലെ ഉടമ്പടിയുണ്ടായി. ഇതുപ്രകാരം ഇംഗ്ലീഷുകാരും ശിഖന്മാരും തമ്മിൽ സ്ഥിരമായ സൌഹാർദ്ദം സ്ഥാപിതമായി. സറ്റ്ലജ് നദിയുടെ തെക്കുഭാഗത്തേക്കു ശിഖരും വടക്കുഭാഗത്തേക്കു ഇംഗ്ലീഷുകാരും പ്രവേശിക്കയില്ലെന്നും ഇതുപ്രകാരം നിശ്ചയിച്ചു. രണജിത്സിംഹൻ മരിക്കുന്നതുവരെ ഈ സഖ്യം നിലനിന്നു.

1824-വരെ തന്റെ രാജ്യം വർദ്ധിപ്പിച്ച് അതു സുദൃഢമാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. 1818-ൽ അദ്ദേഹം മുൾത്താൻ പിടിച്ചടക്കി; 1819-ൽ കാശ്മീരം തന്റെ രാജ്യത്തോടു ചേർത്തു; 1820-ൽ ദേരജത്തു് എന്ന പ്രദേശം പിടിച്ചടക്കി. 1823-ൽ പുരുഷപുരവും കൈവശമാക്കി. ഇങ്ങിനെ ഇക്കാലത്തു് അദ്ദേഹം പഞ്ചാബിൽ പൂർണ്ണാധികാരിയായിരുന്നു.

മഹാരാജാ രണജിത്സിംഹൻ വളരെ നല്ലവണ്ണം രാജ്യഭരണം നിർവ്വഹിച്ചിരുന്നു. അദ്ദേഹം 1839-ൽ ചരമഗതിപ്രാപിച്ചു.

---

൫൦. ജാൻസിയിലെ റാണി.

ദൽഹൌസിപ്രഭു 1848 മുതൽ 1856 വരെ ഇന്ത്യയിൽ ഗവർണർ ജനറാലായിരുന്നു. സന്താനമില്ലാത്ത നാട്ടുരാജാക്കന്മാർ അവരുടെ അവകാശികളല്ലാത്തവരെ ദത്തെടുത്തു് അവകാശികളാക്കിത്തീർത്തിരുന്ന സമ്പ്രദായം അന്നു് ഇന്ത്യയിൽ നടപ്പുണ്ടായിരുന്നു.

ഇതു നിരത്തൽ ചെയ്യുന്നതാണെന്നും അവകാശികളില്ലാതെ മരിക്കുന്ന രാജാക്കന്മാരുടെ രാജ്യങ്ങൾ ബ്രിട്ടീഷുകാക്കു കരുങ്ങുന്നതാണെന്നും ഈ പ്രഭു പ്രഖ്യാപനം ചെയ്തു. ഇതുപ്രകാരം ഏഴു നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷിന്ത്യയോടു് അദ്ദേഹം ചേർത്തു. ഇവയിൽ പ്രധാനമായവ നാഗപുരം, ജാൻസി, സത്താറ എന്നിവയായിരുന്നു.

ഇങ്ങിനെ ബ്രിട്ടീഷിന്ത്യയിൽ ചേർക്കപ്പെട്ട ജാൻസി രാജ്യത്തു 1857 ജൂൺ മാസം 10-നു- റാണിലക്ഷ്മീഭായി അവിടത്തെ റാണിയായി രാജ്യഭാരം കൈയേറ്റിരിക്കുന്നു എന്നൊരു വിളംബരം അവർ പ്രസിദ്ധപ്പെടുത്തി. ഈ വീരസ്ത്രീ മരിച്ച ഗംഗാധരറാവുവിന്റെ പട്ടമഹിഷിയും ഇരുപതു വയസ്സുമാത്രം പ്രായമായവളുമായിരുന്നു. എട്ടൊമ്പതു മാസത്തോളം ഇംഗ്ലീഷുകാർ ഒന്നും ചെയ്യാതിരുന്നു.

കൊല്ലം പിറന്നു ഏകദേശം മൂന്നുമാസം കഴിഞ്ഞപ്പോൾ സർ ഹ്യൂറോസിനെ അപർ ജാൻസി പിടിച്ചടക്കുവാൻ അയച്ചു. ജാൻസി ഉടനെ നിരോധിക്കപ്പെട്ടു. ലക്ഷ്മീഭായി ധീരതയോടെ പൊരുതിയെങ്കിലും രണ്ടാഴ്ചക്കുള്ളിൽ ജാൻസി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. നാനാസാഹിബിന്റെ സേനാനായകനായ താന്തിയതോപ്പി ജാൻസിയെ രക്ഷിക്കുവാൻ ശ്രമിച്ചുവെങ്കിലും ആ ശ്രമം ഫലിച്ചില്ല.

റാണിയും സഹായിയായ താന്തിയതോപ്പിയുംകൂടി ഗ്വാളിയോറിൽ എത്തി അവിടെ സ്ഥാനമുറപ്പിച്ചു. അവിടെനിന്നും സിന്ധ്യയെ ഓടിച്ചു കളഞ്ഞിട്ടാണ് ഇങ്ങിനെ ചെയ്തതു്. കവചം ധരിച്ച പുരുഷവേഷത്തിൽ

യുദ്ധം ചെയ്തിരുന്ന ആ ധീരവനിത 1858 ഏപ്രിൽ മാസത്തിൽ ഹതയായി. താന്തിയതോപ്പി അധികം താമസിയാതെ തോറവ് കാടിപ്പോയി. എങ്കിലും അദ്ദേഹത്തെ ഇംഗ്ലീഷുകാർ പിൻതുടർന്നു. രാജപുത്രസ്ഥാനത്തും മാൾവയിലും സഞ്ചരിച്ച് കുറെ മാസങ്ങൾ കഴിച്ചു. ഒടുവിൽ 1859 ഏപ്രിൽ മാസത്തിൽ അദ്ദേഹം ഇംഗ്ലീഷുകാരുടെ കൈയിൽ അകപ്പെട്ടു. അവർ അദ്ദേഹത്തെ വിസ്തരിച്ചു. കുറക്കാരനായിരുന്നു എന്നു അവക്കു തോന്നുകയാൽ അവർ അദ്ദേഹത്തിനു മരണശിക്ഷ നൽകി.

ജാൻസിയിലെ റാണി മരിച്ചുവെങ്കിലും അവരെ വാളെടുക്കുവാൻ പ്രേരിപ്പിച്ച സംഗതി വേഗത്തിൽ ഇല്ലാതായി. ക്യാനിങ്ങ് വൈസ്രായിയായ ഉടനെതന്നെ നാട്ടുരാജാക്കന്മാർക്കു, വേണ്ടിവരുന്നപക്ഷം ദത്തെടുക്കുവാനുള്ള അവകാശമുണ്ടെന്നു് അദ്ദേഹം പ്രഖ്യാപനം ചെയ്തു. രാജാക്കന്മാർ തൃപ്തരുമായി.

---

൨൮. ഹ്യൂമും ഭാരതമഹാസഭയും.

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ തുടങ്ങിയമുതൽതന്നെ ഉദ്യോഗം ഭരിക്കുന്നതിനായി അനേകം ഇംഗ്ലീഷുകാർ ഇവിടെ വരികയും പോകയും ഉണ്ടായിട്ടുണ്ട്. എന്നാൽ ഭാരതീയരുടെ അഭിവൃദ്ധിക്കായി ഭാരതവർഷത്തിൽവെച്ചു പ്രവർത്തിക്കുകയും ഉദ്യോഗകാലം കഴിഞ്ഞശീമയിലേക്കു മടങ്ങിയാൽകൂടി അവിടെവെച്ചു ഭാരതത്തെസംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രവേശിച്ചു ജീവി

തശേഷവുംകൂടി ആ വിശിഷ്ടരാജ്യക്കാക്കായി ഉപയോഗിക്കുകയും ചെയ്യിട്ടുള്ള ഇംഗ്ലീഷുകാരുടെ എണ്ണം യൂലോം ചുരുക്കമാണു്. ഇങ്ങിനെയുണ്ടായിട്ടുള്ളവരിൽ എ. ഓ. ഹ്യൂം, വില്യം വെഡർബൺ, സർ ഹെൻറി കോട്ടൻ എന്നിവർ പ്രത്യേകം പ്രസ്താവയോഗ്യരാണു്.

അഭ്യസ്തവിദ്യരായ ഭാരതീയർ എല്ലാ പ്രവിശ്യകളിലുമുണ്ടായി. അവിടങ്ങളിൽ പൊതുജനസേവനത്തിനായി പ്രാദേശികസഭകളും ഉണ്ടായിരുന്നു. കൽക്കത്തയിൽ 'ഇന്ത്യൻ അസോസിയേഷൻ' എന്നും ബോമ്പെയിൽ 'പ്രസിഡൻസി അസോസിയേഷൻ' എന്നും മദിരാശിയിൽ 'മഹാജനസഭ' എന്നുമായിരുന്ന പ്രാദേശികസഭകളുടെ പേരുകൾ. ഈ സഭകളും അതാതു സ്ഥലത്തെ രാഷ്ട്രീയകാര്യങ്ങളും നിർവ്വഹിച്ചുകൊള്ളുമെന്നും സാമുദായികകാര്യങ്ങളും പരിഷ്കരിക്കുന്നതിനു് ഒരു ഭാരതമഹാസഭ രൂപീകരിക്കണമെന്നും മി. എ. ഓ. ഹ്യൂം വിചാരിച്ചു. വിശേഷിച്ചു് ഈ സഭ കൂടുന്ന പ്രവിശ്യയിലെ ഗവണ്മെർ അദ്ധ്യക്ഷം വഹിക്കണമെന്നുമായിരുന്നു ഹ്യൂമിന്റെ അഭിപ്രായം.

1884-ൽ വൈസ്രോയിയായിരുന്ന ഡഫറിൻ പ്രഭുവിനെ ഹ്യൂം സന്ദർശിക്കയും തന്റെ അഭിപ്രായമെല്ലാം വൈസ്രോയിയെ ധരിപ്പിക്കയും ചെയ്തു. നിർമ്മത്സരബുദ്ധിയായ ഡഫറിൻ ഹ്യൂമിനോടു യോജിച്ചില്ല. ഇങ്ങിനെയുള്ള സഭകളും ഗവർമ്മെണ്ടിന്റെ വീഴ്ചകളും കൂണ്ടിക്കാണിക്കേണമെന്നും ഗവണ്മെർമാർ അദ്ധ്യക്ഷം വഹിച്ചാൽ ജനങ്ങളും അഭിപ്രായം തുറന്നുപറഞ്ഞില്ല എന്നും

യാമെന്നും മറ്റും വൈസ്രായി പറഞ്ഞു. പേർ പുറത്താക്കില്ലെങ്കിൽ ജനപ്രതിനിധികളോട് വിവരങ്ങൾ പറയാമെന്നും അദ്ദേഹം പറഞ്ഞു. പേർ പറയാതെ ഹ്യൂമിന്റെയും വൈസ്രോയിയുടേയും അഭിപ്രായം പ്രതിനിധിസഭയിൽ പ്രസ്താവിച്ചു. സഭ വൈസ്രോയിയുടെ അഭിപ്രായം സ്വീകരിച്ചു. ഇങ്ങിനെയാണ് കോൺഗ്രസ്സ് രൂപീകൃതമായത്. ഇതിനു മറ്റുചില കാരണങ്ങളും ഉണ്ടായി.

1883-ൽ റിപ്പൺ പ്രഭുവായിരുന്നു ഇന്ത്യയിൽ വൈസ്രോയി. നിതിന്യായപരിപാലനത്തിൽ വർഗ്ഗീയമായ ചില യോഗ്യതകളും ബ്രിട്ടീഷുകാർ അംഗീകരിച്ചിരുന്നു. കുറ്റക്കാരനായ ഒരു യൂറോപ്യനെ ഇന്ത്യയിൽവെച്ചു വിസ്തരിക്കണമെങ്കിൽ ന്യായാധിപൻ ഒരു യൂറോപ്യൻതന്നെ ആയിരിക്കണം. ഇതാണ് ഈ വർഗ്ഗീയമായ യോഗ്യതക്കുള്ള ഒരു ഉദാഹരണം. ഈ സമ്പ്രദായം നിറുത്തൽ ചെയ്യുവാനുദ്ദേശിച്ചുകൊണ്ട് അന്നത്തെ നിയമമെമ്പറായ മി. ഇൽബെർട്ട് കൌൺസിലിൽ ഒരു ബിൽ അവതരിപ്പിച്ചു. അന്നു് ഇന്ത്യയിൽ ഉണ്ടായിരുന്ന മിക്ക യൂറോപ്യന്മാരും യോജിച്ചു് ഈ ബിൽ കൌൺസിലിലും പുറത്തും വെച്ചു് ശക്തിയായി എതിർത്തു. ഒടുവിൽ വൈസ്രോയിക്കു ബിൽ വേണ്ടെന്നു വയ്ക്കേണ്ടതായി വന്നു.

ഇൽബർട്ട് ബിൽ വേണ്ടെന്നു വെക്കുവാൻ യൂറോപ്യന്മാർ കൂട്ടായ്മചെയ്ത പ്രക്ഷോഭണം അഭ്യസ്തവിദ്യരായ ചില ഭാരതീയരുടെ കണ്ണു തുറന്നു. കായ്മസി

ഭിക്കായി യോജിച്ചു പ്രവർത്തിക്കണമെന്നും അവരുടെ ഇടയിൽ ഒരു സംഘടനയുണ്ടായിരുന്നുവെങ്കിൽ ഇൽബെർട്ട് ബിൽ തള്ളിപ്പോകയില്ലായിരുന്നുവെന്നും അവർ ധരിച്ചു. പൊതുകാര്യപ്രസക്തരായ ചില ഭാരതീയർ ഒരു മഹാസഭ സ്ഥാപിക്കേണ്ട കാര്യത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി.

ഇക്കാലത്തു പ്രാദേശികപൊതുസഭകൾ ഉണ്ടായിരുന്നുവെങ്കിലും ഭാരതീയരെല്ലാവർക്കും പങ്കെടുക്കത്തക്കതായും ഭാരതത്തിന്റെ ക്ഷേമത്തെ ലക്ഷ്യമാക്കിക്കൊണ്ടുമുള്ള ഒരു സ്ഥാപനം ഉണ്ടായിരുന്നില്ല. അതിന്റെ ആവശ്യം പ്രത്യക്ഷമായിക്കാണപ്പെടുകയും ചെയ്തു.

ഇങ്ങിനെയിരിക്കെ 1885-ൽ ഡഫറിൻപ്രഭു വൈസറോയിയായിരിക്കുന്ന കാലത്തു ഭാരതമഹാജനസഭ—ഇന്ത്യൻ നാഷനൽ കോൺഗ്രസ്—സ്ഥാപിതമായി. ഇതു സ്ഥാപിക്കുന്നതിൽ പെൻഷ്യൻ പറ്റിപ്പിരിഞ്ഞ ഒരു ഐ. സി. എസ്. ഉദ്യോഗസ്ഥനായ മി. എ. ഓ. ഹ്യൂം എന്ന യൂറോപ്യൻ പല സഹായങ്ങളും ചെയ്തു. അന്നത്തെ വൈസറോയിയായ ഡഫറിൻപ്രഭുവിനെക്കുണ്ട വിവരങ്ങൾ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹംനിമിത്തമാണു സഭ രൂപീകൃതമായതെന്നുകൂടി ചിലർ പറയുന്നു. ഒന്നാമതായി സഭ കൂടിയതു ബോംബെ നഗരത്തിൽ വെച്ചാണ്. 1885 ഡിസമ്പർമാസം 28-൦തിയ്യതിയാണ് ഇതു കൂടിയതു്. അന്നു സഭാനാഥസ്ഥാനം അലങ്കരിച്ചതു് മി. ഉമേശചന്ദ്രബാനർജിയായിരുന്നു. മി. ഹ്യൂമാണു സഭാനാഥസ്ഥാനം വഹിക്കുവാനായി അദ്ദേഹത്തോടു് ആവശ്യപ്പെ

ട്ടതു്. ഈ സഭയുടെ രൂപീകരണത്തിന്നായി അശ്രാന്ത പരിശ്രമം ചെയ്തു മി. ഹ്യൂമിനെ സഭയുടെ ജനയിതാവായി ഗണിച്ചുവരുന്നു.

അന്നു ഭാരതമഹാസഭയുടെ ഉദ്ദേശ്യം ജനങ്ങളുടെ ആവശ്യങ്ങൾ ഗവമ്മേണ്ടിനെ അറിയിക്കുക എന്നും ഗവമ്മേണ്ടിന്റെ കീഴിൽ ഭാരതത്തിന്നും ഭാരതീയർക്കും കഴിയുന്ന ഉയർച്ചയുണ്ടാക്കുകയെന്നും മറ്റുമായിരുന്നു. ഇന്നു് ആ ഉദ്ദേശ്യമെല്ലാം തീരെ മാറിയിരിക്കുന്നു. ഭാരതീയർക്കു പൂർണ്ണസ്വരാജ്യം കൈവരുത്തേണമെന്നാണു് ഇന്നു് ഈ മഹാസഭയുടെ മഹനീയോദ്ദേശ്യം.

ഏകദേശം അര ശതകത്തോളം ബ്രിട്ടീഷ് ഗവമ്മേണ്ടുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടും കായ്യം സിദ്ധിക്കാതെ വന്നപ്പോൾ ഭാരതീയർ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നിസ്സഹകരണവും തീവ്രയത്നവും ആരംഭിച്ചു. ഇപ്പോൾ പരീക്ഷാർത്ഥമായി കോൺഗ്രസ് ബ്രിട്ടീഷിന്ത്യൻ ഗവമ്മേണ്ടിനോടു പ്രത്യേകമായവിധത്തിൽ യോജിച്ചു പ്രവൃത്തികൾ നടത്തുന്നു. ഇന്ത്യയിലെ പതിനൊന്നു പ്രവിശ്യകളിൽ ഏഴിലും കോൺഗ്രസ് ഭരണമാണു് ഇന്നു നടക്കുന്നതു്.

൨-൨. ഭാരതവർഷത്തിലെ പ്രബുദ്ധത.

i. ആര്യസമാജം.

ഭാരതീയർ പാശ്ചാത്യപരിഷ്കാരം സ്വീകരിച്ചപ്പോൾ അവരുടെ പഴയ ആചാരങ്ങളിൽ വലിയ വ്യ

ത്യാസങ്ങൾവന്നു. ആദ്യകാലത്തു ചിലർ പൌരസ്ത്യാദർശങ്ങൾ തീരെ നിസ്സാരങ്ങളെന്നു തെറ്റിദ്ധരിക്കുകകൂടി ഉണ്ടായി. പത്തൊമ്പതാം ശതകത്തിന്റെ ആദിയിൽ ആകപ്പാടെ ഒരു അമാന്തമൊ അശ്രദ്ധയൊ ആണു കാണപ്പെട്ടുന്നതു്. ഈ അശ്രദ്ധ വർദ്ധിച്ചു് കാണപ്പെട്ടതു് ആത്മീയകാര്യങ്ങളിലുമാണു്. ഇതു ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും ഇടയിൽ ഉണ്ടായിരുന്നു. ആയതിനാൽ ഈ രണ്ടു സമുദായങ്ങളിലും പരിഷ്കാരികൾ ഉണ്ടായിത്തീർന്നതായി നാം കാണുന്നു.

ഹിന്ദുക്കളുടെയിടയിൽനിന്നും ബ്രഹ്മസമാജം ഉത്ഭവിച്ച വിവരം മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചുവല്ലൊ. ഇങ്ങിനെയുണ്ടായ മറ്റൊരു സ്ഥാപനമാണു് ആര്യസമാജം. ഇതിന്റെ സ്ഥാപകൻ സ്വാമി ദയാനന്ദസരസ്വതിയായിരുന്നു. 1875 ലാണു് ഈ സംഘം സംസ്ഥാപിതമായതു്. ഇതിനുശേഷം പഞ്ചാബിൽ മതപരമായും സാമുദായികമായും വലിയ ഒരു ഉണർച്ചയുണ്ടായി.

ദയാനന്ദസരസ്വതി സംസ്കൃതത്തിൽ അപാരമായ പാണ്ഡിത്യമുള്ളാളായിരുന്നു. മതപരമായ പല അനാചാരങ്ങളും അദ്ദേഹത്തെ വെറുപ്പിച്ചു. ആയതിനാൽ അവയെല്ലാം ഇല്ലായ്മചെയ്യുന്നതിനു് അദ്ദേഹം വലിയ യത്നങ്ങൾ ചെയ്തു. ജാതിക്കോട്ട അനർത്ഥമാണെന്നറിഞ്ഞു് അദ്ദേഹം അതു തീർക്കുവാൻ മുതിർന്നു. അതുപോലെ ഹിന്ദുക്കൾ അനുഷ്ഠിച്ചുവരുന്ന വിഗ്രഹാരാധനയേയും അദ്ദേഹം ശക്തിയായി എതിർത്തു. എങ്കിലും അദ്ദേഹം പരമഭക്തനായിരുന്നു. വേദങ്ങൾ പരിശുദ്ധങ്ങളാണെന്നും ഏകദൈവമേ അവയിൽ പ്രതിപാദിക്ക

പ്പെട്ടിട്ടുള്ള ഫിനും അദ്ദേഹം ശക്തിയായി ജനങ്ങളെ ഉൽബോധിപ്പിച്ചു.

സാമൂഹ്യികമായും അദ്ദേഹം അനേകം വ്യവകാരം ഹിന്ദുക്കളുടെയിടയിൽ കാണുകയുണ്ടായി. ഇവയുടെ ദൂരീകരണത്തിനും് എല്ലാപ്പുമായ മാർഗ്ഗം ജ്ഞാനവിതരണമാണെന്നും് അദ്ദേഹം മനസ്സിലാക്കി ഉത്തരേന്ത്യയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു.

ആര്യസമാജം ഭാരതീയരുടെ ആത്മാഭിമാനം വർദ്ധിപ്പിച്ചിട്ടുണ്ടു്. പ്രാചീനന്മാരായ ഭാരതീയ നേതാക്കന്മാരുടെ മാഹത്തായ നേട്ടങ്ങളെ ഈ സമാജം അഭിനന്ദിക്കയും അവരെ അനുകരിക്കുവാൻ ഇന്നത്തെ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ഹിന്ദുമതത്തെ ആരെങ്കിലും അപഹസിക്കുകയൊ ആക്ഷേപിക്കുകയൊ ചെയ്യാൽ ആര്യസമാജക്കാർ വെറുതെയിരിക്കയില്ല. ആര്യമതാനുയായികളായ അവർ ഇങ്ങോട്ടുപദ്രവിക്കുന്നവരെ അങ്ങോട്ടും അങ്ങിനെ ചെയ്യാൻ കൂട്ടം മടിക്കുകയില്ല. അന്യമതാനുയായികളുടെ വലയിൽപ്പെട്ടു മതപരിവർത്തനം ചെയ്തു അവക്കു പറ്റിയ അമളിയെപ്പറ്റി വ്യസനിക്കുന്നവക്കു് ആര്യസമാജം ആശ്വാസം നൽകുന്നുണ്ടു്. ശുദ്ധിയെന്ന കർമ്മം ചെയ്തു് അവരെ ഹിന്ദുമതത്തിലേക്കു വീണ്ടെടുക്കുകയാണു് ആ സമാജാംഗങ്ങൾ ചെയ്യുന്നതു്.

ആര്യസമാജക്കാർ വലിയ സ്വരാജ്യസ്നേഹികളാണു്. മാനസികമൊ ആദ്ധ്യാത്മികമൊ ആയ ശക്തികൾമാത്രം വർദ്ധിപ്പിക്കുന്നതിലല്ല അവരുടെ ശ്രദ്ധ. ജന


ങ്ങളുടെ നാനാമുഖമായ അഭിവൃദ്ധിയാണു് അവരുടെ ആദർശം. അനാഥശാലകളും, പല ദിക്കുകളിലും അവർ തുടങ്ങി നടത്തുന്നുണ്ടു്. ഹരദത്തവിദ്യാർത്ഥി, ലാലാ ഹൻസ്‌രാജ്, ലാലാ ലജപതിറായി എന്നീ മൂന്നു ശൂരന്മാർ ആര്യസമാജത്തിൽ ചേരുകയും അതിന്റെ അഭിവൃദ്ധിക്കായി അത്യദ്ധ്വാനം ചെയ്കയും ഉണ്ടായിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്.

ദൽഹിയിലെ അബ്ദുൽഅസീസ്, സയ്യദ് അഹമ്മദ് ബരൽവി, സർ സയ്യദ് അഹമ്മദ്ഖാൻ മുതലായവർ മുഹമ്മദ്മതം പരിഷ്കരിക്കുവാൻ ശ്രമിച്ചുവരാണു്.

---

ii. രാമകൃഷ്ണാമിഷ്യൻ.

കരു ബങ്കാളിയായ സ്വാമി രാമകൃഷ്ണപരമഹംസരുടെ ആദർശങ്ങളെ അടിസ്ഥാനപ്പെടുത്തി സ്ഥാപിതമായിട്ടുള്ള കരു മഹാസ്ഥാപനമാണു് 'രാമകൃഷ്ണാമിഷ്യൻ'. പാശ്ചാത്യപരിഷ്കാരത്തിന്റെ ബാഹ്യവൃത്തികളിൽ അനേകംപേർ വ്യാമോഹിതരായി സദ്ധർമ്മം മറന്നു പ്രവർത്തിക്കുവാൻ തുടങ്ങിയ ഘട്ടത്തിലാണു പരമഹംസരുടെ ആവിർഭാവമുണ്ടായതു്. ജനങ്ങളെ, പ്രത്യേകിച്ചു് പാശ്ചാത്യരീതിയിൽ വിദ്യ അഭ്യസിച്ചു് പാശ്ചാത്യരെ അനുകരിക്കുന്നതിൽ അത്യുത്സുകരായിരുന്നവരെ, അവരവരുടെ അമൂല്യങ്ങളായ പിതൃസ്വത്തുക്കളിലേക്കു നയിക്കുക എന്നതായിരുന്നു സ്വാമികൾ സാധിച്ചതു്.



ശ്രീരാമകൃഷ്ണപരമഹംസൻ.

രാമകൃഷ്ണപരമഹംസൻ എല്ലാ മതപ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും പരീക്ഷിച്ചു നോക്കുകയും സകല മതങ്ങളുടേയും പരമോദ്ദേശ്യം ഒന്നുതന്നെയെന്നു് അദ്ദേഹത്തിനു ബോധം വരികയും ചെയ്തു. ഈ ബോധം അദ്ദേഹം ജനസമക്ഷം കൊണ്ടുവരുവാൻ ശരിയായ മാർഗ്ഗം എന്തെന്നു് ആലോചിച്ചുകൊണ്ടിരിക്കുന്ന കാലത്താണു് 'തേടിയ വള്ളി കാലിൽ തടഞ്ഞപോലെ', അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനായിത്തീർന്ന നരേന്ദ്രനാഥനെ, അഥവാ പിന്നീടു വിവേകാനന്ദസ്വാമികളായിത്തീർന്ന ഗംഭീരപുരുഷനെ, കാണുവാനിടയായതു്.

പരമഹംസർ വലിയ പണ്ഡിതനൊ സർവ്വകലാശാലാബിരുദധാരിയൊ ആയിരുന്നില്ല. പക്ഷെ അദ്ദേഹം ഒരു ഭക്തശിരോമണിയായിരുന്നു. അദ്ദേഹത്തിന്റെ പരമമായ ഭക്തി നിമിത്തം ക്രമേണ അദ്ദേഹത്തിനു ജ്ഞാനവുമുണ്ടായിത്തീർന്നു.

അദ്ദേഹത്തെ ജ്ഞാനാമൃതം നിറച്ചിട്ടുള്ള ഒരു പാത്രമായി വിചാരിക്കുകയാണെങ്കിൽ അതു ലോകത്തിന്റെ നാനാഭാഗത്തും എത്തിക്കുവാനുള്ള ഉപകരണമായിരുന്നു വിവേകാനന്ദസ്വാമികൾ എന്നു പറയാം. പരമഹംസർ 1886 ആഗസ്തു് മാസം 16-ാംനു- മഹാസമാധി അടയുന്നതിനു മുമ്പുതന്നെ അദ്ദേഹം വിവേകാനന്ദസ്വാമികളെ മറ്റു ശിഷ്യന്മാരുടെ നേതാവായി കരുതുകയും അവരോടു് അതു പ്രസ്താവിക്കയും ചെയ്തിരുന്നു. പരമഹംസരുടെ സമാധിക്കുശേഷമാണു ശ്രീരാമകൃഷ്ണമിഷ്യൻ എന്ന സന്ന്യാസിപരമ്പര സ്ഥാപിതമായതു്. അതിന്റെ



തലസ്ഥാനം ബങ്കാളത്തിൽ ഷേല്പൂർ എന്ന സ്ഥലത്താണ്. പിന്നീടു പല ദിക്കുകളിലും അതിന്റെ ശാഖകൾ തുറക്കപ്പെട്ടു. മദ്രാസിൽ മൈലാപ്പൂരിലാണ് ഒരു ശാഖയുള്ളതു്. തിരുവനന്തപുരത്തിന്നടുത്തു കിടക്കുന്ന വട്ടിയൂർകാവു് എന്ന ദിക്കിലും കേരളത്തിൽ മറ്റു സ്ഥലങ്ങളിലും ശാഖകൾ ഉണ്ടു്.

ഈ മീഷ്യന്റെ കീഴിൽ അനേകം പാഠശാലകൾ, അനാഥശാലകൾ, വിദ്യാർത്ഥിമന്ദിരങ്ങൾ, സന്ന്യാസിമഠങ്ങൾ എന്നിവ നടന്നുവരുന്നുണ്ടു്. കാശിയിൽ സ്ഥാപിതമായിട്ടുള്ള ആസ്പത്രി അനവധി രോഗികളെ ആശ്വസിപ്പിക്കുന്നു. ഭൂതരക്ഷാർത്ഥം ഈ മിഷ്യനിൽപ്പെട്ടവർ എന്നും എപ്പോഴും തയ്യാറാണ്.

---

iii. ബ്രഹ്മവിദ്യാസംഘം.

(തിയൊസോഫിക്കൽ സൊസൈറ്റി.)

ഈ സംഘം 1875-ൽ സ്ഥാപിതമായി. മാഡം ബ്ലാവട്സ്കിയുടേയും, കേണൽ ഓൾക്കോട്ടിന്റേയും പരിശ്രമത്താലാണ് ഈ സംഘം ജാതമായതു്. ഇവരുടെ സ്വദേശം റഷ്യാരാജ്യമാണ്. ഇതിന്റെ ഉദ്ദേശ്യം ഹിന്ദുമതത്തെ ഉദ്ധരിക്കുകയായിരുന്നുവത്രെ. സർവ്വലോകസാഹോദര്യം ഇതിലെ അംഗങ്ങൾ അംഗീകരിച്ചു. മനുഷ്യരിൽ അന്തർലീനമായിക്കിടക്കുന്ന ശക്തികളെ ആരാഞ്ഞറിയുന്നതിന്നും മതങ്ങൾ താരതമ്യേന പഠിക്കുന്നതിന്നും സംഘാംഗങ്ങൾ പ്രയത്നിച്ചുവരുന്നു.

പ്രസിദ്ധയായ ആനിബസന്റ് മഠാമ്മ ഈ സംഘത്തിന്റെ ജീവനായിരുന്നു. അവർ ഇതിന്നും ഇന്ത്യാരാജ്യത്തിന്നുംവേണ്ടി ചെയ്തിട്ടുള്ള സേവനം അവർണ്ണനീയമാണ്. ഭാരതാംബയുടെ ഒരു പുത്രിയെന്ന നിലയിൽ അവർ നിരന്തരം മാതൃസേവക്കായി യത്നിച്ചിരുന്നു.

൨൯. കേർസൺ പ്രഭു.

കേർസൺ പ്രഭു 1899-ൽ ഇന്ത്യയിലെ വൈസ്രോയിയായി. ഇദ്ദേഹം അതിസമർത്ഥനും നല്ലൊരു വാഗ്മിയുമായിരുന്നു. ഈ ഉദ്യോഗം സ്വീകരിക്കുന്നതിന്നു മുമ്പായി ഇദ്ദേഹം ഏഷ്യയിൽ പലേടങ്ങളിലും സഞ്ചരിച്ചിട്ടുണ്ടായിരുന്നു. സകല കാര്യങ്ങളിലും അദ്ദേഹം ദൃഷ്ടി പതിപ്പിച്ചിരുന്നു.



കേർസൺപ്രഭു.

ആദ്യമായി അതുത്തിക്കാര്യങ്ങളിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതു്. വടക്കുപടിഞ്ഞാറൻ പ്രദേശത്തുനിന്നു അദ്ദേഹം സൈന്യത്തെ പിൻവലിച്ചു് അവിടത്തെ സംരക്ഷണത്തിന്നു തദ്ദേശവാസികളായ വർഗ്ഗക്കാരിൽ നിന്നും ചിലരെ നിയമിച്ചു. പിന്നീടു് അദ്ദേഹം ഇന്നത്തെ വടക്കുപടിഞ്ഞാറൻ പ്രവിശ്യ രൂപീകരിച്ചു.

റഷ്യക്കാരുടേയും പരന്ത്രീസുകാരുടേയും ഇടിയിൽ പേർഷ്യാരാജ്യം പെടാതിരിക്കുന്നതിനുള്ള ഏർപ്പാടും അദ്ദേഹം ചെയ്തു.

പുറമേനിന്നും രാജ്യത്തെ സുരക്ഷിതമാക്കിയശേഷം അദ്ദേഹം അതിനകത്തു പരിഷ്കാരങ്ങൾ തുടങ്ങി. കരം വാണിജ്യവ്യവസായ വകുപ്പു പുതുതായി തുടങ്ങി; ഉപ്പു നികുതി കുറച്ചു; ആദായനികുതി പരിഷ്കരിച്ചു. കർഷകരുടെ കാര്യത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞു. പരസ്പരസഹായസംഘങ്ങൾ തുടങ്ങിയതു് അദ്ദേഹത്തിന്റെ കാലത്താണു്.

വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം ചെയ്ത പ്രവൃത്തി പ്രത്യേകം പ്രസ്താവയോഗ്യമാണു്. 1904-ൽ സർവ്വകലാശാലാനിയമം അദ്ദേഹം പാസ്സാക്കി. ഇതുപ്രകാരം സർവകലാശാലകളിൽ ഗവർമ്മേണ്ടിന്റെ അധികാരം കുറെ കൂടുതലായി. ഈ നിയമം നാട്ടുകാരുടെ ഹിതത്തിനു വിരോധമായിട്ടുള്ളതായിരുന്നു.

ഇതിലധികം അപ്രീതിക്കു് അദ്ദേഹത്തെ പാത്രമാക്കിയതു ബങ്കാളം വിഭജനമാണു്. ബങ്കാളത്തെ രണ്ടായി പിരിച്ചതു ബങ്കാളികൾക്കു് കടുംതന്നെ പിടിച്ചില്ല. അവർ വലിയ പ്രക്ഷോഭണങ്ങൾ നടത്തുകയും തൽഫലമായി ഈ വിഭജനം 1911-ൽ റദ്ദാക്കപ്പെടുകയും ചെയ്തു. ഈ വിഭജനപ്രക്ഷോഭണംമുതൽക്കു ഭാരതീയർക്കു ദേശീയബോധം വർദ്ധിച്ചുവന്നു. അതിനാൽ സ്വദേശിപ്രസ്ഥാനങ്ങളും കൂടുതലായുണ്ടായി.

വൈസ്രോയിക്കു് ഈ പ്രക്ഷോഭണങ്ങൾ മനഃശ്ശ

ല്യത്തിന്നു കാരണമായി. സൈന്യപരിഷ്കാരം വന്നപ്പോഴും ഈ ശല്യം കുറെക്കൂടുതലായി. അന്നത്തെ സേനാനായകനായിരുന്ന കിച്ചനർപ്രഭുവും കേർസനും തമ്മിൽ അഭിപ്രായവ്യത്യാസം വരികയാൽ വൈസ്രോയി രാജിവെച്ചു. ഈ വൈസ്രോയി കൊമ്മിരാജ്യം സന്ദർശിക്കയുണ്ടായിട്ടുണ്ട്.

---

൨൪. ജോർജ്ജ് പഞ്ചമനും ദൽഹിദർബാറും.

ഇന്ത്യാചക്രവർത്തിയായിരുന്ന എഡ്വേർഡ് സപ്തമൻ 1910 മേയ് മാസത്തിൽ തീപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രൻ ജോർജ്ജ് പഞ്ചമൻ ഇംഗ്ലണ്ടിലെ രാജാവായി. തന്റെ പിതാവിന്റെ വാഴ്ക്കാലത്തു് അതായതു് അദ്ദേഹം വെയിൽസിലെ രാജകുമാരൻ ആയിരുന്ന കാലത്തു്, ഇന്ത്യ സന്ദർശിച്ചിട്ടുണ്ടായിരുന്നു. ഇന്ത്യയിലെ ചക്രവർത്തിയായി ഇന്ത്യയിൽവെച്ചുതന്നെ അഭിഷേകം നടത്തുന്നതാണെന്നു കാലേതന്നെ പ്രഖ്യാപനം ചെയ്തിരുന്നതനുസരിച്ചു ജോർജ്ജ് പഞ്ചമൻ 1911 ഡിസമ്പർമാസം 2-ാംനു ഇന്ത്യയിൽ എത്തി. അദ്ദേഹമൊരുമിച്ചു റാണിയുമുണ്ടായിരുന്നു. അന്നു ഹാർഡിഞ്ചു പ്രഭുവായിരുന്നു വൈസ്രോയിയായിരുന്നതു്.

നിശ്ചിതദിവസമായ 1911 ഡിസമ്പർ മാസം 12-ാം തിയ്യതി ദെൽഹിയിൽവെച്ചു് അദ്ഭുതപൂർവ്വവും ഏറ്റവും മഹനീയവുമായ കുതർബാറിൽവെച്ചു തിരുമേനിമാർ ചക്രവർത്തിയും ചക്രവർത്തിനിയുമായി അഭിഷേകം ചെയ്യപ്പെട്ടു.

ഈ അവസരത്തിൽ ചക്രവർത്തി തിരുമനസ്സുകൊ

ണ്ട ചെയ്യ പ്രസംഗത്തിൽ ഭാരതീയരുടെ സ്ഥിതിഗതികൾ അറിഞ്ഞു് അവിടുന്നു ചില അനുഗ്രഹങ്ങൾ അവർക്കു നൽകുവാൻ നിശ്ചയിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു. ഭാരതത്തെ വല്ലാതെ ഇളക്കിമറിച്ച ബങ്കാളവിഭജനം ദുർബ്ബലപ്പെടുത്തിയിരിക്കുന്നു എന്നും ഇന്ത്യയുടെ തലസ്ഥാനം കൽക്കത്തയിൽനിന്നു ചരിത്രപ്രസിദ്ധവും പാവനവുമായ ഡൽഹിയിലേക്കു മാറിയിരിക്കുന്നുവെന്നും വിദ്യാഭ്യാസം മുതലായ സൃഷ്ടിപരമായ കാര്യങ്ങൾക്കായി കുറെ നല്ല സംഖ്യ നൽകിയിരിക്കുന്നു എന്നും ആയിരുന്നു അവയിൽ പ്രധാനമായവ. ഇതു കൂടാതെ ആ മഹാമഹത്തെ സംബന്ധിച്ചു് അനേകം തടവുകാരെ മോചിപ്പിക്കുകയും ചില ശമ്പളക്കാർക്കു് കുറെ മാസത്തെ ശമ്പളം ബോണസ്സായി നൽകുകയുമുണ്ടായി.



ജോർജ്ജ് പഞ്ചമൻ.

കിരീടധാരണമഹാമഹം ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിലും കൊണ്ടാടുകയുണ്ടായി.

൨൭. ഇന്ത്യയും ലോകമഹായുദ്ധവും.

ഹാർഡിഞ്ച് പ്രഭു ഇന്ത്യാവൈസ്രോയിയായിരുന്ന കാലത്തുണ്ടായ മറ്റൊരു മഹാസംഭവം ലോകമഹായുദ്ധം ആരംഭിച്ചതാണ്.

1914-ൽ ജർമ്മൻകാർ ബൽജിയംരാജ്യത്തെ ആക്രമിച്ചു. അന്നു ജർമ്മനി ലോകത്തിലെ മഹാശക്തികളിൽ ഒന്നായിരുന്നു. ഈ ആക്രമണമുണ്ടായതു ബൽജിയത്തോടുള്ള വിരോധംകൊണ്ടല്ല; ജർമ്മനിയുടെ വൈരിയായ പരന്ത്രീസുരാജ്യം കീഴടക്കുവാനുള്ള ഒരു മാർഗ്ഗമായിട്ടാണ്. ഇംഗ്ലണ്ടാകട്ടെ ബൽജിയത്തെ ശത്രുക്കളിൽ നിന്നു സംരക്ഷിക്കുമെന്നു കുറേക്കാലം മുമ്പു ഒരു ഉടമ്പടി ചെയ്തിട്ടുണ്ടായിരുന്നു. ഇതിലെ നിശ്ചയമനുസരിച്ചു് ഇംഗ്ലീഷുകാർ ബൽജിയത്തെ സഹായിപ്പാൻ നിർബ്ബന്ധിതരായി. അതിനാൽ അവർ 1914 ആഗസ്റ്റ്മാസം 4-ാം തിയ്യതി ജർമ്മനിയുടെ നേരെ യുദ്ധം പ്രഖ്യാപനംചെയ്തു.

യുദ്ധപ്രഖ്യാപനവിവരം ഭാരതീയർ അറിഞ്ഞപ്പോൾ അവർ സർവ്വവിധേനയും ഇംഗ്ലീഷുകാരെ സഹായിക്കുവാൻ തയ്യാറായി. അനേകം ആളുകൾ നാനാജാതിയിൽനിന്നും യുദ്ധത്തിൽ ചേർന്നു. അസംഖ്യം പണം പലരും യുദ്ധാവശ്യത്തിലേക്കായി കൊടുത്തു. അനവധി പദാർത്ഥങ്ങൾ യോദ്ധാക്കളുടെ ആവശ്യത്തിന്നായി ഇപ്പോഴും അയച്ചു. ഇതെല്ലാം കണ്ടു ഇംഗ്ലീഷുകാർ സന്തുഷ്ടരായി, ഇന്ത്യാക്കാർക്കു ക്രമേണ വർദ്ധിച്ചുവരുന്ന പതനങ്ങളായി സ്വയംഭരണം ഉത്തമമാകുന്നതാണെന്നതും വരത്തക്കവണ്ണം ബ്രിട്ടീഷു പാർല്ലിമേണ്ടിൽ ഇന്ത്യാസെക്രട്ടറി പ്രഖ്യാപനംചെയ്തു.

തുർക്കികൾ ജർമ്മനിയുടെ ഭാഗത്തു ചേർന്നപ്പോൾ ഇന്ത്യയിലെ മുഹമ്മദീയരെ സമാധാനിപ്പിക്കുന്നതിനും ഇംഗ്ലീഷുകാർ ചില പ്രഖ്യാപനങ്ങൾ ചെയ്തു.

യുദ്ധം 1918-ൽ അവസാനിച്ചു. ലോകം ആശ്വസിച്ചു. പ്രഖ്യാപനങ്ങൾ പ്രകാരം ചിലതെല്ലാം ബ്രിട്ടീഷുകാർ നിറവേറ്റി. ഇവയിൽ ഒന്നാണ 1919-ൽ പാസ്സായ ഇന്ത്യാ ആക്ട്. ഇതു് ഇന്ത്യക്കാർക്കു തൃപ്തിയുണ്ടാക്കിയില്ല. അതിനാൽ അവർ കൂടുതൽ അധികാരത്തിനായി യത്നമാരംഭിച്ചു. ഈ യത്നം ഇന്നും പൂർത്തിയായിട്ടില്ല.

യുദ്ധാവസാനത്തിൽ മുഹമ്മദീയരും അതൃപ്തരായി. സമാധാന സമ്മേളനങ്ങൾ തുർക്കിസ്ഥാനത്തെ ഛിന്നഭിന്നമാക്കിയതു് അവർക്കു വലിയ വേദനയുളവാക്കി. കിലാഫത്ത് പ്രസ്ഥാനം, കൈമൽപാഷാ അഥവാ അതാതുർക്കിയുടെ ധീരതയുടെ ഫലമായി ഉർബ്ബലപ്പെട്ടുപോയി.

ഇന്ത്യയിൽ ഹിന്ദുക്കളും മുഹമ്മദീയരും യോജിച്ചു പ്രവർത്തിച്ചാൽ മാത്രമേ ഇരുകക്ഷികൾക്കും മേൽഗതിയുള്ളു എന്ന യുദ്ധാനന്തരമുണ്ടായ സംഭവങ്ങൾ വ്യക്തമാക്കി ഈ ഇരുകക്ഷികളും രാജ്യാഭിവൃദ്ധിക്കായി ഇന്നും പ്രയത്നം തുടർന്നുവരുന്നു.

൨൯. ഭാരതീയ മഹാന്മാർ.

(എ.) വിദ്യാഭ്യാസം.

സർ സയ്യദ് അഹമ്മദ് ഖാൻ: 1817 ഏപ്രിൽ 17-ാംനു- ദൽഹിയിൽ ജനിച്ചു. അദ്ദേഹം മുഹമ്മദ്

നഞ്ചിയുടെ പരമ്പരയിൽ പെട്ട ആളാണ്. മുഹമ്മദീയരുടെ ഇടയിൽ ഉണ്ടായിട്ടുള്ള വലിയ പരിഷ്കാരികളിൽ കരാളാണ് അദ്ദേഹം. അദ്ദേഹം ബ്രിട്ടീഷ് ഗവമ്മേണ്ടിന്റെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു. 1876-ൽ അദ്ദേഹം പെൻഷ്യൻപറ്റി പിരിഞ്ഞു. പാശ്ചാത്യശാസ്ത്രം പഠിക്കുന്നതു് മുഹമ്മദീയരുടെ ഉയർച്ചക്കത്യാവശ്യമെന്നു് അദ്ദേഹം ധരിച്ചു. വിദ്യാഭ്യാസവിഷയത്തിൽ അങ്കസ്ഫോർഡോ കേംബ്രിഡ്ജോപോലെയുള്ള ഒരു വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കണമെന്നദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നു. ഇതിന്റെ ഫലമായി അദ്ദേഹം തുടങ്ങിയ ആംഗ്ലോ കറിയൻറൽ കാളേജു് ഇന്നത്തെ അലിഗർ സർവ്വകലാശാലയായിത്തീർന്നു.

മതപരമായും സാമുദായികമായും അദ്ദേഹം പ്രവൃത്തിച്ചു. അദ്ദേഹം മുഹമ്മദീയരുടെ വേദപുസ്തകമായ കർആനു് ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ടു്. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹം മുഹമ്മദീയരുടെ ഇടയിൽ ഒരു നവജീവൻ ഉളവാക്കി. 1898-ലാണ് അദ്ദേഹം കാലഗതി പ്രാപിച്ചതു്.

ബീരാംജി മലബാറി.

1857-ലെ പട്ടാളലഹളക്കാലത്തു് മലബാറിക്കു് ഏകദേശം അഞ്ചുവയസ്സു് പ്രായമാണ്. അന്നു സകലരും ബ്രിട്ടീഷു് ഭരണത്തെപ്പറ്റി സ്തുതിച്ചിരുന്നു. ഭാരതീയരുടെ അവകാശപത്രം എന്നു പറഞ്ഞുവരുന്ന വിക്ടോറിയാ റാണിയുടെ വിളംബരത്തെപ്പറ്റിയുള്ള വിവരണങ്ങളും കേട്ടുകൊണ്ടു വളർന്ന മലബാറി ഇന്ത്യയുടെ

ശ്രേയസ്സിനു ബ്രിട്ടീഷുകാരുടെ സഹായം അത്യന്താപേക്ഷിതമെന്നു് ആത്മാർത്ഥമായി വിശ്വസിച്ചുവന്നു. 5 വയസ്സിൽ പിതാവു മരിക്കയാൽ അമ്മയാണു് അദ്ദേഹത്തെ വളർത്തിയതു്. അവർ രണ്ടാമതും വിവാഹം കഴിച്ചു സൂറത്തിൽ താമസമാക്കി. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു സർവ്വകലാശാലയിൽ പോകാതെ അദ്ദേഹം ഒരുദ്യോഗം സ്വീകരിച്ചു ജീവിതം നയിക്കുവാൻ തുടങ്ങി. പാർസിഭാഷയിൽ അദ്ദേഹം നല്ല കവിതകളും എഴുതി. പിന്നെ പത്രപ്രവർത്തനത്തിലും അദ്ദേഹം സമർത്ഥനായി. പല ദിക്കിലും യാത്രചെയ്തിരുന്ന അദ്ദേഹം സമുദായത്തെ ഉയർത്തുവാൻ ശ്രമിച്ചു. ശൈശവവിവാഹം പാടില്ലെന്നും വിധവാവിവാഹം അനുവദിക്കാവുന്നതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. സകല സാമുദായികവീഴ്ചകൾക്കും കാരണം അജ്ഞാനമാകയാൽ വിദ്യാഭ്യാസപോഷണംകൊണ്ടു് ആ അജ്ഞാനത്തെ ദൂരീകരിക്കയാണു് ഒരു സമുദായസ്നേഹി വേണ്ടതെന്നു അദ്ദേഹം പറഞ്ഞു. വിദ്യാപോഷണത്തിനു പല യത്നങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ടു്. ബോമ്പേയിൽ ഒരു "സേവാസദനം" സ്ഥാപിച്ചതു് അദ്ദേഹമാണു്. നിസ്സഹായകളായ വിധവകൾക്കു് അവിടെ രക്ഷ നൽകിയിരുന്നു.

സർ അശുതോഷ് മുക്കർജി— ഇദ്ദേഹം കൽക്കത്താസർവ്വകലാശാലയിൽ പഠിച്ചു് ഏറ്റവും വലിയ ബിരുദങ്ങൾ നേടി. ബങ്കാളമായ തന്റെ സ്വരാജ്യത്തിൽ നീതിന്യായ നഭോമണ്ഡലത്തിൽ പ്രശോഭിച്ചു. കൽക്കത്താ സർവ്വകലാശാലയിലെ വൈസ്ചാൻസലർ എന്ന നിലയിൽ അദ്ദേഹം ആ സർവ്വകലാശാ

ക്കു് ഇന്ത്യയിൽവെച്ചു് എല്ലാം കൊണ്ടും പ്രഥമസ്ഥാനത്തിന്നു അഹ്മതയുണ്ടാക്കി. ആ സർവ്വകലാശാല മാറ്റ സർവ്വകലാശാലകൾക്കു് ഒരു മാർഗ്ഗദർശിയാകുന്നതിനു വേണ്ടിയുള്ള മുക്കർജിയാകുന്നു.

ബി. സാമുദായിക പരിഷ്കാരികൾ.

റാനഡെ 1842 ജനവരി 18-ാംനു- ഒരു മഹാരാഷ്ട്രകുടുംബത്തിൽ ജനിച്ചു. ക്രമേണ വിദ്യാഭ്യാസം ചെയ്തു 1862-ൽ അദ്ദേഹം ബോംബെ സർവ്വകലാശാലയിലെ ബി. എ. പരീക്ഷ പാസ്സായി. 1865-ൽ എം. എയും. 1866-ൽ എൽ. എൽ. ബി. പരീക്ഷയും ഉന്നതനിലയിൽ ജയിച്ചു. കാലക്രമേണ ബോംബെ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി ശോഭിച്ചു. ഉദ്യോഗം രാജ്യസേവനത്തിന്നു തടസ്ഥമായിക്കരുതിയില്ല അദ്ദേഹം എല്ലാവകുപ്പിലും കൈവെച്ചുവെങ്കിലും സമുദായപരിഷ്കാരത്തിലാണു് ഏറ്റവും അധികം ശ്രദ്ധിച്ചിരുന്നതു്. ഭാരതീയ സമുദായസമ്മേളനങ്ങളുടെ ജീവൻ അദ്ദേഹമായിരുന്നു. മരണംവരെ അദ്ദേഹം അതിന്റെ കാര്യദർശിയുമായിരുന്നു. ഒരു പണ്ഡിതൻ, ചിന്തകൻ, സ്വദേശസ്നേഹി, സ്വാർത്ഥപരിത്യാഗിയായി രാജ്യസേവനം ചെയ്ത മഹാൻ, സമുദായോദ്ധാരകൻ, ഒരൊന്നാന്തരം ന്യായാധിപതി, ഈ പേരുകൾക്കെല്ലാം മഹാദേവ് ഗോവിന്ദറാനഡെ അർഹനാണു്. അദ്ദേഹം 1901 ജനവരി 16-ാംനു- ചരമഗതി പ്രാപിച്ചു.

ഗോഖലെ ഗോപാലകൃഷ്ണഗോഖലെ മിക്ക കാര്യങ്ങളിലും റാനഡെയുടെ നേർചകപ്പായിരുന്നു. റാന


ഡെയുടെ പ്രത്യകവിഷയം സമുദായസേവയായിരുന്നെങ്കിൽ ഗോഖലേയുടേതു വിദ്യാഭ്യാസവും രാഷ്ട്രീയസേവനവുമായിരുന്നു. റാനഡെ തന്റെ ഗുരുവായിരുന്നു എന്നുകൂടി ഗോഖലെ പ്രസ്താവിച്ചിട്ടുണ്ട്. ഇദ്ദേഹം 1866-ൽ കോലാപുരത്തിൽ ഒരു സാധുകുടുംബത്തിൽ ജനിച്ചുവളർന്നു. ചെറുപ്പത്തിൽ വളരെ കഷ്ടപ്പെട്ടു പഠിച്ചു് ഒരു അദ്ധ്യാപകനായി തീർന്നു. കണക്കായിരുന്നു പ്രത്യേകവിഷയം. സക്കാരുദ്യോഗം



ഗോപാലകൃഷ്ണഗോഖലെ.

മോഹിക്കാതെ ചുരുങ്ങിയ ശമ്പളത്തിൽ രാജ്യസേവനം ചെയ്യും പൊതുകാര്യങ്ങളിലേർപ്പെട്ടും ജീവിതം നയിച്ചു. 1915 ഫെബ്രുവരിമാസത്തിൽ അദ്ദേഹം അന്തരിച്ചു. ഒരു യഥാർത്ഥ കർമ്മയോഗിയായിരുന്നു അദ്ദേഹം.

ഗോഖലേയുടെ യശസ്സുംഭമായി പ്രശോഭിക്കുന്ന ഒരു സ്ഥാപനമാണു് "ഭാരതസേവാസംഘം." ഇതു 1905 ജൂൺ 12-ാംനു പൂനയിൽ സ്ഥാപിതമായി. പ്രാപ്തന്മാരും സർവ്വലാശാലാ ബിരുദധാരികളുമായ ചെറുപ്പ



മഹാത്മാഗാന്ധി.

ക്കാരെ രാഷ്ട്രീയസേവനത്തിനു പരിശീലിപ്പിക്കയാണ് ഇതിന്റെ ഉദ്ദേശം. ചിലവിനുമാത്രം പണം വാങ്ങി ജീവിതത്തെ രാഷ്ട്രസേവനത്തിനായി ഉഴിഞ്ഞുവെക്കുകയാണു അതിലെ അംഗങ്ങൾ ചെയ്യുവരുന്നതു്. മാനാപ്രകാരത്തിലുള്ള സേവനങ്ങൾ അവർ നടത്തിവരുന്നു.

ഗാന്ധിജി. ഗോഖലേ പലകായ്ങ്ങളിലും തന്റെ മാർഗ്ഗദർശിയായിരുന്നു എന്നു മഹാത്മാഗാന്ധി പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. ശബ്ദമുണ്ടാക്കാതെ ആത്മാർത്ഥതയോടുകൂടി എത്ര കഷ്ടാരിഷ്ടവും സഹിക്കാൻ തയ്യാറായി, വിശ്വവിശ്രുതനായി രാജ്യസേവനം ചെയ്യുവരുന്ന മഹാത്മാഗാന്ധിയെപ്പറ്റി ഇവിടെ അധികമൊന്നും പ്രസ്താപിക്കുന്നില്ല. ത്യാഗിവര്യനായ അദ്ദേഹത്തിനു ഭാരതാംബയുടെ ശുശ്രൂഷ കുറെക്കാലത്തേക്കുകൂടി തുടർന്നുപോകുവാനുള്ള ഭാഗ്യമുണ്ടാകുവാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ!

൫. സാഹിത്യം. പാശ്ചാത്യവിദ്യാഭ്യാസം ഇന്ത്യയിൽ പ്രചരിച്ചപ്പോൾ അഭ്യസ്തവിദ്യരായവരിൽ ചിലർ, അഥവാ ഇംഗ്ലീഷു സാഹിത്യരസം ആസ്വദിക്കുവാൻ ഭാഗ്യമുണ്ടായവരിൽ ചിലർ, അവരുടെ മാതൃഭാഷയിൽ ശ്രദ്ധപതിച്ചു. തൽഫലമായി ഇന്ത്യയിൽ സാഹിത്യപരമായി അഭിവൃദ്ധിയുണ്ടായി.

നാട്ടുഭാഷകളിൽ മുന്നണിയിൽ നിൽക്കുന്നതു ബംഗാളിയാണു്. ബംഗാളത്തെ ഒന്നാന്തരം ഭാഷാഭിമാനിയായിരുന്നു ബങ്കിമചന്ദ്ര ചാറ്റർജി. ഇരുപത്തിനാലു പർഗാനകളിൽപെട്ട ഒരു ഗ്രാമത്തിൽ 1838 ജൂൺ

27-ാംതിയ്യതിയാണു ചാറ്റർജി ജാതനായതു്. അദ്ദേഹം ഒരു ബ്രാഹ്മണനായിരുന്നു. വിദ്യാഭ്യാസംചെയ്തു സർവ്വകലാശാലാബിരുദം നേടിയശേഷം സർക്കാരുദ്യോഗം സ്വീകരിച്ചു് 1891-ൽ പെൻഷ്യൻപറ്റി പിരിഞ്ഞു. ഔദ്യോഗികകാലം ഉദ്യോഗത്തിൽ മാത്രമല്ല അദ്ദേഹം വിനിയോഗിച്ചതു്. അദ്ദേഹം സാഹിത്യത്തെ പോഷിപ്പിച്ചിരുന്നു. ഒരു പുതിയ സൂര്യനുദിച്ചു സാഹിത്യമണ്ഡലം ശോഭനമാക്കിയപോലെയായിരുന്നു, 1864-ൽ അദ്ദേഹം പ്രസിദ്ധം ചെയ്ത ഒന്നാമത്തെ ബംഗാളി നോവലായ "ദുർഗ്ഗേശനന്ദിനി" പുറത്തു വന്നതു്. ഇതിനെ തുടർന്നു 'കപാലകുണ്ഡലം', 'മൃണാളിനി', 'വിഷവൃക്ഷം', 'കൃഷ്ണകാന്തന്റെ മരണപത്രം', 'രജനി', 'ചന്ദ്രശേഖരൻ', 'ആനന്ദമഠം' എന്നീ വിശിഷ്ടഗ്രന്ഥങ്ങൾ പല കൊല്ലങ്ങളിലായി പ്രസിദ്ധീകൃതങ്ങളായി. ചാറ്റർജി ഭാഷാസേവനം മറവുള്ളവക്കു വിട്ടുകൊടുത്തുകൊണ്ടു് 1894 ഏപ്രിൽ 8-ാംതിയ്യതി കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ നോവലുകളിൽ മിക്കവയും മലയാളത്തിലേക്കു തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്.

സരോജിനി. ഡാക്ടർ അഘോരനാഥ ചതോപാദ്ധ്യായയുടെ പുത്രിയായി സരോജിനിദേവി 1879 ഫെബ്രുവരി 13-ാംതിയ്യതി ഹൈദരാബാദിൽ ജനിച്ചു. പന്ത്രണ്ടുവയസ്സിൽ അവർ മദിരാശി സർവ്വകലാശാലയിലെ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. പിന്നീടു ലണ്ടനിൽ പോയി പഠിച്ചു് ഇറാലി മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു. 1898-ൽ ഇവിടെ മടങ്ങിയെത്തി. കവിതാവാസന നല്ലവണ്ണമുള്ള ഒരു വനിതയാണിവർ.

ഇംഗ്ലീഷുഭാഷയിൽ കവിതയെഴുതാവുന്ന ഭാരതീയർ എ
ത്രയും കുറവാണു്. അവരുടെ മുന്നണിയിലാണു് സരോ
ജിനി സ്ഥിതിചെയ്യുന്നതു്. നാട്ടുഭാഷയിലും അവക്കു
നല്ല പാണ്ഡിത്യമുണ്ടു്. സാഹിത്യപോഷണവും രാഷ്ട്രീ
യസേവനവും ചെയ്തുകൊണ്ടു് ഇവർ ഇന്നും ഭാരതനഭോ
മണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

ടാഗോർ. രവീന്ദ്രനാഥ ടാഗോർ 1861-ൽ
കൽക്കത്തയിൽ ജനിച്ചു. അദ്ദേഹത്തിന്റെ കുടുംബ
ത്തിൽ പല കവികളും ചിത്രകാരന്മാരുമുണ്ടായിട്ടുണ്ടു്.
ടാഗോർ സർവ്വകലാശാല ബിരുദധാരിയല്ല. എങ്കിലും
ബിരുദധാരികളേക്കാൾ എത്രയോ അധികം പാണ്ഡി
ത്യം അദ്ദേഹത്തിനുണ്ടു്. അദ്ദേഹത്തിന്റെ ഒന്നാമ
ത്തെ ഗ്രന്ഥം ബങ്കാളിയിലാണു അദ്ദേഹം എഴുതിയിരു
ന്നതു്. ഇംഗ്ലണ്ടിൽ പോയ സമയം അദ്ദേഹം "ഗീതാ
ഞ്ജലി" പ്രസിദ്ധം ചെയ്തു. ഇതു അദ്ദേഹത്തിന്റെ
യോഗ്യതകൊണ്ടു പ്രത്യക്ഷമാക്കി. അദ്ദേഹം കവിതകൊണ്ടു,
നാടകങ്ങൾകൊണ്ടു, ചെറുകഥകൊണ്ടു, നോവലുകൊണ്ടു ഇങ്ങിനെ
ഭാഷയിലെ പല വിഭാഗങ്ങളിലും നൈപുണ്യം പ്രദർശി
പ്പിച്ചിട്ടുണ്ടു്. "ഗോര, ദറൈക്കു്," ഇവ നോബലുകളാണു്.
ഇദ്ദേഹത്തിനു സാഹിത്യത്തിലുള്ള യോഗ്യതനിമിത്തം
"നോബൽ" സമ്മാനം ലഭിച്ചിട്ടുണ്ടു്. ഇതിലധികം
പ്രധാനമായ ഒരു കാര്യം ഇദ്ദേഹം ചെയ്തിട്ടുണ്ടു്. കൽ
ക്കത്തയ്ക്കടുത്തു ബോൽപൂരിൽ അദ്ദേഹം ഒരു പ്രത്യേക
വിദ്യാലയം സ്ഥാപിച്ചിട്ടുണ്ടു്. "ശാന്തിനികേതനം"
എന്നായിരുന്നു ഇതിന്റെ ആദ്യത്തെ പേർ. ഇപ്പോൾ
അതു് "വിശ്വഭാരതി" എന്നാണറിയപ്പെടുന്നതു്. അതു

സംസ്കാരത്തെ മാത്രം അടിസ്ഥാനമാക്കി കരു "സർവ്വരാജ്യ സർവ്വകലാശാല"യായിട്ടാണ് ഇന്നു നടത്തപ്പെട്ടുന്നതു്. ടാഗോർ വെറും കരു സാഹിത്യകാരൻ മാത്രമല്ല, കവിതയിൽ ഇന്നു് അദ്ദേഹം അദ്വിതീയനാണെങ്കിൽ രാഷ്ട്രഭക്തിയിലും അദ്ദേഹം മുന്നണിയിൽത്തന്നെ നില്ക്കുകയും രാഷ്ട്രഭക്തി ലോകഭക്തിയാക്കിത്തീർക്കുകയും ചെയ്യുവരുന്നു.

ഡി. ശാസ്ത്രം. ശാസ്ത്രവിഷയത്തിലും ഭാരതീയർ കട്ടം പിന്നിലല്ല സ്ഥിതിചെയ്യുന്നതു്. സർ ജഗദീശചന്ദ്രബോസ് സസ്യശാസ്ത്രത്തിൽ അതിയായ നൈപുണ്യം സമ്പാദിച്ചു പാശ്ചാത്യരെക്കൂടി അതിശയിപ്പിച്ചു. കൽക്കത്താ സർവ്വകലാശാലയിലെ കരു പ്രൊഫസറായിരുന്നു അദ്ദേഹം. സസ്യങ്ങളുടെ ജീവനെ പ്രത്യക്ഷപ്പെടുത്തിയും മനുഷ്യരെ ബോധം കെടുത്തുന്നപോലെ അവയേയും ബോധം കെടുത്തി സ്ഥലം മാറിവെച്ചു ബോധം വരുത്താമെന്നും മറവും ഇദ്ദേഹം തെളിയിച്ചു കാണിച്ചിട്ടുണ്ടു്. കൽക്കത്തയിൽ "ബോസ് ഗവേഷണശാല"യിൽ ഇന്നും അദ്ദേഹത്തിന്റെ ശിഷ്യന്മാർ പരീക്ഷണങ്ങൾ നടത്തിവരുന്നു. ഇദ്ദേഹം ഇയ്യിടെയാണു മരിച്ചതു്.

പി. സി. റേയ് ഇന്നും ബംഗാളത്തിൽ ജീവിച്ചിരിക്കുന്നു. രസതന്ത്രമാണു് അദ്ദേഹത്തിന്റെ ഐഛികവിഷയം. സൃഷ്ടിപരമായ പല കായ്ങ്ങളും അദ്ദേഹം ചെയ്തിട്ടുണ്ടു്. "ബെങ്കാൾ കെമിക്കൽ വർക്സ്" എന്ന സ്ഥാപനം അദ്ദേഹത്തിന്റെയാണു്. ഇദ്ദേഹവും കൽക്കത്തയിൽ കരു പ്രൊഫസറായിരുന്നു. ഇദ്ദേഹം വി

വാഹം ചെയ്യിട്ടില്ല. തന്റെ സമ്പാദ്യം മുഴുവനും സാധുവിദ്യാർത്ഥികളെ സഹായിക്കുന്നതിനും മറ്റു ധർമ്മവിഷയങ്ങളിലേക്കും വിലവഴിച്ചുകൊണ്ടു വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ ഇദ്ദേഹം ഇന്നും കൽക്കത്തയിൽ ജീവിച്ചിരിക്കുന്നു. 1861-ൽ ജാതനായ ഇദ്ദേഹവും മഹാകവി രവീന്ദ്രടാഗോറും ഒരേ പ്രായക്കാരാണ്.

സി. വി. രാമൻ. സി. വി. രാമൻ 1888 നവമ്പർ 7-ാം തിയ്യതി തിരുച്ചിനാപ്പള്ളിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ ചന്ദ്രശേഖരയ്യർ അന്നു അവിടെ ഒരദ്ധ്യാപകനായിരുന്നു. ചന്ദ്രശേഖരയ്യർ വെങ്കിട്ടരാമൻ എന്നാണു രാമന്റെ മുഴുവൻ പേർ. അതു ചുരുക്കി സി. വി. രാമൻ എന്നാക്കി. "അയ്യർ" എന്ന സ്ഥാനം വിട്ടുകളഞ്ഞു. പിതാവു പിന്നീടു വാൽടെയർ മിസ്സിസ്സ്. എ. വി. എൻ. കോളേജിൽ ഒരു പ്രൊഫസരായി. കണക്കുശാസ്ത്രം പ്രകൃതിശാസ്ത്രം ഇവയായിരുന്നു അദ്ദേഹത്തിന്റെ ഐച്ഛികവിഷയങ്ങൾ. മകനും ഇവയിൽ അതിവാസന കാണിച്ചു.

രാമന്നു 13 വയസ്സായപ്പോൾ മദിരാശി പ്രസിഡൻസികോളേജിൽ ബി. എ. ക്ലാസ്സിൽ എത്തിക്കഴിഞ്ഞു. അദ്ദേഹം പ്രൊഫസർമാരുടെ കണ്ണിലുണ്ണിയായിരുന്നു. അദ്ദേഹം ബി. എ. പാസ്സായശേഷം എം. എ. പരീക്ഷയ്ക്കു പഠിച്ചു. എം. എ. പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഒന്നാമനായി പാസ്സായി. മദിരാശി സർവ്വകലാശാലയിൽ ഇങ്ങിനെ ഒരു വിജയം ഇതൊന്നാമതായിട്ടായിരുന്നു. ഇതിന്നുശേഷം സാമ്പത്തികവകുപ്പു മത്സരപരീക്ഷയ്ക്കു ചേർന്നു. അതിലും ഒന്നാമനായി.

ഉടനേതന്നെ ഇന്ത്യാഗവമ്മേണ്ടിലെ സാമ്പത്തികവകുപ്പിൽ ഡെപ്യൂട്ടി എിംക്കൗണ്ടൻറ് ജനറാൽ ആയി നിയമിതനായി. കൽക്കത്തയിലായിരുന്നു ഉദ്യോഗം, അവിടെ മൂന്നു കൊല്ലത്തെ താമസത്തിന്നിടയിൽ തൻറെ സ്വതസ്സിദ്ധമായ, ശാസ്ത്രീയഗവേഷണത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിന്നും നേതാക്കന്മാരുടെ സ്നേഹബഹുമാനങ്ങളും സമ്പാദിക്കുന്നതിന്നും സാധിച്ചു. റങ്കൂൺ, നാഗപുരം ഇവിടങ്ങളിൽ ഉദ്യോഗം സ്ഥലംമാറി പോകയുണ്ടായി. പിന്നേയും കൽക്കത്തയിൽ വന്നു. അന്നു സെർ അശുതോഷ് മുക്കർജിയുടെ ഉത്സാഹത്തിൽ കൽക്കത്ത സർവ്വകലാശാലയിലെ പ്രൊഫസറായി രാമൻ വീണ്ടും ശാസ്ത്രീയഗവേഷണത്തിൽ പ്രവേശിച്ചു. ഇദ്ദേഹം വിശ്വവിശ്രുതനായിത്തീർന്നു. 1929 ജൂൺ 3-ാം തിയ്യതി ചക്രവർത്തി തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്നു് കരുനൈറ്റ്ഹുഡ് നൽകി ബഹുമാനിച്ചു. യോഗ്യന്മാരായ ശിഷ്യന്മാർ അദ്ദേഹത്തിന്നുണ്ട്. പ്രകൃതിശാസ്ത്രത്തിൽ ചില പുതിയ സംഗതികളും അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹത്തിന്നു "നോബൽ സമ്മാനം" കിട്ടുകയുണ്ടായി. ഇപ്പോൾ അദ്ദേഹം ബങ്കളൂരിൽ അഖിലഭാരതശാസ്ത്രഗവേഷണശാലയുടെ പ്രവൃത്തികളും മേലന്വേഷണം ചെയ്യുവരുന്നു.

ശാസ്ത്രവിഷയത്തിൽ പ്രത്യേകമായ മൂന്നു വിഭാഗങ്ങളിൽ അദ്വിതീയരായി ഉയർന്നു വന്നിട്ടുള്ള ജെ. സി. ബോസ്സ്, പി. സി. റെയ്, സി. വി. രാമൻ എന്നീ മൂന്നു പേരും അദ്ധ്യാപകന്മാരായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ഇ. പത്രപ്രവർത്തനം.

പത്രപ്രവർത്തനത്തിനു രാഷ്ട്രീയജീവിതത്തിൽ ഒരു വലിയ സ്ഥാനമുണ്ട്. അതു എപ്പോഴും ഉത്തരവാദിത്വമുള്ള ഒരു പ്രവൃത്തിയാണു്. ഇന്ത്യയിൽ ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചാരമായതോടുകൂടി ഇംഗ്ലീഷു പത്രങ്ങളും ആവശ്യമായി വന്നു. ബങ്കാളം സംസ്ഥാനത്തെ പത്രപ്രവർത്തനത്തിൽ പ്രഥമഗണനാ ലോകമാന്യതിലകനാണു്. അദ്ദേഹം 1856-ൽ ജനിച്ചു് അഭ്യസുവിദ്യനായി രാഷ്ട്രീയസേവനം തുടങ്ങി. ഇദ്ദേഹത്തിനോടും കൂട്ടുകാരുടേയും ശ്രമത്തിൽ "മറാത്താ" "കേസരി" എന്നു രണ്ടു പത്രങ്ങളും പ്രസിദ്ധപ്പെടുത്തി. കശ്മലമായ വിമർശനങ്ങൾകൊണ്ടു ഈ പത്രങ്ങൾ വലിയ കായ്ങ്ങൾ സാധിച്ചു. രാജ്യസേവനത്തിനായി അദ്ദേഹം അനേകം കഷ്ടാരിഷ്ടങ്ങളും അനുഭവിച്ചിട്ടുണ്ടു്.

തിലകനു ബോംബെസംസ്ഥാനത്തെ പത്രപ്രവർത്തനത്തിലുള്ള സ്ഥാനം ബങ്കാളത്തിൽ സുരേന്ദ്രനാഥ ബാനർജിക്കുണ്ടു്. ഇദ്ദേഹം 1848-ൽ കൽക്കത്തയിൽ ജനിച്ചു. ഒരു പ്രസിദ്ധ വാഗ്മിയായിരുന്നു ഇദ്ദേഹം. "ബങ്കാളി" പത്രത്തിന്റെ പത്രാധിപരായിരുന്ന കാലത്തു് അദ്ദേഹം പത്രധർമ്മം യഥാവിധി അനുഷ്ഠിച്ചിരുന്നു. ഗവർമ്മെണ്ടിനെക്കുടി അദ്ദേഹം ലേഖനങ്ങൾ മൂലം "കിടുകിടെ" വിറപ്പിച്ചിട്ടുണ്ടു്. "അമൃതബസാർ പത്രിക" നടത്തിയിരുന്ന മോതിലാൽഘോഷനും ഈ അവസരത്തിൽ സ്മരണീയനാണു്.

മദിരാശിയിലും കഴിഞ്ഞുപോയ കസ്തൂരിരംഗയ്യരും കൂട്ടുകാരും "ഹിന്തു" പത്രത്തെ നല്ല ഒരു നിലയിലാക്കി

കൊണ്ടുവന്നിട്ടുണ്ട്. മറ്റു പ്രദേശങ്ങളിലും ഭേദപ്പെട്ട പരുത്തി ആവിർഭവിച്ചു. അവ ഇന്നും നടന്നുവരികയും ചെയ്യുന്നുണ്ട്. നാട്ടുഭാഷാപത്രങ്ങളുടെ എണ്ണവും വർദ്ധിച്ചുതന്നെ വരുന്നു.

എച്ച്. വ്യവസായം.

വ്യവസായവിഷയത്തിൽ ഇന്ത്യയിൽ മുന്നണിയിൽ നിൽക്കുന്നതു് താത്തമാരാണ്. ഇവരിൽ ഒന്നാം സ്ഥാനമുള്ളതു് മരിച്ചുപോയ "ജാംസെത്ജി നസർവാൻജിതാത്തെ"ക്കാണ് ഇദ്ദേഹത്തിന്റെ പിതാവു ചൈനയുമായി കച്ചവടം ചെയ്തിരുന്നു. ബോമ്പേയിലെ എൽഫിൻസ്റ്റൺ സ്കൂളിലെ പഠിപ്പുകഴിഞ്ഞപ്പോൾ പുത്രൻ പിതാവിന്റെ കൂടെ കച്ചവടത്തിൽ പ്രവേശിച്ചു. 1858-ൽ അദ്ദേഹം ഹോങ്കോങ്ങിലേക്കു് പോയി.

അന്നു ഇന്ത്യയുടെ കച്ചവടസ്ഥിതി വളരെ താണനിലയിലായിരുന്നു. ഇതു ഉയർത്തുന്നതിനായി ഉറ്റുനോക്കിയിരുന്ന താത്തക്കു് ഒരവസരം ലഭിച്ചു. അമേരിക്കയിൽ ഒരു അഭ്യന്തരകലഹമുണ്ടായി. അപ്പോൾ പതിവുപോലെ യൂറോപ്പിലേക്കു പരുത്തി അയച്ചുകൊടുപ്പാൻ അമേരിക്കക്കാർക്കു് സാധിക്കാതെ വന്നു. ഈ തരത്തിൽ താത്ത വലിയ കച്ചവടം നടത്തി. ഇംഗ്ലണ്ടും അമേരിക്കയും തമ്മിൽ യുദ്ധമായപ്പോൾ ഇംഗ്ലീഷുകാർക്കു സാമാനങ്ങൾ കൊടുത്തതും താത്തയാണ്. നാഗപുരത്തു് "എമ്പ്രസ്സ് മിൽ" തുറന്നു പരുത്തിവ്യവസായം ഏർപ്പെടുത്തിയതും താത്തയാണ്. ഇതു കൂടാതെ വേറെയും വ്യവസായങ്ങൾ താത്ത തുടങ്ങി നടത്തി. ഇവയിൽ

ഒന്നു ജാപ്പാൻകാരുമായി യോജിച്ചു തുടങ്ങിയ ഒരു കപ്പൽ വ്യവസായമാണ്.

പരുത്തിവ്യവസായം നല്ലനിലയിൽ എത്തിയപ്പോൾ പരുത്തി കൃഷിചെയ്യുന്നതിനും അദ്ദേഹം ശ്രമം തുടങ്ങി.

ഇരുമ്പുകൊണ്ടുള്ള സാമാനങ്ങൾ ഇപ്പോൾ ജാംഷെഡ്പുരത്തുള്ള താത്താ ഇരുമ്പുശാലയിൽ നിർമ്മിച്ചു വരുന്നു. തീവണ്ടിപ്പാതയിൽ വിരിപ്പാനുള്ള റേയിലുകൾ, ഇരുമ്പു കുഴലുകൾ, മുതലായ പല സാമാനങ്ങളും അവിടെ നിർമ്മിച്ചുവരുന്നുണ്ട്.

കൊച്ചിരാജ്യത്തും താത്താകമ്പനിക്കാരുടെ ഒരു ശാഖയുണ്ട്. അതു എറണാകുളത്താണു സ്ഥിതിചെയ്യുന്നതു്. കൊക്കോജം, സോപ്പു മുതലായ പദാർത്ഥങ്ങൾ അവിടെ ഉണ്ടാക്കിവരുന്നു.

അധികം കാലതാമസംകൂടാതെ താത്താ കമ്പനിക്കാർ മോട്ടോർകാർ മുതലായവയും ഇന്ത്യയിൽതന്നെ നിർമ്മിച്ചു വിദേശ വാണിജ്യകർക്കു് ഇന്ത്യയിൽനിന്നും പോകുന്ന വമ്പിച്ച തുകയിൽ കുറവു വരുത്തുമെന്നു നമുക്കാശിക്കാം.

ശുഭം.

വി. വി. പ്രസ്സ്, തൃശിവപേരൂർ.